بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 4-5

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജനുവരി 23–30/ഹി:ശം:1400 ഫതഹ് 23–30/ഹി:ഖ: 1441 ജ.അവ്വൽ 27 ജ.ആഖിർ 4


## അല്ലാഹുവിന്റെ വചനം

اَفَمَنِ اتَّبَعَ رِضۡوَانَ اللّٰہِ
کَمَنۡۢ بَآءَ بِسَخَطٍ مِّنَ اللّٰہِ
وَمَاۡوٰٮہُ جَہَنَّمُ ؕ
وَبِئۡسَ الۡمَصِیۡرُ ○

'അല്ലാഹുവിന്റെ തൃപ്തിയെ പിന്തുടരുന്ന ഒരുവൻ അല്ലാഹുവിൽനിന്നുള്ള കോപവും കൊണ്ട് മടങ്ങിയവനെപ്പോലെയാണോ? അവന്റെ വാസസ്ഥലം നരകമാണ്. ഏറ്റവും ദുഷിച്ച സങ്കേതമത്രെ അത്.'

(3:163)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**മനുഷ്യൻ ആദ്യം തന്റെ വിശ്വാസാദർശത്തിലും കർമങ്ങളിലും ദൃഷ്ടി പായിക്കേണ്ടത് അനിവാര്യമാണ്. എന്തുകൊണ്ടെന്നാൽ, പരിഷ്കരണം(ഇസ്‌ലാഹ്)കാര്യഹേതുക്കളുടെ രീതിയിലുണ്ടാകുന്നുവെന്നത് അല്ലാഹുവിന്റെ സമ്പ്രദായമാണ്. അവൻ പരിഷ്കരണത്തിന് നിമിത്തമാകുന്ന ഏതെങ്കിലുമൊക്കെ കാരണമുണ്ടാക്കുന്നു.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"കർമങ്ങൾ പ്രയോജനപ്പെടുത്താത്തവൻ ദുആ ചെയ്യുന്നില്ല എന്നത് സത്യമായ കാര്യമാണ്. എന്നല്ല അവൻ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദുആ ചെയ്യുന്നതിനു മുമ്പേ തന്റെ സകല കഴിവുകളും ചെലവഴിക്കേണ്ടത് നിർബന്ധമാകുന്നു. ഇതേ അർഥമാണ് ഈ ദുആയുടേത്. മനുഷ്യൻ ആദ്യം തന്റെ വിശ്വാസാദർശത്തിലും കർമങ്ങളിലും ദൃഷ്ടി പായിക്കേണ്ടത് അനിവാര്യമാണ്. എന്തുകൊണ്ടെന്നാൽ, പരിഷ്കരണം(ഇസ്‌ലാഹ്) കാര്യഹേതുക്കളുടെ രീതിയിലുണ്ടാകുന്നുവെന്നത് അല്ലാഹുവിന്റെ സമ്പ്രദായമാണ്. അവൻ പരിഷ്കരണത്തിന് നിമിത്തമാകുന്ന ഏതെങ്കിലുമൊക്കെ കാരണമുണ്ടാക്കുന്നു. ദുആ ചെയ്തു, അപ്പോൾപ്പിന്നെ കാര്യഹേതുക്കളുടെ ആവശ്യമെന്താണെന്ന് ചോദിക്കുന്നവർ ഇവിടെ അല്പം ചിന്തിക്കേണ്ടതാണ്. ദുആ സ്വയം ഒരു രഹസ്യമായ കാരണമാണ്, അത് മറ്റു കാര്യഹേതുക്കളെ ഉണ്ടാക്കുന്നു എന്നതിന്റെ സ്ഥാനത്ത് ആ അജ്ഞർ ചിന്തിച്ചുനോക്കട്ടെ. ദുആ ആവശ്യമായ ഇയ്യാക്ക നസ്ത്തയീൻനുമേൽ ഇയ്യാക്ക നഅ്ബുദുവിനെ മുന്തിക്കൽ ഇക്കാര്യത്തെ പ്രത്യേകമായി വ്യാഖ്യാനിക്കുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ നടപടിക്രമം, അവൻ കാര്യഹേതുക്കൾ സൃഷ്ടിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. നോക്കുക! അവൻ കാര്യഹേതുക്കൾ മുഖേന ദാഹം ശമിപ്പിക്കുന്നതിനുവേണ്ടി വെള്ളവും വിശപ്പടക്കുന്നതിനുവേണ്ടി ഭക്ഷണവും ലഭ്യമാക്കുന്നു. കാര്യഹേതുക്കളുടെ സൃഷ്ടിപ്പ് തീർച്ചയായും ഉണ്ടാകുന്നു. കാരണം മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് പറഞ്ഞതുപോലെ അല്ലാഹുവിനുള്ളത് ഈ രണ്ട് നാമം തന്നെയാണ്. *കാനല്ലാഹു അസീസൻ ഹക്കീമാ*(4:159) 'അസീസ്' എന്നാൽ എല്ലാ ജോലിയും ചെയ്യുക. 'ഹക്കീം' എന്നാൽ എല്ലാ ജോലിയും ഏതെങ്കിലും യുക്തിയോടുകൂടി സാഹചര്യവും സന്ദർഭവും അനുസരിച്ച് യോജിച്ച നിലയിൽ ചെയ്യുക. നോക്കൂ! ചെടികളും ഖരപദാർഥങ്ങളും പലതരത്തിലുള്ള പ്രത്യേകതകൾ ഉൾക്കൊള്ളുന്നു. 'തുർബുദ്' എന്ന ചെടിതന്നെ നോക്കുക. ഒന്നോ രണ്ടോ തോല കഴിച്ചാൽ വയറിളക്കമുണ്ടാകുന്നു; അങ്ങനെതന്നെയാണ് 'സഖ്മോനി' (ഒരുതരം പശ)യായും. ഇതൊന്നും കൂടാതെ വയറിളക്കം കൊണ്ടുവരാനും വെള്ളം കൂടാതെ ദാഹം ശമിപ്പിക്കാനും കഴിവുള്ളവനാണ് അല്ലാഹു. എന്നാൽ, പ്രകൃതിനിയമങ്ങളുടെ അത്ഭുതങ്ങളെ കുറിച്ച് അറിവ് നല്കേണ്ടതും നിർബന്ധമാണ്. കാരണം പ്രകൃതിനിയമങ്ങളുടെ അറിവുകൾ എത്രത്തോളം വർധിക്കുന്നുവോ അത്രത്തോളം മനുഷ്യൻ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളെക്കുറിച്ച് അറിഞ്ഞ് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ കഴിവുള്ളവനായിത്തീരുന്നു. വൈദ്യം, വാനനിരീക്ഷണം എന്നിവയിലൂടെ ആയിരക്കണക്കിന് പ്രത്യേകതകൾ അറിയാൻ കഴിയുന്നു.

### വസ്തുക്കളുടെ പ്രത്യേകതകളുടെ തന്നെ പേരാണ് അറിവ്

അറിവുകൾ എന്നു പറയുന്നതെന്താണ്? കേവലം വസ്തുക്കളുടെ പ്രത്യേകതകളുടെ നാമമാണ്. ഗ്രഹങ്ങളും നക്ഷത്രങ്ങളും ചെടികളുമൊന്നും ആകർഷണം ഉൾക്കൊള്ളുന്നില്ലായിരുന്നെങ്കിൽ അല്ലാഹുവിന്റെ 'അലീം' (സർവജ്ഞൻ) എന്ന സവിശേഷഗുണത്തിൽ വിശ്വസിക്കുക എന്നത് മനുഷ്യന് പ്രയാസമാകുമായിരുന്നു. അവൻ പറയുന്നു: വമൻ യുഅ്ത്തൽ ഹിക്മത്ത ഫഖദ് ഊത്തിയ ഖയറൻ കഥീറൻ (2:270)

### ഇഹ്ദിനസ്സ്വിറാത്തൽമുസ്തഖീം എന്നതിന്റെ ഉദ്ദേശ്യം

അതിനാൽ ഇഹ്ദിനസ്സ്വിറാത്തൽമുസ്തഖീം എന്നതിന്റെ ഉദ്ദേശ്യം, ഈ ദുആ ചെയ്യുന്ന നേരത്ത് മുൻഅംഅലയ്ഹിം(അനുഗ്രഹിക്കപ്പെട്ട) ആളുകളുടെ കർമങ്ങളും സ്വഭാവങ്ങളും വിശ്വാസാദർശങ്ങളും അനുകരിക്കണമെന്നാണ്. മനുഷ്യൻ കഴിയുന്നിടത്തോളം വിശ്വാസാദർശങ്ങളും സ്വഭാവങ്ങളും കർമങ്ങളുംകൊണ്ട് പണിയെടുക്കണം. മനുഷ്യൻ തന്റെ ശക്തികൊണ്ട് പണിയെടുക്കാത്തിടത്തോളം അവന് അഭിവൃദ്ധിപ്പെടാൻ കഴിയുകയില്ലെന്ന് നിങ്ങ ൾക്ക് കാണാൻ കഴിയും. അല്ലെങ്കിൽ അവയെ യഥാർഥ ഉദ്ദേശ്യത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും അകറ്റി അതിനെ സൃഷ്ടിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ജോലി അവയിൽനിന്ന് എടുക്കുകയാണെങ്കിൽ അപ്പോഴും അവയ്ക്ക് പുരോഗതിയുടെ വഴിയിൽ വളരാൻ കഴിയുകയില്ല.

കണ്ണുകൾ നാല്പതു ദിവസം അടച്ചുവെച്ചാൽ കാണാനുള്ള ശക്തി അവയ്ക്ക് നഷ്ടപ്പെടുന്നതായിരിക്കും. അതുകൊണ്ട് നമ്മിലുള്ള കഴിവുകളെ, അതിന്റെ സ്വാഭാവികമായ ജോലികളിൽ ഏർപെടുത്തുകയാണെങ്കിൽ കൂടുതൽ ശക്തി കിട്ടുന്നതാണ്; ഇത് നിർബന്ധമായ കാര്യവുമാണ്. കർമപരമായ കഴിവുകളെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അല്ലാഹു അതിൽ ബർക്കത്ത് ഇറക്കുന്നുവെന്നത് നമ്മുടെ അനുഭവമാണ്. പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്, ഒന്നാമതായി വിശ്വാസാദർശങ്ങളും സ്വഭാവങ്ങളും കർമങ്ങളും ശരിയായിരിക്കണം. പിന്നീട് ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം എന്ന ദുആ ചെയ്യണം. അപ്പോൾ അതിന്റെ സ്വാധീനശക്തി പൂർണമായ നിലയിൽ പ്രകടമാകുന്നതായിരിക്കും.

### കരുണ ചെയ്യപ്പെട്ട ഉമ്മത്ത് എന്ന് പറയാൻ കാരണം

വിപരീതമായി വിപത്തുകൾ ഉണ്ടാകാൻ തുടങ്ങിയിരുന്ന കാലത്താണ് കരുണ ചെയ്യപ്പെട്ട(ഉമ്മത്തെ മർഹൂമ) ഈ സമുദായം ഉണ്ടായതെന്ന് പ്രത്യേകമായ നിലയിൽ മനസ്സിലാകുന്നു. പാപങ്ങളിലേക്കും കുറ്റങ്ങളിലേക്കുമുള്ള മനുഷ്യന്റെ പ്രവർത്തനം ഒരു കല്ല് താഴേക്കുവീഴുന്നതുപോലെയാണ് ഉണ്ടായത്. 'ഉമ്മത്തെ മർഹൂമ' എന്നു പറയുന്നത് പാപം ശക്തമായുണ്ടായിരുന്നതുകൊണ്ടാണ്. അല്ലാഹു പറഞ്ഞു: ള്വഹറൽഫസാദു ഫിൽബർറി വൽബഹ്രി (30:42) മറ്റൊരിടത്ത് പറയുന്നു. യുഹ്‌യിൽഅർള ബഅ്ദ മൗത്തിഹാ (30:20) ഈ എല്ലാ വചനങ്ങളും നോക്കുമ്പോൾ മനസ്സിലാകുന്നത് ഈ രണ്ടു വചനത്തിലും അല്ലാഹു രണ്ടു ചിത്രം കാണിച്ചിരിക്കുന്നുവെന്നാണ്. ഒന്നാമത്തേത് നബി(സ)തിരുമേനി ജനിച്ച കാലഘട്ടമാണ്. അക്കാലത്തും ദുൻയാവിന്റെ അവസ്ഥ അ ങ്ങേയറ്റം കരുണാർഹമായിത്തീർന്നിരുന്നു. ധാർമികത, കർമങ്ങൾ, വിശ്വാസാദർശങ്ങൾ തുടങ്ങി എല്ലാത്തിന്റേയും പേരും അടയാളവുംപോലും ഉയർന്നുപോയിരുന്നു. അതുകൊണ്ടാണ് ഈ 'ഉ മ്മത്തിനെ കരുണ ചെയ്യപ്പെട്ടത്' എന്നു പറഞ്ഞത്. കാരണം ആ കാലത്ത് വലിയ കരുണയുടെ ആവശ്യമുണ്ടായിരുന്നു. അതിനാലാണ് നബി(സ) തിരുമേനിയോട് പറഞ്ഞത് മാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽആലമീൻ (21:108)

പാമ്പുകളുടെ നാട്ടിൽ നടക്കാൻ കല്പിക്കപ്പെട്ടിട്ടുള്ളവനാ ണ് കരുണാർഹൻ; അപകടങ്ങളും കഠിനമായ വിപത്തുകളും അഭിമുഖീകരിക്കേണ്ടിവരുന്നവൻ. അതിനാൽ 'കരുണ ചെയ്യപ്പെട്ട' സമുദായം എന്നു പറയുന്നത് ഈ കരുണാർഹതയാണ്. മനുഷ്യന് ദുഷ്ക്കരമായ ജോലികൾ നല്കപ്പെടുമ്പോൾ ആ പ്രയാസം കരുണാർഹമാകുന്നു. ദ്രോഹങ്ങളിൽ പരിചയസമ്പന്നരായ തിന്മ ആഗ്രഹിക്കുന്ന കുറ്റവാളികളോടുള്ള പോരാട്ടം; പിന്നെ നിരക്ഷിതനും! നാം നിരക്ഷരനാണ് എന്ന് ഹദ്റത്ത്(സ) പറഞ്ഞതുപോലെ! കണക്കറിയില്ല! നിരക്ഷരരായ ആളുകൾക്ക് ദ്രോഹികളായ ജനതകളുമായി പോരാടേണ്ടിവന്നു. അവരാണെങ്കിൽ കുതന്ത്രങ്ങളിലും ദ്രോഹങ്ങളിലും പരിചയമുള്ളവരായിരുന്നു. അതുകൊണ്ട് ഇതിന്റെ പേര് 'ഉമ്മത്തെ മർഹൂമ' കരുണ ചെയ്യപ്പെട്ട സമുദായം എന്നുവെച്ചു. അല്ലാഹു മുസ്‌ലിമീങ്ങളെ കരുണാർഹരാണെന്ന് മനസ്സിലാക്കിയതിൽ മുസ്‌ലിമീങ്ങൾ എത്രമാത്രം സന്തോഷിക്കേണ്ടതാണ്. ആദ്യമൊക്കെ ഉപദേശികളായ പ്രവാചകന്മാർ വന്നിരുന്നത് കുതന്ത്രങ്ങളെകുറിച്ചൊന്നും പരിചയമില്ലാത്ത ജനങ്ങളിലായിരുന്നു. ചിലർ തങ്ങളുടെ തന്നെ ജനതയിൽ വന്നിരുന്നു. പക്ഷേ, ഇപ്പോൾ ജനങ്ങൾ കുതന്ത്രങ്ങളിലും ഭൗതികവിദ്യാഭ്യാസത്തിലും തത്ത്വശാസ്ത്രങ്ങളിലും സയൻസിലും വിദഗ്ധരാണ്. സച്ചരിതരായ ആളുകൾക്ക് ഈ ലോകത്തിലെ ബാഹ്യമായ വിദ്യകളിലും ഭൗതികമായ ബുദ്ധികളിലും അവരുടെ അതിസൂക്ഷ്മമായ പദ്ധതികളുമായി വളരെ കുറച്ചു ബന്ധമേയുള്ളൂ. ഒരു ഹദീഥിൽ വന്നിരിക്കുന്നു, 'ഈസാ! ഞാൻ നിന്റെ ശേഷം ഒരു സമുദായത്തെ സൃഷ്ടിക്കുന്നവനാകുന്നു. അവർക്ക് ബുദ്ധിയുണ്ടാകുകയില്ല. അറിവും ഉണ്ടാകുകയില്ല.' അതായത് നിരക്ഷരൻ ആയിരിക്കുമെന്ന്! അവിടന്ന് ചോദിച്ചു: യാ റബ്ബി കയ്ഫ യഅ്രിഫൂന്നക്ക. അല്ലാഹുവേ! അവർ അറിവും ബുദ്ധിയും ഇല്ലാത്തവരാകുമ്പോൾ നിന്നെ എങ്ങനെയാണ് തിരിച്ചറിയുക? അല്ലാഹു പറഞ്ഞു: 'ഞാൻ എന്റെ അറിവും ബുദ്ധിയും അവർക്ക് നല്കുന്നതായിരിക്കും."

**(മൽഫൂദാത്ത്, വാല്യം 1, പേജ് 106–107, 2018 ഖാദിയാൻ)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 23, ചൊവ്വാഴ്ച: ഹുദൂറിന്റെ പ്രഭാഷണം.(തുടർച്ച...)

ഇസ്‌ലാമിക സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ മാനവസേവയെ കുറിച്ചുള്ള ചില ഉദാഹരണങ്ങൾ വിശുദ്ധ ഖുർആനിലെ വചനങ്ങളുടെ വെളിച്ചത്തിൽ സമർപിക്കുകയാണ്.

'ഈ ആധുനിക കാലഘട്ടത്തിൽ അധികവും ഉയരുന്ന ഒരു വിമർശനം മുഹമ്മദ് നബി(സ) (നഊദു ബില്ലാഹ്) ഒരു യുദ്ധകൊതിയനായ നേതാവാണെന്നും തന്റെ അനുയായികൾക്ക് ഭീകരവാദം പഠിപ്പിക്കുന്നുവെന്നുമാണ്. എന്നാൽ, യാഥാർഥ്യത്തിന് തികച്ചും നിരക്കാത്ത കാര്യമാണ് ഇതെന്ന് വ്യക്തമായും മനസ്സിലാക്കണം. അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതത്തിന്റെമേൽ അനീതിപരമായ ആരോപണങ്ങൾ മാത്രമാണിത്. നബി(സ) തിരുമേനി എല്ലാ സമുദായത്തിന്റേയും തലമുറകളുടേയും വിവിധവിശ്വാസങ്ങളുടേയും അനുയായികളുടേയും അവകാശങ്ങൾ സംരക്ഷിച്ചു. സർവലോകത്തിനും അദ്ദേഹം കാരുണ്യമായിരുന്നു. നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിൽ നിന്ന് മനുഷ്യകുലത്തിനു വേണ്ടി അറ്റുപോകാത്ത സ്നേഹം നിർഗളിക്കാറുണ്ടായിരുന്നു. ഉദാഹരണമായി, ഒരവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു:

'ഞാൻ ദുർബലരുടെ കൂടെയാകുന്നു. കാരണം ദുർബലരുടേയും പാവപ്പെട്ടവരുടേയും കൂടെ നിൽക്കുക എന്നത് അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള മാർഗമാണ്.'

'പാവപ്പെട്ടവരുടെ വിശപ്പ് നീക്കിക്കൊടുക്കുന്നവരിലും അവരെ ചികിത്സിപ്പിക്കുന്നവരിലും ദൈവം വളരെ സന്തോഷിക്കുന്നു' എന്ന അധ്യാപനം നബി(സ)തിരുമേനി നല്കുകയുണ്ടായി. അതുകൊണ്ട് മുസ്‌ലിമെന്ന് വാദിക്കുന്നവരുടെ സുപ്രധാനവും അനിവാര്യവുമായ ഉത്തരവാദിത്വമാണ്, എല്ലാ കഷ്ടമനുഭവിക്കുന്നവരേയും സഹായിക്കുക എന്നത്. അവരുടെ ബുദ്ധിമുട്ടുകളും തടസ്സങ്ങളും നീക്കാൻ സമ്പൂർണ ശ്രമം നടത്തുക എന്നത്.

ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ പ്രകാശിപ്പിക്കാൻ വേണ്ടി അല്ലാഹു ഏതൊരു വ്യക്തിയെയാണോ അയക്കേണ്ടിയിരുന്നത് അത് വാഗ്ദത്ത മസീഹെന്നും മഹ്ദി മഅ്ഹൂദെന്നും ഞങ്ങൾ വിശ്വസിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരാണെന്നതാണ് ഞങ്ങളുടെ വിശ്വാസം. ഇസ്‌ലാമിന്റെ യഥാർഥ അടിസ്ഥാനം എന്താണെന്നു വെളിപ്പെടുത്താൻ വന്ന അദ്ദേഹം അതിന്റെ അധ്യാപനങ്ങൾ ലോകത്ത് സർവ്വയിടത്തും എത്തിക്കുകയുണ്ടായി. ഒരു ഭാഗത്ത് അദ്ദേഹം അമുസ്‌ലിമീങ്ങളുടെ മുമ്പിൽ ഇസ്‌ലാമിന്റെ പ്രകാശത്തെ പ്രോജ്ജ്വലിപ്പിക്കാനാണ് വന്നതെങ്കിൽ മറുവശത്ത് സ്വന്തം മതത്തിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നു കളഞ്ഞ മുസ്‌ലിമീങ്ങളെ വിശുദ്ധ ഖുർആനിലേക്കും നബി(സ)തിരുനബി സമർപിച്ച ഇസ്‌ലാമിലേക്കും മടക്കിക്കൊണ്ടുവരാനുള്ള പരിഷ്കരണത്തിനു വേണ്ടിയാണ്. സർവോപരി അല്ലാഹുവിന്റേയും അവന്റെ സൃഷ്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കാൻ അദ്ദേഹം മനുഷ്യകുലത്തോട് ആഹ്വാനം ചെയ്തു. ഒരവസരത്തിൽ അദ്ദേഹം പറയുകയുണ്ടായി:

'മാനവസേവനം യഥാർഥത്തിൽ മഹോന്നതനായ ദൈവത്തെ ആരാധിക്കലാണ്.'

മറ്റൊരവസരത്തിൽ അദ്ദേഹം പറയുകയുണ്ടായി: 'ഏതെങ്കിലും വ്യക്തി ബുദ്ധിമുട്ടനുഭവിക്കുമ്പോൾ ഞാൻ നിർബന്ധ നമസ്കാരം അനുഷ്ഠിക്കുകയാണെങ്കിൽപോലും എന്റെയടുക്കൽ അദ്ദേഹത്തിന്റെ യാതനയുടെ ശബ്ദം എത്തുകയാണെങ്കിൽ എന്റെ നമസ്കാരം അവസാനിപ്പിച്ച് അവരെ സഹായിക്കാൻപോകണമെന്നതാണ് എന്റെയവസ്ഥ.'

വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'ഏതെങ്കിലും ഒരു സഹോദരന് അവശ്യ സമയത്ത് സഹായം നല്കുന്നത് വിസമ്മതിച്ചാൽ അത് തികച്ചും തെറ്റും സദാചാര വിരുദ്ധമായ പ്രവൃത്തിയും ആകുന്നു.'

ആ മഹാത്മാവ് തുടരുന്നു: 'ഏതെങ്കിലും വ്യക്തിയുടെയടുക്കൽ ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തിയെ സഹായിക്കാൻ പ്രത്യക്ഷമായ മാർഗങ്ങളൊന്നുമില്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് അദ്ദേഹം പരിശുദ്ധമായ തീരുമാനത്തോടു കൂടി ദൈവത്തോട് ആ ബുദ്ധിമുട്ടുകൾ മാറ്റിക്കൊടുക്കാൻ പ്രാർഥിക്കാവുന്നതാണ്.'

'ദുആ സ്വീകാര്യതയ്ക്കും പരിശുദ്ധവും നിർമലവുമായ ഒരു ഹൃദയം ആവശ്യമാണെന്ന അധ്യാപനമാണ് അദ്ദേഹം നമുക്ക് നല്കിയിട്ടുള്ളത്. അതുകൊണ്ട് മുസ്‌ലിമീങ്ങളുടെ ബാധ്യതയാണ്, ഇതരരുടെ കഷ്ടാവസ്ഥ കണ്ടുകൊണ്ട് അവരോട് ദയാപുരസ്സരം പെരുമാറുക എന്നത്. അവരുടെ ബുദ്ധിമുട്ട് സ്വന്തം ബുദ്ധിമുട്ടായി കരുതുക എന്നും ആ മഹാത്മാവ് നിർദേശിക്കുകയുണ്ടായി.'

മറ്റൊരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഞാൻ മറ്റുള്ളവരെക്കാളുപരി ആളുകളോടു അപേക്ഷിക്കുന്നത് അവർ അമുസ്‌ലിംകളോടു, അതായത് ഹിന്ദുക്കളോടും മറ്റാളുകളോടും നല്ല സ്വഭാവത്തോടും സ്നേഹത്തോടും കൂടി പെരുമാറുകയെന്നാണ്.'

മസീഹ് മൗഊദ്(അ) പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ബന്ധുക്കളോടു സ്നേഹത്തോടെ പെരുമാറുന്നതുപോലെ അല്ലാഹുവിന്റെ സൃഷ്ടികളോടും പെരുമാറുക. ഒരു മാതാവ് തന്റെ കുട്ടികളോടു പെരുമാറുന്നതുപോലെ മനുഷ്യകുലത്തോടു പെരുമാറുക. നിങ്ങളുടെ രീതി ഇതായിരിക്കേണ്ടതാണ്. നിങ്ങൾക്ക് പിന്നീട് പ്രയോജനമുണ്ടാകണം എന്ന നിലയിൽ മറ്റുള്ളവരെ നിങ്ങൾ സഹായിക്കരുത്.'

ഇതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'വിശുദ്ധഖുർആനിലെ 'നഹ്ൽ' എന്ന അധ്യായത്തിന്റെ 91-ാം വചനത്തിൽ അല്ലാഹു മുസ്‌ലിമീങ്ങളോടു കല്പിക്കുന്നു: 'നീ തിയോടുകൂടി പ്രവർത്തിക്കുക. മറ്റുള്ളവർക്ക് നന്മ ചെയ്യുക. നിങ്ങളോടു ഒരു നന്മയും ചെയ്യാത്തവരോടും നിങ്ങൾ നല്ലനിലയിൽ പെരുമാറുക. എന്നല്ല അതിനേക്കാളുപരി നിങ്ങൾ അവരോടു നന്മ ചെയ്യേണ്ടതാണ്. ഒരു മാതാവ് തന്റെ കുട്ടിയെ ശ്രദ്ധിക്കുന്നതുപോലെ അവരുടെ കാര്യങ്ങൾ നോക്കുക.' ഇത് എത്രമാത്രം നല്ലതും ഉന്നതുമായ അധ്യാപനമാണ്. നമുക്ക് എല്ലാവർക്കും മാതാവിന്റെ സേവനം പരിചയമുള്ളതാണ്. മാതാവ് അതിന് ഒരു പ്രതിഫലവും ആഗ്രഹിക്കുന്നില്ല; മാതാവ് തന്നെക്കാൾ കൂടുതൽ തന്റെ കുട്ടിയെ സ്നേഹിക്കുന്നു. തന്റെ മക്കളുടെ സംരക്ഷണത്തിന്റെ ചിന്തയുടെ ദൃഢനിശ്ചയം ഒരിക്കലും അയഞ്ഞുപോകുകയില്ല. അതുകൊണ്ട് ഇസ്‌ലാം മുസ്‌ലിമീങ്ങളോടു ആവശ്യപ്പെടുന്നത് അവർ മാതാവിന്റെ പ്രതിഫലേച്ഛ കൂടാതെയുള്ള സ്നേഹം പോലെ തങ്ങളുടെ മക്കളോടു മാത്രമല്ല പ്രത്യുത മുഴുവൻ മനുഷ്യരേയും സ്നേഹിക്കുക എന്നാണ്.

ഹുദൂർ പറയുന്നു: 'പ്രാവർത്തികമായ നിലയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റുള്ളവരെ സേവിക്കുന്നതിനുള്ള ഒരു അവസരവും വിട്ടുകളഞ്ഞിട്ടില്ല. ഉദാഹരണത്തിന് 19-ാം നൂറ്റാണ്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇന്ത്യയിലെ ഒരു ചെറിയ ഗ്രാമത്തിൽ താമസിച്ചു. അവിടെ ഔഷധങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, മനുഷ്യകുലത്തെ സേവിക്കണമെന്ന വികാരംകൊണ്ട് അവിടന്ന് വൈദ്യശാസ്ത്രം പഠിച്ചു. വീട്ടിൽ നിരവധി മരുന്നുകൾ സൂക്ഷിച്ചു. തദ്ദേശവാസികൾ ആ മഹാത്മാവിന്റെ അടുക്കൽവന്നു. അവിടന്ന് മതവും വ്യക്തിത്വവും ഒന്നും നോക്കാതെ അവരുടെ ആവശ്യമനുസരിച്ച് മരുന്നുകൾ നല്കി. ധാരാളമാളുകൾ പ്രത്യേകിച്ചും ദരിദ്രരും നിരാലംബരുമായവർ ആ സൗകര്യത്തിൽനിന്ന് ഒരുപാട് ഫലമെടുത്തു. അതിന്റെ പിന്നിലെ ലക്ഷ്യം മനുഷ്യകുലത്തെ സേവിക്കുക എന്നതു മാത്രമായിരുന്നു. ഈ വൻ ഖജനാവും വിലപിടിച്ച അവകാശവുമാണ് ആ മഹാത്മാവ് ജമാഅത്തിനുവേണ്ടി വിട്ടുപോയത്. അഹ്മദിയ്യാ ജമാഅത്ത് മാനവരാശിയെ മുഴുവൻ സേവിക്കുന്നതിന്റെ പിന്നിലെ ഒരേയൊരു ഉദ്ദേശ്യവും ആഗ്രഹവും എല്ലാ മനുഷ്യരുടേയും ബുദ്ധിമുട്ടുകളും ദുഃഖവും അകറ്റുക എന്നതാണ്. ഇക്കാരണത്താലാണ് ഹ്യൂമാനിറ്റി ഫസ്റ്റ് ഇന്ന് ലോകത്തിന്റെ ഈ ഭാഗത്ത് തങ്ങളുടെ ആദ്യത്തെ ആശുപത്രി തുറക്കുന്നത്.'

ഹുദൂർ പറഞ്ഞു: 'ഞാൻ ആത്മാർഥമായി ദുആ ചെയ്യുകയാണ്. ഈ ആശുപത്രി അതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുമാറാകട്ടെ. മത, വർഗ, വർണത്തിനതീതമായി ജനങ്ങളുടെ വിഷമങ്ങൾ അകറ്റുന്നതിനുള്ള ഒരു ഉത്തമ മാർഗമാകട്ടെ. ഞാൻ ആദ്യം പറഞ്ഞതുപോലെ നമുക്ക് ലോകത്തിന്റെ ഒരുതരത്തിലുള്ള പ്രശംസയും പ്രതിഫലവും പേരും ആവശ്യമില്ല. നമ്മുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി മാത്രമാണ്. സ്നേഹം കരസ്ഥമാക്കലാണ്. 'മാനവസേവനം നമ്മുടെ ജീവിതങ്ങളുടെ യഥാർഥ ഉദ്ദേശ്യം പൂർത്തിയാക്കലും അല്ലാഹുവിന്റെ സമ്മാനങ്ങളും കൃപാതിരേകങ്ങളും കരസ്ഥമാക്കാനുള്ള മാർഗവുമാണെന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വചനം നമുക്ക് എപ്പോഴും വഴികാട്ടിയാണ്.'

ഹുദൂർ പറഞ്ഞു: 'എനിക്ക് ദൃഢവിശ്വാസമുണ്ട്. ഇപ്പോൾ നിങ്ങൾക്കെല്ലാവർക്കും വ്യക്തമായിട്ടുണ്ടാകും. നമ്മൾ ഈ ആശുപത്രി എന്തെങ്കിലും സാമ്പത്തികനേട്ടത്തിനോ പ്രസിദ്ധി കരസ്ഥമാക്കുന്നതിനോ വേണ്ടി ഉണ്ടാക്കിയിട്ടില്ല. മറിച്ച് നമ്മുടെ ഉദ്ദേശ്യം ഇതൊന്നു മാത്രമാണ്. അതായത് ഈ രാജ്യത്തിലെ ജനങ്ങൾക്ക് ഉന്നതമായ ചികിത്സകൾ ലഭ്യമാക്കി അവരെ സേവിക്കുക. നിങ്ങൾ ദൃഢമായും വിശ്വസിക്കുക, ഈ ആശുപത്രി മുഖേന ഏതൊരു ഫണ്ട് ഉണ്ടായാലും അത് ഗ്വാട്ടിമാലയിലെ ജനങ്ങളെ കൂടുതൽ സേവിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതായിരിക്കും. ഒരു പൈസപോലും ഗ്വാട്ടിമാലയ്ക്ക് വെളിയിൽ അയക്കപ്പെടുകയില്ല. രോഗികളുടെ ഫീസ് മുഖേന ഉണ്ടാകുന്ന വരുമാനം വീണ്ടും ഗ്വാട്ടിമാലയിലെ ജനങ്ങളിൽതന്നെ ചെലവഴിക്കപ്പെടും; ചികിത്സിക്കാൻ കഴിവില്ലാത്തവർക്ക് കുറഞ്ഞ ചെലവിലോ തികച്ചും സൗജന്യമായോ ചികിത്സ ലഭ്യമാക്കുന്നതാണ്. അതിനു പുറമെ എന്തു വരുമാനമുണ്ടായാലും ഈ ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നതാണ്. അല്ലെങ്കിൽ ഇവിടുത്തെ ജനങ്ങളുടെ സേവനത്തിനു ഉപയോഗിക്കുന്നതാണ്. മാനവകുലത്തിനുവേണ്ടി നമ്മൾ മുമ്പേ ചെയ്തുകഴിഞ്ഞിട്ടുള്ള സേവനത്തിന്റെ സത്യത ഞാൻ പറഞ്ഞ കാര്യങ്ങൾ സ്ഥാപിച്ചു കാണിക്കുന്നതാണ്. എവിടെയൊക്കെ നമ്മൾ ആശുപത്രിയും സ്കൂളുകളും ഉണ്ടാക്കിയിട്ടുണ്ടോ അവിടെ നിന്ന് കര

(ശേഷം പേജ് 16ൽ)

# ഖുത്ബ ജുമുഅ

ഏതെങ്കിലും യാത്ര കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തുമ്പോൾ മസ്ജിദിലെത്തി രണ്ട് റക്അത്ത് നമസ്കരിക്കുക എന്നത് നബി(സ)തിരുമേനിയുടെ സുന്നത്തായിരുന്നു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ വാഖ്ഫീ, ഹദ്റത്ത് മുറാറ ബിൻ റബീഅ് ഉംരീ, ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ (റളിയല്ലാഹു അൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

വാളെടുത്തുള്ള യുദ്ധത്തിന്റെ ആരംഭവും നബി(സ)തിരുമേനിയുടെ പ്രതിരോധപരമായ നടപടികളുടെ ചർച്ചയും

സത്യനിഷേധികളുടെ ഉപദ്രവത്തിൽനിന്ന് മുസ്‌ലിമീങ്ങളെ സുരക്ഷിതരാക്കിവെക്കുന്നതിനുള്ള നബി(സ)തിരുമേനിയുടെ നാലു തന്ത്രങ്ങൾ

ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന അൽഫള്ൽ ദിനപത്രത്തിന്റെ ഓൺലൈൻ വെബ്സൈറ്റിന്റെ ആരംഭവിളംബരവും ഹ്രസ്വവിവരണവും.

പരേതനായ മിർസാ ഹഫീള് അഹ്മദ് സാഹിബിന്റെ ഭാര്യ സയ്യിദ തൻവീറുൽ ഇസ്‌ലാം സാഹിബയുടേയും അമേരിക്കയിലെ സിസ്റ്റർ ഹാജ ശക്കൂറ നൂരിയ സാഹിബയുടേയും മരണവും പരേതാത്മാക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2019 ഡിസംബർ 13/1398 ഫതഹ് 13**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായെ കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. അതിൽ തബൂക് യുദ്ധത്തെ കുറിച്ചുള്ള സ്മരണയും വന്നു. ഹദ്റത്ത് ഹിലാൽ തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വിട്ടുനിന്ന മൂന്ന് ആളുകളിൽ ഉൾപ്പെടുന്നു. നബി(സ) തിരുമേനി യുദ്ധത്തിൽനിന്ന് തിരികെ എത്തിയപ്പോൾ ഈ ആളുകളോട് തന്റെ നീരസം പ്രകടിപ്പിച്ചു. കുറച്ചു ശിക്ഷയും നല്കി. അതിൽ അവർ മൂവരും വലിയ അസ്വസ്ഥതയിൽ ആയിരുന്നു. അല്ലാഹുവിലേക്ക് കുനിഞ്ഞ് തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവർ മൂവരുടെയും വിലാപം അല്ലാഹുവിന്റെ സമക്ഷം സ്വീകരിക്കപ്പെട്ടു. അതിൽ ഹദ്റത്ത് ഹിലാലും ഉൾപ്പെടുന്നു. അവർക്ക് നല്കിയ മാപ്പിനെ സംബന്ധിച്ച് അല്ലാഹു ആയത്തും ഇറക്കി. എന്തായാലും സ്വഹാബത്ത് ഈ യുദ്ധത്തിനുള്ള തയ്യാറെടുപ്പിൽ എത്രത്തോളം ത്യാഗങ്ങൾ ചെയ്തിരുന്നുവെന്നതിനെ കുറിച്ചും വിവരിക്കപ്പെട്ടിരിക്കുന്നു. മനസ്സിൽ കാപട്യമുള്ളവർ ഇതിൽ പങ്കെടുത്തിരുന്നില്ല എന്ന വിവരവും ഇതിൽ പറയുന്നുണ്ട്. അവർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒഴികഴിവുകൾ പറഞ്ഞു. ചിലർ തുടക്കത്തിൽത്തന്നെ പോകുന്നത് നിഷേധിച്ചിരുന്നു. അവിടന്ന് അത്തരം കപടവിശ്വാസികളുടെ കാര്യം അല്ലാഹുവിൽ വിട്ടു. ഇതു സംബന്ധമായി കുറച്ച് കാര്യങ്ങൾ കൂടിയുണ്ട്. അത് ഇപ്പോൾ വിവരിക്കുന്നതാണ്.

നബി(സ) തിരുമേനിയോടൊപ്പം പോകാതിരിക്കുന്നതിന് മുൻഗണന നല്കിയവരിൽ ജദ്ദ് ബിൻ ഖയ്സ് എന്നൊരു വ്യക്തിയുണ്ടായിരുന്നു. നബി(സ)തിരുമേനി അയാളോട് ചോദിച്ചു: 'റോമക്കാരുമായുള്ള യുദ്ധത്തിൽ ഞങ്ങളോടൊപ്പം താങ്കൾ വരില്ലേ?' അപ്പോൾ അയാൾ ഇങ്ങനെയൊരു തന്ത്രമുണ്ടാക്കി. അതായത് 'സ്ത്രീകൾമൂലം താൻ ഫിത്നയിൽ അകപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ പരീക്ഷണത്തിൽ അകപ്പെടുത്താതിരിക്കുക' എന്ന് അയാൾ പറഞ്ഞു. നബി(സ) തിരുമേനി അയാളിൽ നിന്നു മുഖംതിരിക്കുകയും അയാൾക്ക് അനുവാദവും നല്കുകയും ചെയ്തു. അപ്പോൾ അല്ലാഹു ഈ ആയത്ത് ഇറക്കി.

*വ മിൻഹും മൻയ്യഖൂലുഅ്ദൻല്ലീ വലാ തഫ്ത്തിന്നീ അലാ ഫിൽ ഫിത്നത്തി സഖത്വൂ വ ഇന്ന ജഹന്നമ ല മുഹീത്വത്തുൻ ബിൽ കാഫിരീൻ* (തൗബ: 9)

അതായത്, എനിക്ക് അനുമതി നല്കിയാലും, എന്നെ പരീക്ഷണത്തിൽ ആക്കരുതേ! എന്ന് നിന്നോട് പറയുന്ന ചിലരും അവരിലുണ്ട്. അറിയുക, അവർ പരീക്ഷണത്തിൽ വീണുകഴിഞ്ഞിരിക്കുന്നു. തീർച്ചയായും സത്യനിഷേധികളെ നരകം എല്ലാ വശത്തു കൂടിയും വലയം ചെയ്തിരിക്കുകയാണ്.

മദീനയിലെ ഒരു യഹൂദിയുടെ പേര് സുവയ്‌ലം എന്നായിരുന്നു. അയാൾ മദീനയിലെ 'ജാസൂം' പ്രദേശത്താണ് താമസിച്ചിരുന്നത്. അതിനെ 'ബിഅ്‌രെ ജാസിം' എന്നും പറയുന്നു. മദീനയിൽനിന്നു സിറിയയിലേക്കു പോകുന്ന ഭാഗത്ത് അബൂൽഹയ്ഥം ബിൻ തെയ്ഹാന്റെ ഒരു കിണർ ഉണ്ടായിരുന്നു. അതിലെ വെള്ളം വളരെ നല്ലതായിരുന്നു. നബി(സ)തിരുമേനിയും അതിലെ വെള്ളം വളരെയധികം ഇഷ്ടപ്പെട്ടിരുന്നു.

ആ യഹൂദിയുടെ വീട് കപടവിശ്വാസികളുടെ താവളമായിരുന്നു. കപടവിശ്വാസികൾ അവിടെ ഒരുമിച്ച് കൂടുന്നുവെന്ന വിവരം നബി(സ) തിരുമേനിക്കു ലഭിച്ചു. നബി(സ) തിരുമേനിയോടൊപ്പം തബൂക് യുദ്ധത്തിന് പോകുന്നതിൽനിന്ന് അവർ ആളുകളെ തടഞ്ഞുകൊണ്ടിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അമ്മാർ ബിൻ യാസറിനോട് പറഞ്ഞു: 'അവരുടെ അടുത്തുപോകുകയും അവർ പറഞ്ഞ കാര്യങ്ങളെ കുറിച്ച് ചോദിക്കുകയും ചെയ്യുക. ഇനി അവർ നിഷേധിക്കുകയാണെങ്കിൽ, ഇന്ന ഇന്ന കാര്യങ്ങൾ പറഞ്ഞതായി എനിക്ക് വിവരം ലഭിച്ചിട്ടുണ്ടെന്ന് അവരോട് പറയുക.' അങ്ങനെ ഹദ്റത്ത് അമ്മാർ അവിടെ ചെല്ലുകയും അവരെ കാര്യങ്ങൾ അറിയിക്കുകയും ചെയ്തപ്പോൾ അവർ നബി(സ) തിരുമേനിയുടെ അടുത്തു വന്ന് ഖേദം പ്രകടിപ്പിക്കാൻ തുടങ്ങി.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 597, ഗസ്‌വത്തുതബൂക്, ദാറു ഇബ്നുഹസം ബേറൂത്ത് 2009)(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 186, ദിക്റു മഗാസിയ്യത്തു(സ) ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 2002)(അത്ത്വബക്കാത്തുൽകുബ്റാ വാള്യം 1 പേജ് 390, ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 1990)(ഫർഹങ്കെ സീറത്ത് പേജ് 84, പ്രസാധകർ സവാർഅക്കാഡമി പബ്ലിക്കേഷൻസ്, കറാച്ചി 2004)

അവരുടെ ഈ അവസ്ഥയെ അല്ലാഹു ഈ വാക്കുകളിൽ വിവരിച്ചു:

*യഹ്ദറുൽ മുനാഫിഖീന അൻ തുനസ്സല അലയ്ഹിം സൂറത്തുൻ തുനബ്ബിഅ്ഹും ബിമാ ഫീ ഖുലൂബിഹിം ഖുലിസ്തഹ്സിഊ ഇന്നല്ലാഹ മുഖ്‌രിജുൻ മ്മാ തഹ്ദറൂൻ. വലഇൻ സഅൽത്തഹും ല യഖൂലന്ന ഇന്നമാ കുന്നാ നഖൂളു വ നൽഅബു ഖുൽ അബില്ലാഹി വ ആയാത്തിഹീ വ റസൂലിഹീ കുൻതും തസ്തഹ്സിഊൻ. ലാ തഅ്ത്തദിറൂ ഖദ് കഫർത്തും ബഅ്ദ ഈമാനിക്കും ഇൻനഅ്ഫു അൻ ത്വാഇഫത്തിൻ മ്മിൻഹും നുഅദ്ദിബു ത്വാഇഫത്തൻ ബി അന്നഹും കാനൂ മുജ്‌രിമീൻ.*

തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ കുറിച്ച് അവരെ അറിയിച്ചുകൊടുക്കുന്ന ഒരു അധ്യായം

അവർക്കെതിരിൽ ഇറക്കപ്പെടുന്നതിനെ കപട വിശ്വാസികൾ ഭയപ്പെടുന്നു. നീ പറയുക,'നിങ്ങൾ പരിഹസിച്ചുകൊള്ളുക തീർച്ചയായും നിങ്ങൾ ഭയപ്പെടുന്നതിനെ അല്ലാഹു പുറത്തുകൊണ്ടുവരുന്നതാണ്. ഇവർ ഭയപ്പെടുന്ന കാര്യവും പരിഹാസരൂപേണയാണ് പറയുന്നത്. നിങ്ങൾക്കുള്ള ഭയം അല്ലാഹു തീർച്ചയായും വെളിപ്പെടുത്തുന്നതായിരിക്കും. നീ അവരോടു ചോദിച്ചാൽ, 'ഞങ്ങൾ വെറുതെ തമാശപറയുകയും രസിക്കുകയും മാത്രമായിരുന്നു'എന്ന് തീർച്ചയായും അവർ പറയും. പറയുക, 'നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൃഷ്ടാന്തങ്ങളേയും അവന്റെ ദൂതനേയുമാണോ പരിഹസിച്ചുകൊണ്ടിരുന്നത്?' ഒരു ഒഴികഴിവും പറയണ്ട. തീർച്ചയായും വിശ്വാസം കൊണ്ടതിനു ശേഷം നിങ്ങൾ അവിശ്വാസികളായി കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പു നല്കുന്നതായാൽ മറ്റൊരു വിഭാഗത്തെ അവർ കുറ്റവാളികളായിരുന്ന കാരണത്താൽ നാം ശിക്ഷിക്കുന്നതാണ്.' (തൗബ:64-66)

എന്തായാലും ആ നേരത്ത് ഇതായിരുന്നു അവസ്ഥ. പോകുന്നതിനുമുമ്പേ പോകാതിരിക്കുന്നതിനുള്ള പദ്ധതികൾ നടക്കുന്നുണ്ടായിരുന്നു. കപടവിശ്വാസികൾ അതിൽ പങ്കെടുത്തിരുന്നു. യഹൂദികൾ അവർക്ക് പ്രേരണ നല്കിക്കൊണ്ടിരുന്നു. കുറച്ച് പേർ അല്ലാതെയും ഒഴികഴിവ് ഉണ്ടാക്കുകയായിരുന്നു. പിന്നീട് മടങ്ങി വന്നപ്പോൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ തന്ത്രങ്ങൾ മെനഞ്ഞു. തിരിച്ച് വന്നതിനുശേഷം അങ്ങയുടെ സമീപത്ത് ഹാജറായികൊണ്ട് ഒഴികഴിവ് പറഞ്ഞു. എന്നാൽ, നബി(സ) തിരുമേനി അവരുടെ കാര്യങ്ങൾ അല്ലാഹുവിൽ വിട്ടു.

തബൂക് യുദ്ധത്തിൽനിന്ന് നബി(സ)തിരുമേനി മടങ്ങുകയും മദീനയുടെ അടുത്തെത്തുകയും ചെയ്തപ്പോൾ അവിടന്ന് പറഞ്ഞു: 'മദീനയിൽ കുറച്ചാളുകളുണ്ട്. അവർ എല്ലാ യാത്രയിലും എല്ലാ താഴ്‌വരകളിലും നിങ്ങളോടൊപ്പമുണ്ടായിരുന്നു. സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അവർ മദീനയിലുണ്ടായിരുന്ന സ്ഥിതിക്ക് പിന്നെങ്ങനെയാണ് ഒപ്പമുണ്ടായിരുന്നത്?' അവിടന്ന് പറഞ്ഞു: 'അവർ മദീനയിൽത്തന്നെയാണ് ഉണ്ടായിരുന്നത്. പക്ഷേ, ഏതൊ ഒഴികഴിവോ രോഗമോ അവരെ തടഞ്ഞതാണ്.'(മുസ്നദ് അൽ ഇമാം അഹ്മദ് ബിൻ ഹമ്പൽ വാള്യം 4, പേജ് 263, മുസ്നദ് അനസ് ബിൻ മാലിക്(റ), ഹദീഥ് 12032, പ്രസാധകർ ആലമുൽകുതുബ്, ബേറൂത്ത് ലബ്നാൻ 1998)(മുസ്നദ് അൽ ഇമാം അഹ്മദ് ബിൻ ഹമ്പൽ വാള്യം 5, പേജ് 132, മുസ്നദ് ജാബിർ ബിൻ അബ്ദുല്ലാഹ്(റ), ഹദീഥ് 14731, പ്രസാധകർ ആലമുൽകുതുബ്, ബേറൂത്ത് ലബ്നാൻ 1998)

അവരുടെ ഒഴികഴിവും അനുവദനീയമായിട്ടുള്ളതായിരുന്നു. അവരുടെ രോഗമായിരുന്നു. അല്ലെങ്കിൽ എന്തോ കാരണമുണ്ടായതുകൊണ്ട് ആഗ്രഹമുണ്ടായിട്ടും അവർക്ക് പോകാൻ കഴിഞ്ഞില്ല. അതുകൊണ്ട് അല്ലാഹു അവരെ നിങ്ങളോടൊപ്പം വെച്ചു.

തബൂക്കിൽനിന്ന് മടങ്ങിവരുന്ന യാത്രയിൽ ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ വേഗം പോകുകയാണ്. നിങ്ങളിൽ എന്റെ കൂടെ വരാനാഗ്രഹിക്കുന്നവർ പെട്ടെന്ന് വരിക. നില്ക്കേണ്ടവർക്ക് നില്ക്കുകയും ചെയ്യാം.' അതായത് സാവധാനം പിന്നാലെ വരിക. നിവേദകൻ പറയുന്നു. 'പിന്നീട് ഞങ്ങൾ പുറപ്പെട്ടു. അങ്ങനെ മദീന കാണാൻ കഴിഞ്ഞപ്പോൾ ഹുദൂർ(സ) പറഞ്ഞു: ഇത് 'ത്വാബ'യാണ്. അതായത് പരിശുദ്ധവും മനോഹരവുമായ ഉഹുദാണിത്. ഇത് നമ്മെ സ്നേഹിക്കുന്ന മലയാണ്. നാം അതിനെ സ്നേഹിക്കുന്നു.' പിന്നീട് നബി(സ) തിരുമേനി പറഞ്ഞു: 'അൻസ്വാറിന്റെ വീടുകളിൽ ഉത്തമമായ വീട് ബനൂനജ്ജാറിന്റെ വീടാണ്. പിന്നെ ബനൂ അബ്ദുൽ അശ്ഹൽൽല്ലിന്റെ വീടാണ്. പിന്നീട് അബ്ദുൽ ഹാരിഥ് ബിൻ ഖസ്റജിന്റെ വീടാണ്. പിന്നീട് ബനൂസായിദയുടെ വീട്.' നബി(സ)തിരുമേനി അൻസ്വാറിന്റെ എല്ലാ വീടുകളും ഉത്തമമെന്ന് പറഞ്ഞു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഞങ്ങളോടൊപ്പം വന്നു. നിവേദകൻ പറയുന്നു: 'അപ്പോൾ അബൂ ഉബയ്ദ് പറഞ്ഞു, നബി(സ) തിരുമേനി അൻസ്വാറിന്റെ വീടുകളുടെ ശ്രേഷ്ഠതയെക്കുറിച്ച് പറഞ്ഞത് നിങ്ങൾക്കറിയുമോ? ഞങ്ങളെ അവസാനത്തിൽവെച്ചു. ഹദ്റത്ത് സഅ്ദ്, നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് അൻസ്വാറിന്റെ വീടുകളുടെ ശ്രേഷ്ഠത വിവരിച്ചു. ഞങ്ങളെ അവസാനത്തിൽവെച്ചു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ നന്മ ആഗ്രഹിക്കുന്നവരിൽപെട്ടവരാണെന്ന് പറഞ്ഞത് നിങ്ങൾക്ക് മതിയായതല്ലേ?' ഇത് സ്വഹീഹ് മുസ്ലിമിലെ നിവേദനമാണ്.

മടക്കത്തിൽ നബി(സ)തിരുമേനിയെ സ്വീകരിക്കുന്നതിനുവേണ്ടി മദീനയിലെ ആളുകൾ പുരുഷന്മാരും സ്ത്രീകളും കുട്ടികളും മദീനയിൽനിന്ന് വെളിയിൽ 'ഥനിയത്തുൽവദാഅ്'ന്റെ അടുത്തുവന്നു. അവർ അവിടെ എത്തിയിരുന്നു. 'ഥനിയത്തുൽവദാഅ്' മദീനയുടെ അടുത്തുള്ള ഒരു സ്ഥലമാണ്. മദീനയിൽനിന്ന് മക്കയിൽ പോകുന്നവരെ ഈ സ്ഥലംവരെ വന്ന് യാത്ര പറയാറുണ്ടായിരുന്നു. അതുകൊണ്ട് അതിനെ 'ഥനിയത്തുൽവദാഅ്' എന്നു പറയുന്നു. ചരിത്രകാരന്മാരുടെയും ജീവചരിത്രകാരന്മാരുടെയും പക്കൽ, നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് 'ഖുബാ'യുടെ വഴിയിലൂടെ മദീനയിൽ വന്നപ്പോൾ മദീനയുടെ ആ ഭാഗവും 'ഥനിയത്തുൽ വദാഅ്' ആയിരുന്നു. ഹദ്റത്ത് ആഇശായുടെ നിവേദനമനുസരിച്ച് അവിട മദീനയിലെ കുട്ടികൾ നബി(സ) തിരുമേനിയെ വരവേറ്റു. പെൺകുട്ടികൾ ഇങ്ങനെ പാടി:

ത്വലഅൽബദ്റു അലയ്നാ
മിൻഥനിയാത്തിൽ വദായീ
വജബ ശ്ശുക്റു അലയ്നാം
മാ ദആ ലില്ലാഹി ദായിൻ

പതിനാലാം രാവിലെ ചന്ദ്രൻ നമ്മുടെമേൽ 'ഥനിയത്തുൽവദാ'യുടെ ഭാഗത്തുനിന്ന് ഉദിച്ചുയർന്നു. അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടത് നമുക്ക് നിർബന്ധമായിരിക്കുന്നു; അല്ലാഹുവിന്റെ ഏതെങ്കിലും വിളിയാളൻ ഉള്ളിടത്തോളം! ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനിയെപോലുള്ള കുറച്ച് ഹദീഥ് വ്യാഖ്യാതാക്കൾ വിചാരിക്കുന്നത്, ആഇശായുടെ നിവേദനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള കവിതകൾ -അത് ഞാൻ ചൊല്ലിയതാണ്- അവയുടെ ബന്ധം നബി(സ)തിരുമേനിയുടെ തബൂഖ് യുദ്ധത്തിൽനിന്ന് മടങ്ങിവന്ന സമയത്ത് ആകാൻ ഒരു സാധ്യതയുണ്ട് എന്നാണ്. കാരണം ആ നേരത്ത് 'ഥനിയത്തുൽവദാഅ്' സ്ഥലത്ത് ആളുകളും കുട്ടികളും നബി(സ)തിരുമേനിയെ വരവേറ്റു. എന്തുകൊണ്ടെന്നാൽ, സിറിയ ദേശത്തിന്റെ ഭാഗത്തുനിന്നു വരുന്നവരെ ആ സ്ഥലത്തുവെച്ചാണ് സ്വീകരിക്കുന്നത്. മദീനക്കാർ നബി(സ)തിരുമേനി തബൂക്കിൽനിന്ന് മടങ്ങിവരുന്നുവെന്നറിഞ്ഞപ്പോൾ സന്തോഷത്താൽ നബി(സ)തിരുമേനിയെ വരവേൽക്കുന്നതിനുവേണ്ടി മദീനയുടെ വെളിയിലുള്ള ആ സ്ഥലത്തേക്ക് പുറപ്പെട്ടു. ഹദ്റത്ത് സാഇബ് ബിൻ യസീദ് വിവരിച്ചതുപോലെ, എനിക്കോർമയുണ്ട്. ഞാനും മറ്റു കുട്ടികളോടൊപ്പം ആ നേരത്ത് നബി(സ)തിരുമേനിയെ വരവേൽക്കാൻ 'ഥനിയത്തുൽ വദാഇൽ' പോയിരുന്നു; അവിടന്ന് താബൂക്കിൽനിന്ന് മടങ്ങിവരികയായിരുന്നു. ഇമാം ബയ്ഹഖിയും ഇതു വിവരിച്ചിട്ടുണ്ട്. കുട്ടികൾ ഈ കവിത ചൊല്ലിക്കൊണ്ടാണ് നബി(സ) തിരുമേനിയെ വരവേറ്റത്. (മുഅ്ജമുൽ ബുൽദാൻ, ഭാഗം 2, പേജ് 100, ഥനിയത്തുൽവദാഅ് പ്രസാധകർ ദാറുൽകതുബുൽ ഇൽമിയ്യ ബേറൂത്ത്) (ജുസ്അജുയെ മദീന പേജ് 403-404 പ്രസാധകർ ഓറിയന്റൽ പബ്ലിക്കേഷൻസ് ലാഹോർ 2007) സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 267)

ചരിത്രകാരന്മാരുടെയും ജീവചരിത്രകാരന്മാരുടെയും രണ്ടുതരത്തിലുള്ള അഭിപ്രായവും നിലവിലുണ്ട്. അതായത് ചിലർ പറയുന്നത് നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത നേരത്താണെന്ന്, ചിലരുടെ പക്കൽ തബൂക് യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോഴാണ് ഈ കവിതകൾ ചൊല്ലിയത്.

ഏതെങ്കിലും യാത്രയിൽനിന്ന് തിരിച്ചെത്തിയാൽ ആദ്യം മസ്ജിദിൽ പോയി രണ്ട് റകഅത്ത് നമസ്കരിക്കുകയെന്നത് നബി(സ)തിരുമേനിയുടെ സുന്നത്തായിരുന്നു. അങ്ങനെ നബി(സ) തിരുമേനി തബൂക്കിൽനിന്ന് തിരിച്ച് മദീനയിൽ പ്രവേശിച്ചത് ഉച്ചയ്ക്ക് തൊട്ടുമുമ്പേയുള്ള സമയത്തായിരുന്നു. ആദ്യം മസ്ജിദിൽ രണ്ട് റകഅത്ത് നമസ്കരിച്ചു.(മുസ്നദ് അൽ ഇമാം അഹ്മദ് ബിൻ ഹമ്പൽ വാള്യം 4, പേജ് 414, മുസ്നദ് കഅ്ബ് ബിൻ മാലിക്(റ), ഹദീഥ് 15865 , പ്രസാധകർ ആലമുൽകുതുബ്, ബേറൂത്ത് ലബ്നാൻ 1998)

നമസ്കാരത്തിനുശേഷം അവിടന്ന് ആളുകൾക്കുവേണ്ടി മസ്ജിദിൽതന്നെ ഇരുന്നു. ആ സമയത്ത് മനഃപൂർവം യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന ആളുകൾ നബി(സ)തിരുമേനിയെ കാണാൻ വേണ്ടി വന്നു. അവർ അങ്ങയുടെ മുമ്പാകെ അവരുടെതായ ഒഴികഴിവുകൾ നിരത്തി. അവരുടെ എണ്ണം ഏകദേശം 80 ന് അടുത്തായിരുന്നു. നബി(സ)തിരുമേനി അവരുടെ ഒഴികഴിവുകളുടെ യാഥാർഥ്യം അറിഞ്ഞുകൊണ്ടുതന്നെ അവർ ബാഹ്യമായി പ്രകടിപ്പിച്ച

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

വിവരണം സ്വീകരിച്ചു. അവരോട് വിട്ടുവീഴ്ച ചെയ്തു. അവരിൽ നിന്നു ബയ്അത്ത് വാങ്ങുകയും അവരുടെ പാപപൊറുതിക്കായി ദുആ ചെയ്യുകയും ചെയ്തു.'(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഹദീഥ് കഅ്ബ് ബിൻ മാലിക്(റ), 4418)

എന്നാൽ മുമ്പേ വിവരിച്ചതുപോലെ ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ, ഹദ്റത്ത് മുറാറ ബിൻ റബീഅ്, ഹദ്റത്ത് കഅബ് ബിൻ മാലിക് എന്നിവർ വ്യാജമായ കാരണങ്ങൾ നിരത്തിയില്ല. അതുകാരണം കുറച്ചുകാലം അവർക്ക് നബി(സ) തിരുമേനിയുടെ നീരസം സഹിക്കേണ്ടതായി വന്നു. അവർ കരയുകയും വിലപിക്കുകയും അല്ലാഹുവിന്റെ സന്നിധിയിൽ തൗബ ചെയ്തുകൊണ്ടു കുനിയുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് അല്ലാഹു വിശുദ്ധ ഖുർആനിൽ അവരുടെ തൗബ സ്വീകരിച്ചിരിക്കുന്നുവെന്ന് വിളംബരം ചെയ്യുകയുണ്ടായി.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര്, ഹദ്റത്ത് മുറാറ ബിൻ റബീഅ് അംരി എന്നാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റബീഅ് ബിൻ അദിയ്യ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് രിബ്യീ എന്നും റബീഅ എന്നും വിവരിക്കപ്പെടുന്നുണ്ട്. ഹദ്റത്ത് മുറാറ ബിൻ റബീഅ് അംരിയുടെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഔസിലെ കുടുംബം, ബനൂ അംറ് ബിൻ ഔഫുമായാണ്. ഒരു നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ ബന്ധം ബനൂ അംറ് ബിൻ ഔഫിന്റെ ഐക്യമുന്നണി ഗോത്രമായ ഖുളാആയുമായിട്ടായിരുന്നു. 'ഖുളാആ' അറേബ്യയിലെ ഒരു പ്രശസ്ത ഗോത്രമായിരുന്നു. അത് മദീനയിൽനിന്ന് പത്ത് മൻസിൽ അകലെ വാദിയെഖുറാ കഴിഞ്ഞാണ്. സ്വാലിഹ് നബിയുടെ ഗോത്രമായ മദായനിന്റെ പടിഞ്ഞാറു ഭാഗത്താണ് ഇവർ താമസിക്കുന്നത്. (ഉസുദുൽഗാബ ഫീ തമീസിസ്സ്വഹാബ വാള്യം 5 പേജ് 129, മുറാറ ബിൻ റബീഅ്(റ)ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 2003)(അൽഇസ്വാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 6, പേജ് 52, മുറാറ ബിൻ റബീഅ്(റ)ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 1995)(ഫർഹങ്കെ സീറത്ത് പേജ് 237, പ്രസാധകർ സവാർഅക്കാഡമി പബ്ലിക്കേഷൻസ്, കറാച്ചി 2003)

ഹദ്റത്ത് മുറാറ(റ)യ്ക്ക് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാനുള്ള ഭാഗ്യം ലഭിച്ചിരുന്നു. ബുഖാരിയിലും സ്വഹാബാക്കളുടെ അവസ്ഥകൾ വിവരിക്കുന്ന ഗ്രന്ഥങ്ങളിലും അദ്ദേഹം, ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്ന വിവരം ലഭിക്കുന്നുണ്ട്. ഇബ്നുഹിശാം ബദ്രി സ്വഹാബാക്കളുടെ പട്ടികയിൽ ഇദ്ദേഹത്തിന്റെ പേര് ചേർത്തിട്ടില്ല. തബൂക് യുദ്ധത്തിൽ പങ്കെടുക്കാത്ത മൂന്ന് അൻസ്വാർ സ്വഹാബത്തിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. അവരെ കുറിച്ചു മുമ്പേ പറഞ്ഞു കഴിഞ്ഞതാണ്. അവരെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ ആയത്തിറക്കി:

*വ്വ അലഥ്ഥലാഥത്തില്ലദീന ഖുല്ലിഫൂ ഹത്താ ഇദാ ളാഖത്ത് അലയ്ഹിമുൽഅർളു ബിമാ റഹ്ബുത്ത് വ ളാഖത്ത് അലയ്ഹിം അൻഫുസുഹും വ ളന്നൂ അൻ ല്ലാ മൽജഅ മിനല്ലാഹി ഇല്ലാ ഇലയ്ഹി ഥുമ്മ താബ അലയ്ഹിം ലിയത്തൂബൂ ഇന്നല്ലാഹ ഹുവത്തവ്വാബുർറഹീം*

പിന്നിൽ നിറുത്തപ്പെട്ട മൂന്നുപേർക്കും(അവൻ ഔദാര്യം ചെയ്തിരിക്കുന്നു). ഭൂമി വിശാലമായതായിരുന്നിട്ടുകൂടി അത് അവർക്ക് ഇടുങ്ങിയതായിത്തീരുകയും സ്വന്തം ജീവൻപോലും അവർക്ക് ഭാരമായിത്തീരുകയും അല്ലാഹുവിന്റെ (കോപത്തി)ൽനിന്ന് രക്ഷപ്പെടുവാൻ അവനിലേക്കല്ലാതെ വേറെ ഒരു അഭയമാർഗവുമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്യുന്നതുവരെ (ആ സ്ഥിതി നീണ്ടുനിന്നു). പിന്നീട് അവർ പശ്ചാത്തപിക്കുന്നതിനായി അല്ലാഹു അവരുടെ നേരെ കാരുണ്യത്തോടെ തിരിഞ്ഞു. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.(9:118)

മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ പിന്നിൽനിന്നുപോയ മൂന്നു സ്വഹാബ ഹദ്റത്ത് കഅ്ബ് ബിൻ മാലിക്, ഹദ്റത്ത് മുറാറ ബിൻ റബീഅ്, ഹദ്റത്ത് ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ എന്നിവരായിരുന്നു. ഇവർ മൂവരും അൻസ്വാറിൽപ്പെട്ടവരായിരുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഹദീഥ് കഅ്ബ് ബിൻ മാലിക്(റ), 4418)(ഉസുദുൽഗാബ ഫീ തമീസിസ്സ്വഹാബ വാള്യം 5 പേജ് 129, മുറാറ ബിൻ റബീഅ്(റ)ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 2003)

ഇതുകൂടാതെ ഹദ്റത്ത് മുറാറയെ കുറിച്ച് ഹദ്റത്ത് കഅബ് ബിൻ മാലിക്കിന്റെ വിശദമായ വിവരണത്തിൽ ഉള്ളതല്ലാതെ മറ്റു വിവരണങ്ങൾ ഒന്നുമില്ല. അത് ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായുടെ വിവരണത്തിൽ കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നു.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ എന്നാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നും അബൂഗസ്വാൻ എന്നുമായിരുന്നു. ഹദ്റത്ത് ഉത്ബ(റ) ബനൂ നൗഫൽ ബിൻ അബ്ദുമനാഫിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് ഉത്ബായുടെ പിതാവിന്റെ പേരാണ് ഗസ്വാൻ ബിൻ ജാബിർ. ഹദ്റത്ത് ഉത്ബായുടെ സംജ്ഞാനാമം അബൂഅബ്ദുല്ലാഹ് എന്നതിനു പുറമെ അബൂ ഗസ്വാൻ എന്നും വിവരിക്കപ്പെടുന്നുണ്ട്; പറഞ്ഞതുപോലെ. അർദ ബിൻത് ഹാരിഥിനെ ഹദ്റത്ത് ഉത്ബ(റ) വിവാഹം കഴിച്ചു.

ഹദ്റത്ത് ഉത്ബ സ്വയം വിവരിക്കുന്നു: 'ഞാൻ ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ച് നബി(സ) തിരുമേനിയോടൊപ്പം ചേർന്ന ആളുകളിൽ ഏഴാമനാണ്.' ഇബ്നു അഥീറിന്റെ അഭിപ്രായ പ്രകാരം ഹദ്റത്ത് ഉത്ബ ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്യുമ്പോൾ അദ്ദേഹത്തിന് 40 വയസ്സ് ഉണ്ടായിരുന്നു. ഇബ്നു സഅ്ദ് പറഞ്ഞതനുസരിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്ന നേരത്ത് അദ്ദേഹത്തിന് 40 വയസ്സായിരുന്നു. എന്തായാലും അദ്ദേഹം ഹബ്ശയിൽനിന്ന് മക്കയിലേക്ക് തിരിച്ച് വന്നപ്പോഴും നബി(സ)തിരുമേനി മക്കയിൽതന്നെ ഉണ്ടായിരുന്നു. ഹദ്റത്ത് ഉത്ബ, നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നതുവരെ നബിയോടൊപ്പം താമസിക്കുകയും പിന്നീട് ഹദ്റത്ത് മിഖ്ദാദിനോടൊപ്പം മദിനയിലേക്ക് ഹിജ്റത്ത് ചെയ്യുകയും ചെയ്തു. ഇവർ ഇരുവരും ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടവരാണ്.'(ഉസുദുൽഗാബ ഫീ തമീസിസ്സ്വഹാബ വാള്യം 5 പേജ് 558-559, മുറാറ ബിൻ റബീഅ്(റ)ദാറുൽകുതുബുൽ ഇൽമയ്യ ബേറൂത്ത് 2003)(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം3, പേജ് 72, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഇംതാഉൽ അസ്മാഅ് ഭാഗം 6, പേജ് 331, ഫസ്വലി ഫീ ദിക് രി മവാലിയ റസൂലുല്ലാഹി (സ)ബേറൂത്ത് 1999)

ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനും(റ) ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദും(റ) ഇരുവരുടേയും മദീനയിലേക്കുള്ള ഹിജ്റത്ത് സംഭവം ഇങ്ങനെയാണ്: 'മുസ്‌ലിമീങ്ങളിൽ വന്നുചേരുന്നതിന് മക്കയിൽനിന്ന് അവരിരുവരും ഖുറയ്ശി അന്യാരാധകരുടെ സൈന്യത്തോടൊപ്പം പുറപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ നേതൃത്വത്തിൽ മുസ്‌ലിമീങ്ങളുടെ ഒരു സൈന്യം 'ഥനിയത്തുൽമറ'- ഇത് റാബിശ് നഗരത്തിന്റെ വടക്കുകിഴക്കു ഭാഗത്ത് ഏകദേശം 55 കിലോമീറ്റർ അകലെയും മദീനയിൽനിന്ന് അവിടേക്കുള്ള ദൂരം ഏകദേശം 200 കിലോമീറ്ററുമാണ്-യിലേക്ക് അയച്ചു. ഖുറയ്ശികളുടെ സൈന്യത്തിന്റെ നേതൃത്വം ഇക്‌രിമ ബിൻ അബൂജഹ്‌ലായിരുന്നു വഹിച്ചിരുന്നത്. ഇവരിരുവർക്കുമിടയിൽ യുദ്ധമുണ്ടായില്ല; ഒരു അമ്പ് എയ്തതല്ലാതെ. അത് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് എയ്തതായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യം എയ്തുവിട്ട അമ്പായിരുന്നു അത്. ആ ദിവസം ഉത്ബ ബിൻ ഗസ്വാനും ഹദ്റത്ത് മിഖ്ദാദും ഓടിവന്ന് മുസ്‌ലിംകളോടൊപ്പം ചേർന്നു.'

ഇവർ അവിശ്വാസികളോടൊപ്പമാണ് വന്നത്. പക്ഷേ, മുമ്പേ ഹദ്റത്ത് മിഖ്ദാദിനെക്കുറിച്ച് പറഞ്ഞുകഴിഞ്ഞതുപോലെ ഇപ്പോൾ മുസ്‌ലിം പക്ഷത്തുവന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നെടുത്ത് വാളുകൊണ്ടുള്ള ജിഹാദിന്റെ തുടക്കവും നബി(സ)തിരുമേനിയുടെ പ്രതിരോധപരമായ നടപടിയും വിവരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

'ആയുധംകൊണ്ടുള്ള പ്രതിരോധ ജിഹാദിന് അനുവാദം നല്കിയ വിശുദ്ധ ഖർആനിലെ ആദ്യ ആയത്ത് ഹിജ്‌രി 2 സഫർ മാസം 12 നാണ് അവതരിച്ചത്. അതായത് പ്രതിരോധപരമായ യുദ്ധത്തിന്റെ വിളംബരം-ഹിജ്റത്തിൽ അല്ലാഹു അതിന്റെ സൂചന നല്കിയിരുന്നു- ഔദ്യോഗികമായ വിളംബരം ഹിജ്റ രണ്ട് സ്വഫ്ർ മാസത്തിലാണ് ചെയ്തത്. അപ്പോൾ നബി(സ)തിരുമേനി മദീന രൂപീകരണത്തിന്റെ പ്രാഥമികമായ നടപടികളിൽനിന്ന് സ്വതന്ത്രനായി കഴിഞ്ഞിരുന്നു. ഇങ്ങനെ ജിഹാദിന് തുടക്കം കുറിച്ചു.


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്, അവിശ്വാസികളുടെ ഉപദ്രവത്തിൽനിന്ന് മുസ്‌ലിമീങ്ങളെ സംരക്ഷിക്കുന്നതിനായി നബി(സ)തിരുമേനി നാല് താന്ത്രങ്ങളാണ് നടപ്പാക്കിയത്. അത് നബി(സ)തിരുമേനിയുടെ ഉന്നതമായ രാഷ്ട്രീയ പാടവത്തിനും സൈനിക ദീർഘവീക്ഷണത്തിനുമുള്ള ഒരു തെളിവാണ്. വലിയ പരസ്യമായി തെളിവുകളാണ്. ആ തന്ത്രങ്ങൾ ഇപ്രകാരമാണ്:

ഒന്ന് അവിടന്ന് മദീനയുടെ സമീപപ്രദേശങ്ങൾ അപകടങ്ങളിൽ നിന്നു സുരക്ഷിതമായിരിക്കുന്നതിന് സ്വയം യാത്ര ചെയ്ത് സമീപത്തുള്ള ഗോത്രങ്ങളുമായി പരസ്പരമുള്ള സമാധാനത്തിന്റെയും സുരക്ഷയുടെയും ഉടമ്പടികൾ ചെയ്യാൻ തുടങ്ങി. ഇക്കാര്യത്തിൽ അവിടന്ന് പ്രത്യേകമായും ശ്രദ്ധിച്ചത് ഖുറയ്ശികളുടെ ശാമിലേക്കുള്ള വഴിയുടെ ചുറ്റുവട്ടത്ത് താമസിച്ചിരുന്ന ഗോത്രങ്ങളെയായിരുന്നു. കാരണം ഓരോരുത്തർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്, ഈ ഗോത്രങ്ങളെക്കൊണ്ട് മക്കയിലെ ഖുറയ്ശികൾ മുസ്‌ലിമീങ്ങളോടു കൂടുതൽ പകരം വീട്ടുമായിരുന്നു. അവരുടെ ശത്രുത മുസ്‌ലിമീങ്ങൾക്ക് ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കുമായിരുന്നു.

മദീനയുടെ വിവിധ വശങ്ങളിലേക്കു വിവരങ്ങൾ അറിഞ്ഞു വരുന്നതിനായി ചെറിയ ചെറിയ വിവരശേഖരണ സംഘങ്ങളെ അയക്കാൻ തുടങ്ങിയെന്നതാണ് അവിടന്ന് കൈക്കൊണ്ട രണ്ടാമത്തെ ചുവടുവെപ്പ്. അങ്ങനെ ഖുറയ്ശികളുടെയും അവരുടെ സഖ്യകക്ഷികളുടെയും അനക്കമടക്കങ്ങളെ കുറിച്ച് അറിവു ലഭിക്കുകയും അതുപോലെ മുസ്‌ലിമീങ്ങൾ അശ്രദ്ധരല്ലായെന്ന് ഖുറയ്ശികൾക്കു തോന്നുമാറാകുകയും ചെയ്യുന്നതാണ്. മദീന പെട്ടെന്നുള്ള ആക്രമണത്തിൽനിന്ന് സുരക്ഷിതമായിരിക്കുന്നതിനാണ് ഇങ്ങനെ ചെയ്തത്.

മൂന്നാമതായി ഈ സംഘങ്ങളെ അയക്കുന്നതുമൂലം ഉണ്ടായ ഒരു പ്രതിവിധി ഇതാണ്, അതായത് അതുമുഖേന മക്കയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഉണ്ടായിരുന്ന ബലഹീനരും ദരിദ്രരുമായ മുസ്‌ലിമീങ്ങൾക്ക് മദീനയിലെ മുസ്‌ലിമീങ്ങളുമായി കൂടിചേരാൻ വഴിയൊരുങ്ങി. അത്തരം ആളുകൾക്ക് അക്രമസമൂഹത്തിൽനിന്ന് മോചനം കരസ്ഥമാക്കാൻ അവസരം ലഭിച്ചു. അവർ ഖുറയ്ശികളുടെ സംഘത്തോടൊപ്പം യാത്ര പുറപ്പെടുകയും മദീനയ്ക്ക് സമീപം എത്തി, പിന്നീട് മുസ്‌ലിമീങ്ങളുടെ സംഘത്തിൽ ഓടി വന്ന് ചേരുകയും ചെയ്തു. കാരണം ഇതുവരെ മക്കയുടെ പ്രദേശത്ത് ഹൃദയംകൊണ്ട് മുസ്‌ലിമീങ്ങളായ നിരവധി പേരുണ്ടായിരുന്നു. എന്നാൽ, ഖുറയ്ശികളുടെ അക്രമം കാരണത്താൽ തങ്ങളുടെ ഇസ്‌ലാമിനെ പരസ്യപ്പെടുത്തിയിരുന്നില്ല. അവരുടെ ദാരിദ്ര്യവും ബലഹീനതയും കൊണ്ട് ഹിജ്റത്ത് ചെയ്യാനുള്ള ശക്തിയും അവർക്കില്ലായിരുന്നു. അത്തരക്കാരെ ഖുറയ്ശികൾ ഹിജ്റത്തിൽനിന്ന് ബലാൽക്കാരമായി തടഞ്ഞിരുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

*വമാലക്കും ലാ തുഖാത്തിലൂന ഫീ സബീലില്ലാഹി വൽമുസ്തള്അഫീന മിനർരിജാലി വന്നിസാഇ വൽവിൽദാനില്ലദീന യഖൂലൂന റബ്ബനാ അഖ്‌രിജ്നാ മിൻ ഹാദിഹിൽ ഖർയത്തിള്ളാലിമി അഹ്‌ലുഹാ വജ്അൽല്ലനാ മിൻല്ലദുൻക വലിയ്യൻ വജ്അൽല്ലനാ മിൻല്ലദുൻക നസ്വീറാ(അന്നിസാ:76)*

അല്ലഹുവിന്റേയും ദുർബലരായ പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്കെന്തുണ്ട് ന്യായം? അവർ പ്രാർഥിക്കുന്നു: 'ഞങ്ങളുടെ നാഥാ! അക്രമികളായ നിവാസികളുള്ള ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ! ഞങ്ങൾക്ക് നിന്റെ പക്കൽനിന്ന് വല്ല ഒരു സുഹൃത്തിനെ നീ നിശ്ചയിച്ചുതരേണമേ! നിന്റെ പക്കൽനിന്നുള്ള വല്ല ഒരു സഹായേയും നീ ഞങ്ങൾക്കു നിശ്ചയിച്ചുതരേണമേ!'

അതുകൊണ്ട് ആ പാർട്ടികളെ അയച്ചതിന്റെ ഒരു ഉദ്ദേശ്യം അത്തരക്കാർക്ക് അക്രമികളായ ജനതയിൽനിന്ന് രക്ഷപ്പെടുത്താനുള്ള അവസരം കിട്ടുക എന്നതായിരുന്നു. അത്തരക്കാർ ഖുറയ്ശികളുടെ കച്ചവടസംഘങ്ങളോടൊപ്പം വന്നുചേരുന്നതിന് മദീനയുടെ അടുത്തെത്തുക. പിന്നീട് മുസ്‌ലിമീങ്ങളുടെ സൈന്യത്തിലേക്ക് ഓടിവന്ന് അവരോടൊപ്പം ചേരുക. ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എഴുതുന്നു: 'നബി(സ) തിരുമേനി ഉബയ്ദ ബിൻ അൽഹാരിഥിന്റെ നേതൃത്വത്തിൽ അയച്ച ആദ്യത്തെ സൈന്യം തന്നെയാണ് ഇക്‌രിമ ബിൻ അബൂ ജഹ്‌ലിന്റെ ഒരു സംഘത്തിന്റെ നേരെ വന്നത് എന്നത് ചരിത്രത്തിൽനിന്ന് സ്ഥാപിതമാണ്. അതിൽ മക്കയിലെ രണ്ട് ദുർബലരായ മുസ്‌ലിമീങ്ങൾ– അവർ ഖുറയ്ശികളോടൊപ്പം കൂടിച്ചേർന്ന് വന്നതാണ്. ഖുറയ്ശികളെ ഉപേക്ഷിച്ച് മുസ്‌ലിംകളിൽ വന്നുചേർന്നു. നിവേദനത്തിൽ വരുന്നു, ഈ നടപടിയിൽ മുസ്‌ലിമീങ്ങളുടെ സംഘം ഖുറയ്ശികളുടെ സൈന്യത്തിന്റെ മുന്നിൽ വന്നപ്പോൾ രണ്ടു വ്യക്തി മിഖ്ദാദ് ബിൻ അംറും ഉത്ബ ബിൻ ഗസ്‌വാനും– അവർ ബനൂ സുഹറയുടെയും ബനൂ നൗഫലിന്റെയും സഖ്യകക്ഷിയായിരുന്നു– അന്യാരാധകരിൽനിന്നോടി മുസ്‌ലിമീങ്ങളിൽ വന്നുചേർന്നു. അവരിരുവരും മുസ്‌ലിമീങ്ങളായിരുന്നു. അവിശ്വാസികളെ മറപറ്റി മുസ്‌ലിമീങ്ങളിൽ വന്നുചേരുന്നതിനാണ് അവർ പുറപ്പെട്ടത്. അതിനാൽ ആ സംഘങ്ങളെ അയപ്പിക്കുന്നതിലുള്ള നബി(സ) തിരുമേനിയുടെ ഒരു ഉദ്ദേശ്യം അക്രമികളായ ഖുറയ്ശികളിൽനിന്ന് അത്തരക്കാരെ മോചിപ്പിക്കുക എന്നതായിരുന്നു. മുസ്‌ലിമീങ്ങളിൽ വന്നുചേരാൻ അവർക്ക് അവസരമുണ്ടാക്കാനായിരുന്നു.

നാലാമതായി അവിടന്ന് സ്വീകരിച്ച നടപടി, ഖുറയ്ശികളുടെ കച്ചവട സംഘത്തെ തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിച്ചു എന്നതാണ്. അവർ മക്കയിൽനിന്ന് സിറിയയിലേക്ക് പോകുന്നത് മദീനയുടെ സമീപത്ത് കൂടിയായിരുന്നു. ഇവരെ തടയാനുള്ള കാരണം, അവർ പോകുന്ന സ്ഥലങ്ങളിലെല്ലാം മുസ്‌ലിമീങ്ങൾക്ക് എതിരിൽ ശത്രുതയുടെ അഗ്നി ആളിക്കത്തിച്ചിരുന്നുവെന്നതാണ്. മദീനയുടെ ചുറ്റുവട്ടത്ത് ഇസ്‌ലാമിനോടുള്ള ശത്രുതയുടെ വിത്ത് വിതയ്ക്കുക എന്നത് മുസ്‌ലിമീങ്ങൾക്ക് അങ്ങേയറ്റം ഭീഷണിയായിരുന്നു.

കൂടാതെ ഈ സംഘം എപ്പോഴും ആയുധങ്ങളും വഹിച്ചാണ് യാത്ര ചെയ്തിരുന്നത്. ഇത്തരത്തിലുള്ള സംഘങ്ങൾ മദീനയുടെ വളരെ സമീപത്തുകൂടി സഞ്ചരിക്കുന്നത് അപകടം ക്ഷണിച്ച് വരുമെന്ന കാര്യം എല്ലാ ഒരോരുത്തർക്കും മനസിലാക്കാവുന്നതാണ്. അതിൽ ഖുറയ്ശികളുടെ ജീവിതമാർഗം കച്ചവടവുമായി ബന്ധപ്പെട്ടിരുന്നുവെന്നതാണ് മൂന്നാമത്തെ കാര്യം. ആ അവസരത്തിൽ ഖുറയ്ശികളെ പരാജയപ്പെടുത്തുന്നതിനും അവരുടെ അക്രമങ്ങളെ തടയുന്നതിനും രഞ്ജിപ്പിന് പ്രേരിപ്പിക്കുന്നതിനും പറ്റിയ ഏറ്റവും ഫലദായകമായതും പെട്ടെന്ന് സ്വാധീനമുണ്ടാക്കുന്നതുമായ പദ്ധതി, അവരുടെ കച്ചവട മാർഗം തടസ്സപ്പെടുത്തുക എന്നതായിരുന്നു. അങ്ങനെ അവസാനം രഞ്ജിപ്പിലേക്ക് തിരിയാൻ ഖുറയ്ശികളെ നിർബന്ധിച്ച കാര്യങ്ങളിൽ അവരുടെ കച്ചവട സംഘങ്ങളെ തടഞ്ഞ പദ്ധതി അങ്ങേയറ്റം ബുദ്ധിപരമായിരുന്നു. അത് അതിന്റെ നേരത്ത് വിജയത്തിന്റെ ഫലം കൊണ്ടുവന്നു.

ഖുറയ്ശികളുടെ ഈ യാത്രാസംഘം ചിലപ്പോൾ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാനുള്ള പരിശ്രമത്തിൽ ചെലവഴിച്ചിരുന്നു. എന്നല്ല ചില യാത്രാസംഘങ്ങളെ പ്രത്യേകമായും ഇതേ ഉദ്ദേശ്യത്തോടെ അയച്ചിരുന്നു; അവരുടെ എല്ലാ കഴിവും മുസ്‌ലിമീങ്ങൾക്കെതിരെ ഉപയോഗിക്കാൻ. അതുകൊണ്ട് ആ പരിതഃസ്ഥിതിയിൽ ആ യാത്രാസംഘങ്ങളെ തടയേണ്ടത് തികച്ചും അനുവദനീയമാണെന്ന് എല്ലാവർക്കും മനസ്സിലാകുന്നതാണ്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)എം.എ. പേജ് 323–324)

ഉബയ്ദ ബിൻ ഹാരിഥിന്റെ നടപടിയിൽ ഹദ്റത്ത് ഉത്ബ(റ) ഖുറയ്ശികളുടെ സൈന്യത്തിൽനിന്ന് പുറത്തുചാടി മുസ്‌ലിമീങ്ങളിൽ വന്നുചേർന്നു. അതിനെക്കുറിച്ചുള്ള കൂടുതൽ വിവരണം ഇങ്ങനെയാണ്. കുറച്ചുഭാഗം ഞാൻ കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചുകഴിഞ്ഞിരുന്നു.

എങ്കിലും ഇവിടെ ചുരുക്കിപ്പറയാം. ഹിജ്റ 2 റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിൽ നബി(സ) തിരുമേനി തന്റെ ഏറ്റവും അടുത്ത ബന്ധുവായ ഉബയ്ദ് ബിൻ അൽ ഹാരിഥ് മത്‌ലബിയുടെ നേതൃത്വത്തിൽ 60 ഒട്ടക സവാരികൾ അടങ്ങിയ മുഹാജിറുകളുടെ ഒരു സംഘത്തെ യാത്രയാക്കി. ഈ നടപടിയുടെ ഉദ്ദേശ്യവും മക്കയിലെ ഖുറയ്ശികളുടെ ആക്രമണങ്ങളെ ചെറുക്കുക എന്നതായിരുന്നു. ഞാൻ സീറത്തു ഖാത്തമുന്നബിയ്യീനിലെ ഉദ്ധരണിതന്നെയാണ് നല്കുന്നത്. അങ്ങനെ ഉബയ്ദ ബിൻ അൽഹാരിഥും അദ്ദേഹത്തിന്റെ കൂട്ടുകാരും കുറച്ചു യാത്ര ചെയ്തതിനുശേഷം 'ഥിൻയത്തുൽ മർറ'യുടെ സമീപത്ത് എത്തിയപ്പോൾ, അവിടെ ഖുറയ്ശികളുടെ 200 ആയുധധാരികളായ യുവാക്കളെ ഇക്‌രിമ ബിൻ അബൂജഹലിന്റെ നേതൃത്വത്തിൽ തമ്പടിച്ചിരിക്കുന്നതായി

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

കണ്ടു. ഇരുസംഘങ്ങളും നേർക്കുനേരെയായി. പസ്പരം കുറച്ച് അമ്പെയ്ത്തും നടന്നു. എന്നാൽ, മുസ്‌ലിമീങ്ങളുടെ പിന്നിൽ വല്ല രഹസ്യസേനയും ഉണ്ടാകുമെന്ന് കരുതി ഖുറയ്ശികളുടെ സംഘം ഭയന്ന് യുദ്ധത്തിൽനിന്ന് പിന്മാറി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നുമില്ല. ഖുറയ്ശികളുടെ സംഘത്തിൽ നിന്ന് രണ്ട് വ്യക്തികൾ മിഖ്ദാദ് ബിൻ അംറും ഉത്ബ ബിൻ ഗസ്‌വാനും ആ അവസരത്തിൽ മുസ്‌ലിമീങ്ങളോടൊപ്പം വന്ന് ചേർന്നു. കാരണം അവർ ഹൃദയം കൊണ്ട് മുസ്‌ലിംങ്ങളായിരുന്നു. എന്നാൽ, ബലഹീനത കാരണം ഖുറയ്ശികളെ ഭയന്ന് ഹിജ്റത്ത് ചെയ്യാൻ അവർക്ക് സാധിച്ചിരുന്നില്ല. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നത് ഈ സംഭവത്തെ ഖുറയ്ശികൾ അശുഭമെന്ന് കണ്ട് പിന്തിരിഞ്ഞുപോകാൻ തീരുമാനിച്ചിട്ടുണ്ടാകുമെന്നാണ്. ഖുറയ്ശികളുടെ ഈ സൈന്യം തീർച്ചയായും യാത്രാ സംഘമായിരുന്നില്ലെന്ന് ചരിത്രത്തിൽ പറഞ്ഞിട്ടില്ല. ഇതിനെ സംബന്ധിച്ച് ഇബ്നു ഇസ്ഹാഖ് വളരെ വലിയ സൈന്യം എന്ന വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യത്തോടെയാണ് ആ ഭാഗത്തേക്ക് അവർ വന്നത്. പക്ഷേ, അവരുടെ ഉദ്ദേശ്യം നല്ലതായിരുന്നില്ല എന്നത് വ്യക്തമാണ്. മുസ്‌ലിമീങ്ങളെ ജാഗരൂകരായി കണ്ടും തങ്ങളുടെ ഭാഗത്തുനിന്ന് ചിലയാളുകൾ മുസ്‌ലിംപക്ഷത്തേക്ക് പോകുന്നത് കണ്ടും അവർക്ക് തന്റേടമുണ്ടായില്ല. അങ്ങനെ അവർ മടങ്ങിപ്പോയി. സ്വഹാബത്തിന് ഇതുമൂലമുണ്ടായ നേട്ടം രണ്ട് മുസ്‌ലിം ആത്മാക്കൾക്ക് ഖുറയ്ശികളുടെ അക്രമത്തിൽനിന്ന് മോക്ഷം കിട്ടി എന്നതാണ്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. പേജ് 328 –329)

ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനും അദ്ദേഹത്തിന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമ, ഖബ്ബാബും മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഖുബാ(ത്വബക്കാത്തുൽകുബ്റായിൽ ഒരു നിവേദനം ഇങ്ങനേയും വരുന്നുണ്ട്) എന്ന സ്ഥലത്ത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമാ അജ്‌ലാനിയുടെ ഭവനത്തിൽ താമസിച്ചു. അങ്ങനെ ഉത്ബ മദീനയിലെത്തിയപ്പോൾ അദ്ദേഹം ഹദ്റത്ത് അബ്ബാദ് ബിൻ ബിശറിന്റെ വീട്ടിൽ താമസിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനേയും ഹദ്റത്ത് അബൂ ദുജാനയേയും സഹോദരന്മാരാക്കി. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം3, പേജ് 73, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 220, മനാസിലുൽ മുഹാജിരീൻ ബിൽമദീനത്തി, പ്രസാധകർ ദാറു ഇബ്നുഹസം ബേറൂത്ത് 2009)

ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനെ കുറിച്ച് ഇനിയും കുറച്ച് വിവരണങ്ങളുണ്ട്. ഇൻശാ അല്ലാഹ് പിന്നീടു വിവരിക്കുന്നതാണ്.

ഈ നേരത്ത് അൽഫള്ൽ ദിനപത്രത്തിന്റെ വെബ്സൈറ്റ് അവർ ആരംഭിച്ചിരിക്കുന്നുവെന്ന് വിളംബരം ചെയ്യാൻ ഞാനാഗ്രഹിക്കുകയാണ്. പിന്നീട് ഇതുസംബന്ധമായി വിളംബരം ചെയ്യുന്നതായിരിക്കും. ഇപ്രകാരംതന്നെ രണ്ട് ജനാസയുമുണ്ട്. ആ പരേതാത്മക്കളെക്കുറിച്ച് പറയുന്നതുമാണ്.

അൽഫള്ലിന്റെ 106–ാം വർഷം പൂർത്തിയായതുകൊണ്ട് ലണ്ടനിൽനിന്ന് ഓൺലൈൻ എഡിഷന്റെ തുടക്കം കുറിക്കുകയാണ്. അൽഫള്ൽ ദിനപത്രം 106 വർഷം മുമ്പേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അനുവാദത്തോടും ദുആയോടും കൂടി 1913 ജൂൺ 18ന് ആരംഭിച്ചു. പാക്കിസ്താൻ സ്ഥാപനത്തിനുശേഷം കുറച്ചുകാലം ലാഹോറിൽനിന്ന് പ്രസിദ്ധീകരിച്ചുവന്നു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നേതൃത്വത്തിൽ ഇത് റബ്‌വയിൽനിന്ന് പുറപ്പെടാൻ തുടങ്ങി. ഈ പുരാതനമായ ഉർദു ദിനപത്രത്തിന്റെ ലണ്ടനിൽ നിന്നുള്ള അൽഫള്ൽ ഓൺലൈൻ എഡിഷൻ 2019 ഡിസംബർ 13ന് തുടക്കം കുറിക്കുകയാണ്. ഇന്ന് ഇൻശാഅല്ലാഹ് ആരംഭിക്കുന്നതായിരിക്കും. അത് ഇന്റർനെറ്റ് മുഖേന ലോകം മുഴുവൻ എല്ലായിടത്തും വളരെ എളുപ്പം ലഭ്യമായിരിക്കും. അതിന്റെ വെബ്സൈറ്റ് Alfazlonline.org തയ്യാറായി കഴിഞ്ഞിരിക്കുന്നു. ആദ്യലക്കവും ഇതിൽ ലഭ്യമാണ്. ഇവിടുത്തെ നമ്മുടെ ഐ.ടിയുടെ കേന്ദ്ര ടീം ഇതിനായി വളരെ അധ്വാനിച്ചിരിക്കുന്നു.

അതിൽ അൽഫള്ലിന്റെ പ്രാധാന്യത്തേയും നേട്ടങ്ങളേയും കുറിച്ച് ഒരുപാടു കാര്യങ്ങളുണ്ട്. 'ദൈവോപദേശം' എന്ന ശീർഷകത്തിൽ വിശുദ്ധഖുർആനിലെ വചനങ്ങളും വന്നുകൊണ്ടിരിക്കും. നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് ഹദീഥുകളും ഉണ്ടായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശോപദേശങ്ങളുടെ ഉദ്ധരണികളും ഉണ്ടായിരിക്കും. ഇപ്രകാരംതന്നെ ചില അഹ്മദി സാഹിത്യകാരന്മാരുടെ ലേഖനങ്ങളും മറ്റു പ്രധാനപ്പെട്ട ലേഖനങ്ങളുമുണ്ടാകും. അഹ്മദി കവികളുടെ കവതികളുമുണ്ടാകും. വെബ്സൈറ്റിനു പുറമെ ട്വിറ്ററിലും ഈ പത്രമുണ്ടാകും. ആൻഡ്രോയിഡി(Android)ന്റെ ആപ്പും(app) തയ്യാറായി കഴിഞ്ഞു. ഇതിപ്പോൾ ദിനപത്രമായി തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് സോഷ്യൽമീഡിയായിലെ ഈ മാർഗങ്ങളിൽനിന്ന് ഉർദു വായിക്കുന്നവർ പ്രയോജനമെടുക്കേണ്ടതാണ്. അതുപോലെതന്നെ സാഹിത്യകാരന്മാരും കവികളും ഇതിനെ തൂലിക കൊണ്ട് സഹായിക്കുക; നല്ലതും ഗവേഷണപരവുമായ ലേഖനങ്ങളും അതിൽ പ്രസിദ്ധീകരിക്കുന്നതിന്. ഈ വെബ്സൈറ്റിൽ ദിനേനയുള്ള ലക്കങ്ങളുടെ പിഡിഎഫ് രൂപത്തിൽ ഇമേജ് ഫയലും ഉണ്ടായിരിക്കുന്നതാണ്. അതു വായിക്കുന്നതിനോടൊപ്പം ഡൗൺലോഡും ചെയ്യാൻ കഴിയും. അത് പ്രിന്റ് ഔട്ട് എടുത്ത് വായിക്കേണ്ടതാണ്. അതും വായിക്കാവുന്നതാണ്. എന്തായാലും അതു ഇന്ന് മുതൽ ആരംഭിക്കുകയാണ്. തിങ്കളാഴ്ച ദിവസം അതിൽ ഖുത്ബ ജുമുഅ മുഴുവനും പ്രസിദ്ധീകരിക്കുന്നതായിരിക്കും. പുതിയ ഖുത്ബയുടെ സംഗ്രഹവും ലഭ്യമായിരിക്കും. ഇൻശാഅല്ലാഹ്. ജുമുഅക്കുശേഷം അതിന്റെ ഉദ്ഘാടനം നടക്കുന്നതായിരിക്കും.

ഇനി രണ്ടു പരേതാത്മാക്കളെ സ്മരിക്കുകയാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതായിരിക്കും. അവരിൽ ആദ്യത്തേത് സയ്യിദ തൻവീറുൽ ഇസ്‌ലാം സാഹിബയാണ്. മിർസാ ഹഫീള് അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യയാണ്. ഡിസംബർ 7ന് 91–ാം വയസ്സിൽ ഇവർ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. അവരുടെ കുടുംബ പശ്ചാത്തലം ഇപ്രകാരമാണ്. അവരുടെ പിതാവിന്റെ പേര് മീർ അബ്ദുസ്സലാം എന്നായിരുന്നു. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പഴയകാല ആത്മാർഥനായ സ്വഹാബി ഹദ്റത്ത് മീർ ഹിസ്സാമുദ്ദീൻ സാഹിബിന്റെ പ്രപൗത്രിയായിരുന്നു. ഹദ്റത്ത് സയ്യിദ് മീർ ഹാമിദ് ശാഹ് സാഹിബിന്റെ പൗത്രിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ മകന്റെ ഭാര്യയായിരുന്നു.

ഹദ്റത്ത് മീർ ഹിസ്സാമുദ്ദീൻ സാഹിബ് വലിയ പ്രസിദ്ധനായ സ്വഹാബിയായിരുന്നു. അദ്ദേഹം 1839–ൽ സിയാൽകോട്ടിൽ ജനിച്ചു. സിയാൽക്കോട്ടിലെ വലിയ പ്രസിദ്ധനായ വൈദ്യനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ താമസിച്ചിരുന്നപ്പോൾ ഹക്കീം സാഹിബ് ഔഷധനിർമാണവും ചികിത്സാലയവും നടത്തിയിരുന്നു. അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താമസം അദ്ദേഹത്തിന്റെ വീടിന്റെ ഒരുഭാഗത്തായിരുന്നു. 1877–ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ വന്നപ്പോൾ ഹക്കീം സാഹിബിന്റെ വീട്ടിൽ ഒരു ക്ഷണപരിപാടിയിൽ പങ്കെടുക്കാൻ പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ യുവത്വവും മാതൃകയും അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിച്ചപ്പോൾ –നല്ലവരും സത്പ്രകൃതക്കാരുമായ ആളുകളിലും ബുദ്ധിയുടെയും വിവേകത്തിന്റെയും പ്രകാശത്തിൽ ഭാഗഭാക്കായവരിലുംപെട്ട ആളുമായ–അദ്ദേഹം സ്വീകരിച്ചു. സിയാൽക്കോട്ടിലെ അദ്ദേഹത്തെ സ്വീകരിച്ച ആത്മാർഥരും കൂറുള്ളവരുമായ ആളുകളിൽ ഈ കുടുംബവും ആദ്യപട്ടികയിലുണ്ട്. (അഹ്മദ്(അ) സീറത്ത് വ സവാനിഹ് (പ്രസിദ്ധീകരിക്കാത്തത്), സയ്യിദ് മുബശ്ശിർ അഹ്മദ് അയാസ് സാഹിബ്, വാല്യം 2, പേജ് 468)

സയ്യിദ് മീർ ഹാമിദ് ശാഹ് സാഹിബ് 1880 ഡിസംബർ 20ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ബയ്അത്ത് രജിസ്റ്റർ അനുസരിച്ച് അദ്ദേഹത്തിന്റെ നമ്പർ 213 ആണ്. അദ്ദേഹത്തിന്റെ ഭാര്യ ഫിറോസ ബീഗം സാഹിബയുടെ നമ്പർ 246 ആണ്. അവർ 1892 ഫെബ്രുവരി 7ന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ ഇവരെ കുറിച്ച് പറയുന്നുണ്ട്. ഇസാലെ ഔഹാം, ആസ്മനീ ഫയ്സല, ആയിനയെ കമാലാത്തെ ഇസ് ലാം, തുഹ്ഫയെ ഖയ്സ്വരിയ്യ സിറാജെ മുനീർ, കിതാബുൽബരിയ്യ, ഹഖീഖത്തുൽ വഹ്യ്, മൽഫൂദാത്ത്, വാല്യം 5 തുടങ്ങി പല സ്ഥലങ്ങളിലും തന്റെ ആത്മാർഥർ, ജൽസാ സാലാനയിൽ പങ്കെടുത്തവർ, ചന്ദ കൊടുത്തവർ അതുപോലെ

**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:–**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

തന്നെ ജൽസാസാലാന, ഡയമണ്ട് ജൂബിലി, സമാധാനപരമായ ജമാഅത്ത് തുടങ്ങിയ കാര്യങ്ങൾ പറഞ്ഞപ്പോൾ ഇവരെ കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

സയ്യിദ തൻവീറുൽ ഇസ്‌ലാം സാഹിബ അവരുടെ തലമുറയിൽപെട്ടവരായിരുന്നു. ഇവർ 1928-ൽ സിയാൽക്കോട്ടിൽ ജനിച്ചു. പിന്നീട് 1948 ജനുവരിയിൽ അവരുടെ വിവാഹം മിർസാ ഹഫീള് അഹ്മദ് സാഹിബുമായി നടന്നു. ഇങ്ങനെ ഇവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ മരുമകളായി. അവർക്ക് 1956 മുതൽ 2008 വരെ വിവിധ കാലങ്ങളിൽ ഏകദേശം 48 വർഷം കേന്ദ്ര ലജ്നയുടെ സെക്രട്ടറി നുമായിശ്(എക്സിബിഷൻ) എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇതുപോലെതന്നെ മറ്റു സേവനങ്ങളുമുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുമായി അവർക്ക് സ്നേഹപരമായ ബന്ധമായിരുന്നു. തഹജ്ജുദ് നമസ്കാരം ഏറെ ശ്രദ്ധിക്കുന്നവരായിരുന്നു. എന്നല്ല അവരുടെ സേവക പറഞ്ഞു: 'അവർ മരിച്ച രാത്രിയിലും മൂന്നമണി യോടടുത്ത് തഹജ്ജുദ് നമസ്കരിച്ചു. എന്നിട്ട് ഉറങ്ങി. ആ അവസ്ഥയിലാണ് മരണം സംഭവിച്ചത്.' അവരുടെ മകൾ പറയുന്നു: 'എന്നോടു പറയാറുണ്ടായിരുന്നു, ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ മരുമകളായി ഈ കുടുംബത്തിൽ വന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യും ഹദ്റത്ത് ഉമ്മുനാസിർ(റ)യും എന്നെ എത്രമാത്രം സ്നേഹിക്കുകയും ആദരിക്കുകയും പ്രീതി നൽകുകയും ചെയ്തുവെന്നാൽ, എന്റെ വീടിന്റെ ഓർമ്മ ഞാൻ തികച്ചും മറന്നുപോയി. പിന്നീട് അവർ ഒരു പാട് കാര്യങ്ങളും ഇതുസംബന്ധമായി പറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി പറഞ്ഞ കാര്യങ്ങൾ ഓർമയുണ്ടായിരുന്നു; നല്ല ഓർമശക്തിയായിരുന്നു. അല്ലാഹു അവരോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ സ്മരണ നമ്മുടെ പരേതയായ സിസ്റ്റർ ഹാജ ശക്കൂറ നൂരിയ സാഹിബയുടേതാണ്. അമേരിക്കക്കാരിയാണ്. ഡിസംബർ 1ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1960 ന്റെ ദശകത്തിൽ ഇവർ ഹൈസ്കൂളിൽ ചരിത്രാധ്യാപികയായിരുന്നു. പിന്നീട് വേൾഡ് ഹിസ്റ്ററിയിൽ എം.എ. ബിരുദം കരസ്ഥമാക്കി. റിട്ടയേർഡായതിനുശേഷം പ്രൊട്ടസ്റ്റന്റ് മിഷണറിയാകണമെന്നായിരുന്നു അവരുടെ ആഗ്രഹം. പക്ഷേ, അതിനുശേഷം ഹദ്റത്ത് ഈസാ(അ) ദൈവപുത്രനാണെന്ന കാര്യം അറിഞ്ഞപ്പോൾ അവർ രണ്ടാമത്തെ മാർഗം സ്വീകരിക്കാൻ തീരുമാനിച്ചു. പിന്നീട് 1968-ൽ വ്യക്തമായനിലയിൽ ചർച്ചും ഉപേക്ഷിച്ചു. അമേരിക്ക, മെക്സിക്കൊ, കനഡ തുടങ്ങിയ രാജ്യങ്ങളിൽ സഞ്ചരിച്ചതിനുശേഷം അവർ ആഫ്രിക്കയിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം നടത്താൻ ഒരുവർഷം അവധിയെടുത്തു. തുടർന്ന് യൂറോപ്പിലും പര്യടനം നടത്തി. മനസ്സിൽ ഉയർന്നുവന്ന മതപരമായ ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം അന്വേഷിച്ചുകൊണ്ടിരുന്നു.

വാഷിംഗ്ടൺ ഡി സി യിൽ മടങ്ങിവന്നപ്പോൾ ഇസ്‌ലാംമതത്തെ പരിചയപ്പെട്ടു. യാദൃച്ഛികമായി അവർ എയർപോർട്ടിൽവച്ച് തന്റെ ഒരു സുഹൃത്തിന്റെ മകനുമായി കണ്ടുമുട്ടി. അദ്ദേഹം കുറച്ചുകാലം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. അപ്പോൾ അവിടെ മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബുമുണ്ടായിരുന്നു. അദ്ദേഹം അവിടെ മീർ മഹ്മൂദ് അഹ്മദ് സാഹിബ് നാസിറിനെ കാണുന്നതിനുവേണ്ടി മുബശ്ശിർ സാഹിബിനോടൊപ്പം എയർപോർട്ടിലുണ്ടായിരുന്നു. അതിനിടയിൽ അവരേയും പരിചയപ്പെട്ടു. അദ്ദേഹം അവർക്ക് ഇസ്‌ലാം മതത്തെ പരിചയപ്പെടുത്തിക്കൊടുത്തു. പിന്നീട് ഈ പരമ്പര തുടർന്നു. പതുക്കെ പതുക്കെ ഇസ്‌ലാമിലേക്ക് ചായ്‌വുണ്ടായി. ഏതൊരു വിശ്വാസാദർശമാണോ അവർ അന്വേഷിച്ചുനടന്നിരുന്നത് അത് അവർക്ക് ഇസ്‌ലാമിൽ കാണാൻ കഴിഞ്ഞു. 1977-ൽ അവർ ഒരു സ്വപ്നത്തിൽ വിശുദ്ധഖുർആന്റെ ഒരു പ്രതിയും കലിമശഹാദത്തും കണ്ടു. അതിനുശേഷം അവർക്ക് ഇസ്‌ലാം-അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ മതമെന്ന് ദൃഢവിശ്വാസമുണ്ടായി. അങ്ങനെ അവർ ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം അവർ വിവിധ നിലകളിൽ ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തു. ലജ്ന ഇമാഇല്ലായുടെ വിവിധ പരിപാടികളിൽ പങ്കെടുത്തുവെന്ന് മാത്രമല്ല പ്രത്യുത സേവനനിരതമായ പങ്കുവഹിക്കുകയും ചെയ്തു. 1986-ൽ അവർ വാഷിംഗ്ടൺ ഡി.സി. മജ്‌ലിസിന്റെ ലോക്കൽ സദ്റായി തിരഞ്ഞെടുക്കപ്പെട്ടു. അവിടെ 5 വർഷംവരെ സേവനം ചെയ്തു. അതിനോടൊപ്പം അവർക്ക് നാഷണൽ നാഇബ് സദ്ർ എന്ന നിലയിലും ഖിദ്മത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. ഇതിനു പുറമെ അവർക്ക് വിവിധ വകുപ്പുകളിലും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. 1995-ൽ അവർ ഹജ്ജ് ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ്(റഹ്)യുടെ നിർദേശമനുസരിച്ചും അവിടത്തെ മാർഗ്ഗദർശനത്തിലും വിശുദ്ധഖുർആന്റെ അഞ്ചു വാള്യം തഫ്സീറിന്റെ Five Volume Commentary-ക്കുവേണ്ടി 118 പേജ് അടങ്ങുന്ന ഇന്റക്സ് തയ്യാറാക്കിയ കമ്മിറ്റിയിലുമുണ്ടായിരുന്നു. അത് തയ്യാറാക്കുന്നതിൽ അവർക്ക് വലിയ പങ്കാണുള്ളത്. ലജ്നയുടേയും ജമാഅത്തിന്റേയും വിവിധ മാസികകളിലും മജ്‌ലിസുകളിലും അവർ നിരവധി ലേഖനങ്ങളെഴുതി. 1987ലും 98ലും അത്ഫാലിനുവേണ്ടി സമ്മർക്യാമ്പിൽ കൗൺസിലർ എന്ന നിലയിൽ സേവനങ്ങൾ ചെയ്തു. വർഷങ്ങളോളം അവർ അഹ്മദിയ്യാ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മിറ്റിയിലും സേവനം ചെയ്തു. ഇതുമുഖേന അവർ അങ്ങേയറ്റം കഠിനാധ്വാനം ചെയ്ത് പാകിസ്താൻ ഭരണകൂടം അഹ്മദികൾക്കെതിരെ നടത്തുന്ന അക്രമങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഡോക്യുമെൻസും തയ്യാറാക്കി.

ശംശാദ് നാസിർ സാഹിബാണ് അവിടുത്തെ മുബല്ലിഗ്. അദ്ദേഹം എഴുതുന്നു: 'പക്ഷേ, ഈ എല്ലാ ജോലികൾക്കുമുപരി അവർ പറയാറുണ്ടായിരുന്നു, തബ്‌ലീഗ് ചെയ്യുക എന്നതാണ് താൻ ഒന്നാമതായി സ്നേഹിക്കുന്നതെന്ന്. എല്ലാ ജോലിയുടെമേലും തന്റെ തബ്‌ലീഗ് പരിപാടികൾ മുന്തിക്കാറുണ്ടായിരുന്നു. വർഷങ്ങളോളം അവർ ലജ്നയുടെ നാഷണൽ തബ്‌ലീഗ് സെക്രട്ടറി എന്ന നിലയിൽ സേവനങ്ങൾ ചെയ്തു. റേഡിയോ, ടെലിവിഷൻ പരിപാടികളിലും തബ്‌ലീഗ് ചെയ്യുമായിരുന്നു. അതുപോലെതന്നെ യൂണിവേഴ്സിറ്റി കാമ്പസുകളിലും ക്രിസ്ത്യൻ പള്ളികളിലും വിവിധ തബ്‌ലീഗ് പരിപാടികൾ സംഘടിപ്പിക്കുന്നതിൽ കർമപരമായ പങ്കുവഹിച്ചു. ജമാഅത്തിന്റെ സാഹിത്യങ്ങൾ വിവിധ എത്തനിക് (ethinic)സംഘങ്ങളിൽ വിതരണം ചെയ്യുന്നതിനും അവർ കൃത്യമായി പദ്ധതികൾ തയ്യാറാക്കിയിരുന്നു.

ഇപ്പറഞ്ഞത് ശംശാദ് സാഹിബിന്റെ റിപ്പോർട്ടല്ല. ഇത് മറ്റൊവിടുന്നോ വന്ന റിപ്പോർട്ടാണ്. ശംശാദ് സാഹിബ് എഴുതിയതിങ്ങനെയാണ്: 'സിസ്റ്റർ ശക്കൂറ നൂരിയ്യ സാഹിബ പർദ കൃത്യമായി പാലിച്ചിരുന്നു. എപ്പോഴും പാക്കിസ്താനി ശൈലിയിലുള്ള പർദ അണിഞ്ഞിരുന്നു. അവരുടെ ബുർഖ അവരുടെ ഒരു ജോലിയിലും തടസ്സമായില്ല. ജമാഅത്തുപരമായ ജോലികൾ കാരണത്താൽ അവർക്ക് ചില നേരങ്ങളിൽ ഭരണതലത്തിലും സെന്റേഴ്സുകളിലും, കോൺഗ്രസ്മാൻ തുടങ്ങിയവയിലും പോകേണ്ടിവന്നിരുന്നു. അവിടെയും ബുർഖ ധരിച്ചാണ് പോകാറുള്ളത്. എല്ലാ ജോലിയും നല്ലവണ്ണം നിർവ്വഹിച്ചിരുന്നു. തബ്‌ലീഗ് പ്രവർത്തനങ്ങളിൽ മുബല്ലിഗുമാരെ ഒരുപാട് സഹായിച്ചിരുന്നു.' ശംശാദ് സാഹിബ് പറയുന്നു: 'ഞാനിവിടെ പുതിയതായി വന്നപ്പോൾ എന്നോടൊപ്പമിരുന്ന് എനിക്ക് അമേരിക്കയുടെ ചരിത്രം പറഞ്ഞുതന്നു. ജോലിയിൽ സഹായിച്ചു.' വീണ്ടും എഴുതുന്നു: 'അവർ ഖിലാഫത്തിനെ അങ്ങേയറ്റം ആദരിച്ചിരുന്നു. അഗാധമായ ബന്ധമായിരുന്നു. ഞാനിപ്പോൾ 2018-ൽ അമേരിക്കയിൽ പോയപ്പോൾ രോഗമുണ്ടായിട്ടും വീൽചെയറിൽ വളരെ പ്രയാസപ്പെട്ട് ബുദ്ധിമുട്ടി എന്നെ കാണാൻ വന്നു. ഖുത്ബകൾ വളരെ കണിശതയോടെ കേൾക്കുമായിരുന്നു. ആരംഭത്തിൽ എം.ടി.എ ഇല്ലാതിരുന്നപ്പോൾ കാസറ്റിലൂടെയാണ് ഖുത്ബകൾ വന്നിരുന്നത്. അപ്പോൾ ഖുത്ബ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുവാൻ ഒരുപാട് സഹായിച്ചിരുന്നു. ജമാഅത്തായി കൃത്യതയോടെ നമസ്കരിക്കുമായിരുന്നു.' ഇദ്ദേഹം എഴുതുന്നു: 'ഞാൻ അവരെ കണ്ടിട്ടുള്ളതെല്ലാം മസ്ജിദിലാണ്. കൃത്യമായി ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുക്കുമായിരുന്നു.' അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇത്തരം സേവനവികാരത്തോടെ പ്രവർത്തിക്കുന്നവരേയും ആത്മാർഥതയിലും കൂറിലും വളർന്നവരേയും അല്ലാഹു കൂടുതലായി ജമാഅത്തിന് പ്രദാനം ചെയ്യുമാറാകട്ടെ.






**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'

(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214-215)

(ഖുത്ബ ജുമുഅ 29-5-2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27-1-2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

## ഖുത്ബ ജുമുഅ

ജനങ്ങളേ! നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ ഈ ഉടമ്പടിയുടേയും കരാറിന്റേയും അർഥമെന്താണെന്ന്? ഇതിന്റെ ഉദ്ദേശ്യം നിങ്ങളിനി എല്ലാ കറുത്തവർഗക്കാരനേയും വെളുത്തവർഗക്കാരനേയും നേരിടാൻ തയ്യാറായിരിക്കണമെന്നാണ്........എല്ലാ ത്യാഗത്തിനും സന്നദ്ധരായിരിക്കേണ്ടതാണ്.

**നബി(സ)തിരുമേനി പറഞ്ഞു:നിങ്ങൾക്ക് അല്ലാഹുവിന്റെ സ്വർഗം കിട്ടുന്നതാണ്. അത് അവന്റെ എല്ലാ സമ്മാനങ്ങളിലുംവച്ച് ഏറ്റവും വലിയ സമ്മാനമാണ്.**

എല്ലാവരും പറഞ്ഞു: ഞങ്ങൾക്ക് ഈ കച്ചവടം സമ്മതമാണ്. യാ റസൂലല്ലാഹ്! അങ്ങ് കൈ മുന്നോട്ടു നീട്ടിയാലും. അവിടന്ന് തന്റെ പരിശുദ്ധ ഹസ്തം മുന്നോട്ടുനീട്ടി. ജീവത്യാഗികളുടെ ഈ എഴുപതു പേരടങ്ങുന്ന സംഘം ഒരു പ്രതിരോധപരമായ ഉടമ്പടിയിൽ അവിടത്തെ കൈയിൽ വിൽക്കപ്പെട്ടു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ, ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റളിയല്ലാഹു അൻഹുമാ)യുടെ അനുഗൃഹീത ജീവചരിത്ര വിവരണം

നഖ്ലയിലേക്കുള്ള അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ യുദ്ധ നടപടിയും ബസ്വ്വര നഗരത്തിന്റെ സ്ഥാപനവും രണ്ടാം അഖബ ബയ്അത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന വിശദമായ വിവരണവും

**ഖുത്ബ ജുമുഅ 2019 ഡിസംബർ 20/1398 ഫതഹ് 20**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ സ്വഹാബിമാരുടെ വിവരണത്തിൽ ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനെക്കുറിച്ചുള്ള പരാമർശമായിരുന്നു നടന്നുകൊണ്ടിരുന്നത്. ആ വിഷയം അവസാനിച്ചിരുന്നില്ല. അതു സംബന്ധമായി മറ്റു ചില കാര്യങ്ങൾക്കൂടി ഇപ്പോൾ വിവരിക്കുന്നതായിരിക്കും.

നബി(സ)തിരുമേനി ഹിജ്റ രണ്ടാം വർഷത്തിൽ തന്റെ അമ്മായിയുടെ മകനായ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ നഖ്ലയിലേക്കയച്ചു. ഹദ്റത്ത് ഉത്ബയും ആ സൈന്യത്തിൽ പങ്കെടുത്തിരുന്നു. ഈ യുദ്ധ നടപടിയെ കുറിച്ച് മുമ്പേയും ഒരു പരിധിവരെ ഒരുസ്വഹാബിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ വിവരിച്ചു കഴിഞ്ഞതാണ്. എന്തായലും ഇപ്പോൾ ചുരുക്കി ഒന്നു കൂടി പറയാം. സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു:

'ഖുറയ്ശികളുടെ അനക്കമടക്കങ്ങൾ കുടുതൽ അടുത്തു നിന്നറിയുകയും അതനുസരിച്ച് അവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുക എന്നതായിരുന്നു നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം. അങ്ങനെ പെട്ടെന്നുള്ള ആക്രമണങ്ങളിൽനിന്നെല്ലാം മദീന സുരക്ഷിതമായിരിക്കണം. അതിനായി എട്ട് മുഹാജിറുകളടങ്ങുന്ന ഒരു പാർട്ടി നബി(സ)തിരുമേനി തയ്യാറാക്കുകയും ഖുറയ്ശികളുടെ രഹസ്യ പദ്ധതികളെക്കുറിച്ച് എളുപ്പത്തിൽ അറിവു ലഭിക്കുക എന്നുദ്ദേശ്യത്തോടെ ഈ പാർട്ടിയിൽ ഖുറയ്ശികളുടെ വ്യത്യസ്ത ഗോത്രങ്ങളിൽ നിന്നുള്ള ആളുകളെ ഉൾപ്പെടുത്തുകയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ ആ പാർട്ടിയുടെ അമീർ ആയി നിശ്ചയിക്കുകയും ചെയ്തു. ഈ സൈന്യത്തെ അയക്കുമ്പോൾ എവിടേക്കാണു പോകുന്നതെന്നോ എന്തിനു വേണ്ടിയാണു പോകുന്നതെന്നോ നബി(സ)തിരുമേനി നേതാവിനെ അറിയിച്ചിട്ടുണ്ടായിരുന്നില്ല. പുറപ്പെടുമ്പോൾ സീൽ ചെയ്ത ഒരു എഴുത്ത് അമീറിന് നൽകിയിട്ടു പറഞ്ഞു: 'ഈ കത്തിൽ നിങ്ങൾക്കുള്ള നിർദേശങ്ങളുണ്ട്. മദീനയിൽ നിന്ന് രണ്ടു ദിവസത്തെ യാത്ര ചെയ്തു കഴിയുമ്പോൾ ഈ കത്തു തുറന്ന് അതിലെ നിർദേശങ്ങൾ പ്രാവർത്തികമാക്കുക.

അങ്ങനെ മദീനയിൽനിന്ന് രണ്ടു ദിവസത്തെ യാത്ര പിന്നിട്ടപ്പോൾ അബ്ദുല്ലാഹ്(റ) നബിതിരുമേനിയുടെ നിർദേശങ്ങൾ തുറന്നു നോക്കി. അതിൽ ഇങ്ങനെ എഴുതിയിരുന്നു: 'മക്കയ്ക്കും ത്വായിഫിനുമിടയിലുള്ള നഖ്ല താഴ്വരയിലേക്കു നിങ്ങൾ പോകുകയും ഖുറയ്ശികളുടെ അവസ്ഥകളെക്കുറിച്ചറിയുകയും അത് നമ്മെ അറിയിക്കുകയും ചെയ്യുക.' നബി(സ)തിരുമേനി കത്തിന്റെ അടിയിൽ ഇങ്ങനേയും നിർദേശിച്ചിരുന്നു, ഈ ദൗത്യം മനസ്സിലാക്കിയതിനുശേഷം താങ്കളുടെ ഏതെങ്കിലും കൂട്ടുകാരൻ ഈ പാർട്ടിയിൽ നില്ക്കണോ വേണ്ടേ എന്ന് ചിന്തിക്കുകയാണെങ്കിൽ തിരിച്ചുപോരേണ്ടതാണ്.' അതായത് ഈ കത്തു വായിച്ചുകഴിഞ്ഞാൽ അയക്കപ്പെട്ട ഈ സൈന്യത്തിന്റെ ഉദ്ദേശ്യം എന്താണെന്ന് അറിഞ്ഞു കഴിഞ്ഞാൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അവർ തിരിച്ചുപോരേണ്ടതാണ്. അവരിൽ ഒരു നിർബന്ധവും ചെലുത്തുകയില്ല. എന്തായാലും അവിടന്ന് പറഞ്ഞു, അങ്ങനെയാരെങ്കിലുമുണ്ടെങ്കിൽ അവർക്ക് മടങ്ങിപ്പോരാൻ അനുവാദം നല്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ നിർദേശം ഹദ്റത്ത് അബ്ദുല്ലാഹ്(റ) തന്റെ കൂട്ടുകാരെ കേൾപ്പിച്ചു. എല്ലാവരും ഒറ്റക്കെട്ടായി പറഞ്ഞു:'ഞങ്ങൾ സന്തോഷത്തോടെ ഈ സേവനത്തിന് സന്നദ്ധരാണ്.' അതിനു ശേഷം ആ സൈന്യം നഖ്ലയിലേക്കു തിരിച്ചു. വഴിമധ്യേ സഅ്ദ് ബിൻ അബീ വഖാസിന്റെയും ഉത്ബ ബിൻ ഗസ്വാന്റെയും ഒട്ടകം കാണാതെപോയി. അവർ അതിന്റെ അന്വേഷണത്തിൽ കൂടെയുള്ളവരിൽനിന്ന് കൂട്ടംതെറ്റിപ്പോയി. വളരെ അന്വേഷിച്ചിട്ടും കൂടെയുള്ളവരെ കണ്ടെത്താനായില്ല. അങ്ങനെ ആറുപേരടങ്ങുന്ന ഒരു സംഘമായി അവശേഷിച്ചു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് യൂറോപ്യൻ എഴുത്തുകാരനായ ഗോലീസിനെ പറ്റി എഴുതുന്നു: അയാൾ ഈ അവസരത്തിൽ ഇങ്ങനെ എഴുതുന്നു: സഅ്ദ് ബിൻ അബീവഖാസും ഉത്ബയും മനഃപ്പൂർവം തങ്ങളുടെ ഒട്ടകത്തെ വിട്ടതാണ്. ഈ തന്ത്രംകൊണ്ടാണ് പിന്നിലായത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഇസ്ലാമിനുവേണ്ടി ജീവിതം സമർപ്പണം ചെയ്ത ഈയാളുകളുടെമേൽ –അവരുടെ ജീവിതത്തിന്റെ ഓരോരോ സംഭവവും ധൈര്യത്തിനും വിലയനത്തിനും സാക്ഷിയാണ്. അവരിലൊരാൾ ബിഅ്റെ മഊനയിൽ അവിശ്വാസികളുടെ കൈയാൽ ശഹീദാകുകയും ചെയ്തു. രണ്ടാമത്തെയാൾ പല ഭയാനകമായ യുദ്ധനടപടികളിലും വ്യക്തമായി പങ്കെടുത്ത് അവസാനം ഇറാഖിന്റെ വിജയിയായി. അവരെക്കുറിച്ച് മിനഞ്ഞെടുത്ത ചിന്തകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള സംശയം വെച്ചുപുലർത്തുന്നത് മിസ്റ്റർ മാർഗോലീസിന്റെതന്നെ ഭാഗമാണ്. പിന്നീട് രസകരമായ കാര്യം മാർഗോലീസ് തന്റെ ഗ്രന്ഥത്തിൽ താൻ ഈ ഗ്രന്ഥം എല്ലാതരത്തിലുള്ള പക്ഷപാതത്തിൽനിന്ന് പരിശുദ്ധനായിക്കൊണ്ടാണ് എഴുതിയതെന്നും വാദിക്കുന്നു.

എന്തായാലും എവിടെയെങ്കിലും മുസ് ലിമീങ്ങളേയും ഇസ്ലാമിനേയും ആക്ഷേപിക്കാൻ അവസരം കിട്ടിയാൽ ഒരിക്കലും പാഴാക്കിക്കളയുകയില്ലെന്നത് ഇക്കൂട്ടരുടെ രീതിയാണ്. ഇനി സൈന്യത്തിന്റെ യഥാർഥ സംഭവത്തിലേക്ക് വരാം.

മുസ്ലിമീങ്ങളുടെ ചെറുസംഘമായിരുന്നു. അവർ നഖ്ലയിൽ എത്തുകയും തങ്ങളുടെ ജോലികളിൽ വ്യാപൃതരാകുകയും ചെയ്തു. അതായത് വിവരങ്ങൾ ശേഖരിക്കുന്നതിലും മക്കയിലെ നിഷേധികളുടെ ചലനങ്ങൾ എന്താണെന്ന് അറിയുന്നതിലും മുഴുകി. അവരുടെ തീരുമാനം എന്താണ്? മുസ്ലിമീങ്ങളുടെമേൽ എന്തെങ്കിലും ആക്രമണം നടത്താൻ പരിപാടി വല്ലതുമുണ്ടോ? അങ്ങനെ അവർ തങ്ങളുടെ ജോലിയിൽ വ്യാപൃതരായിക്കൊണ്ടിരുന്നു. അവരിൽ ചിലർ രഹസ്യം

കാത്തുസൂക്ഷിക്കുന്നതിനായി തല മുണ്ഡനം ചെയ്തു. വഴിപോക്കർ അവരെ ഉംറ നിർവ്വഹിക്കുന്നതിനായി വന്നവരാണെന്നു ധരിക്കുകയും ആർക്കും ഒരുവിധ സംശയവും തോന്നാതിരിക്കാൻവേണ്ടിയുമാണ് അങ്ങനെ ചെയ്തത്. പക്ഷേ, ഒരു ദിവസം ത്വായിഫിൽ നിന്ന് മക്കയിലേക്കു പോകുകയായിരുന്ന ഖുറയ്ശികളുടെ ഒരു ചെറുസംഘം പെട്ടന്നവിടെ എത്തിച്ചേർന്നു. ഇരു സംഘങ്ങളും നേർക്കുനേർ കണ്ടുമുട്ടി. എന്തു ചെയ്യണമെന്ന് മുസ്‌ലിമീങ്ങൾ പരസ്പരം കൂടിയാലോചിച്ചു. നബി(സ)തിരുമേനി അവരെ അതീവ രഹസ്യമായി വാർത്തകളറിഞ്ഞുവരാൻ അയച്ചതായിരുന്നു. ഒരു ആക്രമണം നടത്താനായിട്ടായിരുന്നില്ല അയച്ചത്. അങ്ങനെ ഇരു കക്ഷികളും മുഖാമുഖം നിൽക്കുകയായിരുന്നു. സ്വാഭാവികമായും അവർക്കു തോന്നി അതായത് ഖുറയ്ശി സംഘം നമ്മെ കണ്ടുകഴിഞ്ഞു. ഇനി രഹസ്യം സൂക്ഷിക്കുവാൻ കഴിയില്ല. അതേ സമയം ചില മുസ്‌ലിമീങ്ങൾ ചിന്തിച്ചു, ഇത് റജബ് മാസമാണ്. അതായത് ശഹ്റു ഹറാമിന്റെ(ആദരണീയ മാസത്തിന്റെ) അവസാനമാണ്. അറബികളുടെ സമ്പ്രദായമനുസരിച്ച് യുദ്ധം ചെയ്യാൻ പാടില്ല. ചിലർ മനസ്സിലാക്കിയിരുന്നത് റജബ് കഴിഞ്ഞിരിക്കുന്നു. ശഅ്ബാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ സൈന്യം ജമാദുൽ ആഖർ മാസത്തിലാണ് അയക്കപ്പെട്ടതെന്ന് ചിലനിവേദനങ്ങളിലുണ്ട്. ഇത് ജമാദിന്റെ ദിനമാണോ റജബിന്റെ ദിനമാണോ എന്നായിരുന്നു സംശയം. മറുഭാഗത്ത് നഖ്‌ല താഴ്‌വര ഹറമിന്റെ അതിർത്തി പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഇന്നുതന്നെ എന്തെങ്കിലും തീരുമാനമുണ്ടായില്ലെങ്കിൽ നാളെ ഈ സംഘം ഹറമിൽ പ്രവേശിക്കുന്നതാണ്. അതിന്റെ പവിത്രത കാത്തു സൂക്ഷിക്കേണ്ടതും ആവശ്യമാണ്. ഇതെല്ലാം ചിന്തിച്ച് ഒടുവിൽ മുസ്‌ലിമീങ്ങൾ തീരുമാനമെടുത്തു, 'ഖുറയ്ശി സംഘത്തെ ആക്രമിക്കുക. ആക്രമിച്ച് ബന്ദികളാക്കുകയോ വധിക്കുകയോ ചെയ്യുക.' അങ്ങനെ അവർ ആക്രമിച്ചു. സത്യനിഷേധികളിൽ ഒരാൾ വധിക്കപ്പെട്ടു രണ്ടുപേരെ ബന്ദികളാക്കി. നാലാമത്തെ ആൾ ഓടി രക്ഷപ്പെട്ടു. മുസ്‌ലിമീങ്ങൾക്ക് അയാളെ പിടികൂടാൻ കഴിഞ്ഞില്ല. അപ്രകാരം അവരുടെ പദ്ധതികൾ വിജയത്തിന്റെ വക്കിലെത്തി. അതിനു ശേഷം മുസ്‌ലിമീങ്ങൾ ആ സംഘത്തിന്റെ മുതലുകൾ കൈക്കലാക്കി. ഖുറയ്ശികളുടെ ഒരാൾ രക്ഷപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് തീർച്ചയായും അയാൾ ഈ ആക്രമണത്തെക്കുറിച്ചുള്ള വാർത്ത മക്കയിലെത്തിക്കും. അതുകൊണ്ട് അബ്ദുല്ലാഹ് ബിൻ ജഹശും കൂട്ടരും യുദ്ധമുതലുകളുമായി പെട്ടെന്ന് മദീനയിലേക്കു തിരിച്ചുവന്നു.

ഈ അവസരത്തിൽ മാർഗോലീസ് സാഹിബ് എഴുതുന്നു:'വാസ്തവത്തിൽ മുഹമ്മദ്(സ) ഈ സൈന്യത്തെ മനഃപ്പൂർവം ശഹ്റെഹറാമിൽ(ആദരണീയമാസത്തിൽ)അയക്കുകയായിരുന്നു. കാരണം ഈ മാസത്തിൽ ഖുറയ്ശികൾ സ്വാഭാവികമായും അശ്രദ്ധരായിരിക്കും. മുസ്‌ലിമീങ്ങൾക്ക് അവരുടെ യാത്രാസംഘം തിരിച്ചുവരുന്നതിന് എളുപ്പവും ദൃഢപരവുമായ അവസരം കിട്ടും.' പക്ഷേ, ബുദ്ധിമാനായ ഓരോ മനുഷ്യനും മനസ്സിലാക്കാവുന്നതാണ് അത്തരം സംഘബലം കുറഞ്ഞ സംഘത്തിന് ഇത്രദൂരത്തുള്ള പ്രദേശത്ത് ഏതെങ്കിലും യാത്രാസംഘത്തെ നശിപ്പിക്കാൻ അയക്കുകയില്ലെന്ന്; പ്രത്യേകിച്ചും ശത്രുക്കളുടെ ഹെഡ്കോർട്ടർ ഇത്ര അടുത്തായിരിക്കുമ്പോൾ! പിന്നെ ഈ സംഘത്തെ കേവലം വിവരശേഖരണത്തിനുവേണ്ടിമാത്രമാണ് അയച്ചതെന്ന് ഖണ്ഡിതമായ നിലയിൽ ചരിത്രത്തിൽനിന്ന് സ്ഥാപിതവുമാണ്. സ്വഹാബ യാത്രാ സംഘത്തിനുമേൽ ആക്രമണം നടത്തിയപ്പോൾ നബി(സ)തിരുമേനി കഠിനമായി വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. ഈ സംഘം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി നടന്നതെല്ലാം കേൾപ്പിച്ചു. അപ്പോൾ അവിടന്ന് വളരെയധികം ദേഷ്യപ്പെട്ടു പറഞ്ഞു: ഞാൻ നിങ്ങൾക്കു ശഹ്റെ ഹറാമിൽ അതായത് ആദരണീയ മാസത്തിൽ യുദ്ധം ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ടായിരുന്നില്ല. നബി(സ)തിരുമേനി ഗനീമത്തുമുതൽ (യുദ്ധമുതൽ) നിഷേധിക്കുകയും ചെയ്തു. അബ്ദുല്ലായും കൂട്ടരും അത്യധികം ലജ്ജിതരായി. അല്ലാഹുവിന്റെയും റസൂലിന്റെയും കോപത്തിനിരയായി തങ്ങൾ നശിച്ചിരിക്കുന്നു എന്നവർ വിചാരിച്ചു. നിങ്ങൾ എന്താണീ ചെയ്തത് എന്നു പറഞ്ഞ് മറ്റു സ്വഹാബികളും അവരെ കുറ്റപ്പെടുത്തി.

മറുവശത്ത് മുസ്‌ലിമീങ്ങൾ ആദരണീയ മാസത്തിന്റെ പവിത്രത തകർത്തിരിക്കുന്നുവെന്ന് പറഞ്ഞ് ഖുറയ്ശികളും ബഹളമുണ്ടാക്കി. ഖുറൈശികളിൽ നിന്ന് വധിക്കപ്പെട്ട വ്യക്തി അംറ് ബിൻ അൽഹിദ്‌റമി മക്കയിലെ ഒരു നേതാവായിരുന്ന ഉത്ബ ബിൻ റബീഅയുടെ അവിടുത്തെ സഖ്യകക്ഷികളിൽപ്പെട്ടയാളുമായിരുന്നു. അക്കാരണം കൊണ്ടും ഈ സംഭവത്തിൽ ഖുറയ്ശികളുടെ കോപാഗ്നി കൂടുതൽ ആളിക്കത്തി. അവർ പൂർവ്വാധികം ആവേശത്തോടുകൂടി മദീനയെ ആക്രമിക്കാൻ തയ്യാറായി. ചുരുക്കത്തിൽ ഈ സംഭവത്തോടെ മുസ്‌ലിമീങ്ങളും നിഷേധികളും ഇരുകൂട്ടരും തമ്മിൽ വാഗ്വാദങ്ങളുണ്ടായി. ഒടുവിൽ വിശുദ്ധഖുർആനിലെ ഈ ആയത്ത് ഇറങ്ങി. അതിനു ശേഷം മുസ്‌ലിമീങ്ങൾക്ക് ആശ്വാസവും സമാധാനവുമായി. ആ ആയത്തിതാണ്:

*യസ്അലൂനക്ക അനിശ്ശഹ്‌റിൽഹറാമി ഖിത്താലിൻ ഫീഹി കബീറുൻ വ്വ സദ്ദുൻ അൻ സബീലില്ലാഹി വ കുഫ്‌റുൻ ബിഹി വൽമസ്ജിദിൽ ഹറാമി വ ഇഖ്റാജു അഹ്‌ലിഹീ മിൻഹു അക്ബറു യിൻദല്ലാഹി വൽഫിത്നത്തു അക്ബറു മിനൽഖത്‌ലി വലാ യസാലൂന യുഖാത്തിലൂനക്കും ഹത്താ യറുദ്ദൂക്കും അൻ ദീനിക്കും ഇനിസ്തത്വാഊ*

അതായത് ആദരണീയ മാസത്തിൽ യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് ജനങ്ങൾ നിന്നോടു ചോദിക്കുന്നു. അവരോടു പറയുക, അതിൽ യുദ്ധം ചെയ്യുന്നത് വലിയ അപരാധമാണ്. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽ നിന്നു ജനങ്ങളെ തടയുന്നതും അവനെ നിഷേധിക്കുന്നതും അവിടുത്തെ നിവാസികളെ അതിൽ നിന്നു ബഹിഷ്കരിക്കുന്നതും അല്ലാഹുവിന്റെ പക്കൽ അതിനേക്കാൾ വലിയ അപരാധമാകുന്നു. തീർച്ചയായും ആദരണീയ മാസത്തിൽ ഫിത്‌ന ഉണ്ടാക്കുക എന്നത് ആ ഫിത്‌നയെ തടയുന്നതിനുവേണ്ടി കൊല ചെയ്യുന്നതിനേക്കാൾ കുറ്റകരമാണ്. മുസ്‌ലിമീങ്ങളേ, സത്യനിഷേധികളുടെ അവസ്ഥ എപ്രകാരമാണെന്നാൽ അവർ നിങ്ങളോടുള്ള ശത്രുതയാലുള്ള അന്ധത നിമിത്തം ഏതു സമയത്തും എവിടെ വച്ചും നിങ്ങളോടു യുദ്ധം ചെയ്യാൻ മടിക്കുകയില്ല. അവർക്കു സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽനിന്നു നിങ്ങളെ പിന്തിരിപ്പിക്കുവോളം അവർ നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടേയിരിക്കും. (2:218)

അങ്ങനെ ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത് ഇസ്‌ലാമിന്നെതിരിൽ ഖുറയ്ശിനേതാക്കൾ തങ്ങളുടെ രക്തപങ്കിലമായ പ്രൊപ്പഗണ്ട പരിശുദ്ധ ഹറമിലും തുടർന്നുകൊണ്ടിരുന്നുവെന്നാണ്. എന്നല്ല പരിശുദ്ധ ഹറമിലെ സമ്മേളനങ്ങളിൽനിന്നും യാത്രകളിൽനിന്നും ഫലമെടുത്തു; ആ മാസങ്ങളിൽ അവരുടെ കലാപപരമായ പരിപാടികൾക്ക് വേഗം കൂടുമായിരുന്നു. പിന്നെ നാണമേതുമില്ലാതെ തങ്ങളുടെ മനസ്സിന് വ്യാജമായ സംതൃപ്തി പകരുന്നതിന് അവർ ആദരണീയ മാസങ്ങളെ അതിന്റെ സ്ഥാനത്തുനിന്ന് അങ്ങോട്ടുമിങ്ങോട്ടും മാറ്റുകയും ചെയ്യാറുണ്ടായിരുന്നു. അതിന് അവർ 'നസീഅ്'എന്ന പേരാണ് ഇട്ടിരുന്നത്. പിന്നീട് മുന്നോട്ടു കടന്ന് അവർ കോപംതന്നെ ഉണ്ടാക്കി. ഹുദയ്ബിയ സന്ധിയുടെ കാലത്ത് ശക്തമായ ഉടമ്പടി ചെയ്തിട്ടും മക്കയിലെ അവിശ്വാസികളും അവരുടെ കൂട്ടുകാരും ഹറം പ്രദേശത്ത് മുസ് ലിമീങ്ങളുടെ ഒരു സഖ്യകക്ഷി ഗോത്രത്തിന്നെതിരെ വാൾ ചുഴറ്റി. മുസ് ലിമീങ്ങൾ ആ ഗോത്രത്തെ സഹായിക്കാൻ പുറപ്പെട്ടപ്പോൾ അവർക്കെതിരിലും ഹറമിൽവച്ചുതന്നെ വാൾ ഉപയോഗിച്ചു.

അല്ലാഹുവിൽ നിന്നുള്ള ഈ മറുപടി അതായത് വിശുദ്ധ ഖുർആനിന്റെ ആയത്ത് മുസ്‌ലിമീങ്ങൾക്ക് ആശ്വാസദായകമായിരുന്നു. ഖുറയ്ശികളും അല്പം അടങ്ങി. അതിനിടയിൽ ത്തന്നെ അവരുടെ ആളുകൾ അവരുടെ തടവിലാക്കപ്പെട്ട രണ്ടുപേരെ മോചിപ്പിക്കുന്നതിനായി മദീനയിലെത്തി. അപ്പോൾ സഅ്ദ് ബിൻ അബീവഖാസും, ഉത്ബാ ബിൻ ഗസ്‌വാനും തിരിച്ചെത്തിയിട്ടുണ്ടായിരുന്നില്ല. അവർ ഖുറയ്ശികളുടെ കൈകളിലകപ്പെട്ടു കഴിഞ്ഞാൽ അവരെ ജീവനോടെ വിടുകയില്ല എന്നോർത്ത് നബി(സ) തിരുമേനി ആശങ്കപ്പെട്ടു. അതുകൊണ്ട് അവിടന്ന് അവർ രണ്ടു പേരും തിരിച്ചെത്തുന്നതുവരെ തടവുപുള്ളികളെ വിട്ടുകൊടുത്തില്ല. എന്റെ രണ്ടുപേർ സുരക്ഷിതരായി മദീനയിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ നിങ്ങളുടെ ആളുകളെയും വിട്ടയക്കാം എന്നു പറഞ്ഞു. അങ്ങനെ അവർ രണ്ടുപേരും തിരിച്ചെത്തിയപ്പോൾ ഫിദ്‌യ വാങ്ങി അവരെ വിട്ടയച്ചു. എന്നാൽ, അതിൽ ഒരാൾ സ്വതന്ത്രനാക്കപ്പെട്ടിട്ടും തിരിച്ചുപോകാൻ തയ്യാറായില്ല. മദീനയിൽ താമസിക്കുന്നതിനിടയിൽ നബി(സ)തിരുമേനിയുടെ ഉന്നത സവിശേഷ സ്വഭാവഗുണങ്ങളും ഇസ്‌ലാമിക അധ്യാപനങ്ങളുടെ യാഥാർഥ്യവും അതെത്രമാത്രം അയാളെ സ്വാധീനിച്ചിരുന്നുവെന്നാൽ, പിന്നീട് മുസ്‌ലിമായിക്കൊണ്ട് നബി(സ)തിരുമേനിയുടെ സഹചരന്മാരിൽ ഉൾപ്പെടുകയും ഒടുവിൽ ബിഅ്റെ മഊനയിൽ ശഹീദാകുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)എം.എ. പേജ് 330–334)

മാർഗോലീസ് എന്ന ആക്ഷേപകന് മറുപടി നല്കുന്നതിന് ഇദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണവും പിന്നീട് ഇസ്‌ലാമിനുവേണ്ടി ത്യാഗങ്ങൾ ചെയ്തതും മതിയായതാണ്. പക്ഷേ, ഇക്കാര്യങ്ങളെ ഇവർ അവഗണിക്കുകയാണ്.

ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ ബദ്ർ യുദ്ധത്തിലും തുടർന്നുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുക്കുവാനുള്ള സൗഭാഗ്യമുണ്ടായി. (ഉസുദുൽഗാബ ഫീ തമീസിസ്സ്വഹാബ വാല്യം 3 പേജ് 559, ഉത്ബ ബിൻ ഗസ്‌വാൻ(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ മോചിപ്പിച്ച രണ്ടു അടിമകളായ ഖബ്ബാബിനും സഅ്ദിനും അദ്ദേഹത്തോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചു.(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 2, പേജ് 439, ഖബ്ബാബ് മൗലാ ഉത്ബ ബിൻ ഗസ്‌വാൻ ദാറുൽജീൽ ബേറൂത്ത് 1992) (അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 2, പേജ് 612, സഅ്ദ് മൗലാ ഉത്ബ ബിൻ ഗസ്‌വാൻ ദാറുൽജീൽ ബേറൂത്ത് 1992)

നബി(സ)തിരുമേനിയുടെ നിപുണരായ അമ്പെയ്ത്തുകാരിൽ പെട്ടയാളായിരുന്നു ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 72, മിൻ ഖുലഫാഇ ബനീ നൗഫൽ ബിൻ അബ്ദുമനാഫ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഉത്ബയെ ഹദ്റത്ത് ഉമർ(റ) പേർഷ്യയിൽനിന്നുള്ള ഉബല്ല പ്രദേശത്തെ ആളുകളുമായി യുദ്ധം ചെയ്യുന്നതിന് ബസ്റയിലേക്കയച്ചു. അവരെ യാത്രയാക്കിക്കൊണ്ട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: താങ്കളും താങ്കളുടെ കൂട്ടുകാരും പോകുക. അറേബ്യൻ ഭരണകൂടത്തിന്റെ അവസാന അതിർത്തിയിലും അനറബിരാജ്യത്തിന്റെ തുടക്ക അതിർത്തിയിലും എത്തുക. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്തോടും നന്മയോടുംകൂടി പോകുക. കഴിയുന്നിടത്തോളം അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. കഠിനവിരോധികളുടെ അടുക്കലാണ് പോകുന്നതെന്ന് ഓർക്കുക! പിന്നീട് അദ്ദേഹം പറഞ്ഞു: അർഫജ ബിൻ ഹർഥമ മുഖേന നിങ്ങളെ സഹായിക്കാൻ ഞാൻ അലാ ബിൻ ഹള്റമിയ്ക്ക് എഴുതിയിട്ടുണ്ട്. കാരണം അദ്ദേഹം ശത്രുക്കളുമായി പോരാടുന്നതിൽ അനുഭവപരിചയമുള്ളയാളും യുദ്ധതന്ത്രത്തെ കുറിച്ച് നല്ല വിവരമുള്ള ആളുമാണ്. പിന്നീട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: താങ്കൾ അദ്ദേഹവുമായി കൂടിയാലോചിക്കണം. ജനങ്ങളെ അല്ലഹുവിലേക്ക് വിളിക്കണം. താങ്കൾ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുന്നവരുടെ ഇസ്‌ലാം സ്വീകരിക്കണം. അംഗീകരിക്കാത്തവരുടെ മേൽ കപ്പം ചുമത്തണം. അത് അവർ സ്വയം തങ്ങളുടെ കൈകൊണ്ട് വിനയത്തോടെ നല്കേണ്ടതാണ്. ഇതും അംഗീകരിക്കാത്തവരോടു വാൾകൊണ്ട് പ്രവൃത്തിക്കണം. അതായത് അവരുടെ മതത്തിൽനിന്നുകൊണ്ട് അവിടെ താമസിക്കണം. അവർ കപ്പം നല്കാൻ തയ്യാറല്ലെങ്കിൽ, മുസ്‌ലിമാകാൻ വിസമ്മതിക്കുകയാണെങ്കിൽ, യുദ്ധം ചെയ്യാൻ തയ്യാറാകുകയാണെങ്കിൽ പിന്നീട് അവിടന്ന് പറഞ്ഞു, വാളുകൊണ്ട് പ്രവർത്തിക്കുക. പിന്നെ നിങ്ങളുടേയും ജോലി വാളുകൊണ്ട് പ്രവൃത്തിക്കുക എന്നതാണ്. അറബികളിൽ ആരുടെയൊക്കെ അടുത്തുകൂടെ പോകുന്നുവോ അവരെ ജിഹാദിന് പ്രേരിപ്പിക്കണം. ശത്രുക്കളോടു ജാഗരൂകരായി പെരുമാറണം. നിങ്ങളുടെ റബ്ബായ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കണം.

ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉത്ബായ എണ്ണൂറ് ആളുകളോടൊപ്പമായിരുന്നു ബസ്റയിലേക്ക് അയച്ചത്. പിന്നീട് കൂടുതൽ സഹായങ്ങൾ എത്തിക്കുകയുണ്ടായി. ഹദ്റത്ത് ഉത്ബ, ഉബല്ല പ്രദേശം കീഴടക്കുകയും ബസ്റ പട്ടണത്തിനായി അതിർ നിശ്ചയിക്കുകയും ചെയ്തു. ബസ്റയെ ഒരു പട്ടണമാക്കുകയും അതിനെ ജനനിബിഢമാക്കുകയും ചെയ്ത ആദ്യത്തെ വ്യക്തിയായിരുന്നു അദ്ദേഹം. ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ), ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനെ ബസ്റയുടെ ഭരണാധികാരിയായി നിയമിച്ചപ്പോൾ അദ്ദേഹം 'ഖരീബ' എന്ന പ്രദേശത്തു താമസിക്കുകയായിരുന്നു. ഖരീബ പേർഷ്യയിലെ ഒരു പുരാതന നഗരമായിരുന്നു. അതിനെ ഫാർസി ഭാഷയിൽ 'ദഹ്ശത്താബാസ് ഉർദ്ശിയർ' എന്നു പറയുന്നു. അറബികൾ അതിന് 'ഖരീബ' എന്ന പേരു നല്കി. അതിനടുത്താണ് ജമൽയുദ്ധവും നടന്നത്.

ഹദ്റത്ത് ഉത്ബ(റ), ഹദ്റത്ത് ഉമർ(റ)ന്റെ പേരിലെഴുതിയ കത്തിലെഴുതി: 'മുസ്‌ലിമീങ്ങൾക്കായി ശീതകാലം കഴിച്ചു കൂട്ടുന്നതിനും യുദ്ധം കഴിഞ്ഞു വരുമ്പോൾ തങ്ങുന്നതിനും അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തേണ്ടത് അനിവാര്യമാണ്.' ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിനെഴുതി: 'മുസ്‌ലിമീങ്ങളെ വെള്ളവും, മേച്ചിൽ സ്ഥലവുമുള്ള ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടുക. അതായത് ഇതാണ് പദ്ധതിയെങ്കിൽ വെള്ളവും മൃഗങ്ങൾക്ക് മേയാൻ പറ്റുന്നതുമായ സ്ഥലമായിരിക്കണം. അപ്പോൾ ഹദ്റത്ത് ഉത്ബ(റ) അവരെ ബസ്റയിൽ കൊണ്ടുപോയി താമസിപ്പിച്ചു. മുസ്‌ലിമീങ്ങൾ അവിടെ മുളകൊണ്ട് വീടു നിർമിച്ചു. ഹദ്റത്ത് ഉത്ബ(റ)മുളകൊണ്ട് മസ്ജിദും നിർമിക്കുകയുണ്ടായി. ഹിജ്റ 14-ൽ നടന്ന സംഭവമാണിത്. ഹദ്റത്ത് ഉത്ബ(റ)മസ്ജിദിനോടടുത്ത് തുറന്ന സ്ഥലത്ത് അമീറിനുവേണ്ടി വീടും ഉണ്ടാക്കിച്ചു. ആളുകൾ യുദ്ധത്തിനുവേണ്ടി പുറപ്പെടുമ്പോൾ മുളകൊണ്ടുണ്ടാക്കിയ വീടുകൾ പിഴുതെടുത്ത് കെട്ടിവെക്കുകയും മടങ്ങിവരുമ്പോൾ വീണ്ടും നാട്ടുകയും ചെയ്യുമായിരുന്നു. പിന്നീട് ആളുകൾ അവിടെ കെട്ടുറപ്പുള്ള വീടുകൾ നിർമിക്കാൻ തുടങ്ങി. ഹദ്റത്ത് ഉത്ബ(റ)മിഹ്ജൻ ബിൻ അദ്റഅനോടു കല്പിച്ചു, അദ്ദേഹമാണ് ബസ്റയിലെ ജാമിഅ മസ്ജിദിന് അടിത്തറപാകിയത്, അത് മുളകൾകൊണ്ട് തയ്യാറാക്കിയതും. അതിനുശേഷം ഹദ്റത്ത് ഉത്ബ(റ)ഹജ്ജ് നിർവ്വഹിക്കുന്നതിനായി പോകുകയും മുജാശിഅ് ബിൻ മസ്ഊദിനെ പ്രതിനിധിയായി നിയമിക്കുകയും ചെയ്തു. അദ്ദേഹത്തോടു ഫുറാത്തിലേക്കു നീങ്ങുവാൻ കൽപിച്ചു. നമസ്കാരത്തിന് ഇമാമത്ത് നിർവഹിക്കണമെന്ന് മുഗീറ ബിൻ ശിഅ്ബയോടും കല്പിച്ചു. ഹദ്റത്ത് ഹദ്റത്ത് ഉത്ബ(റ) ഹദ്റത്ത് ഉമർ(റ)ന്റെ അടുക്കൽ എത്തിയപ്പോൾ ബസ്റയുടെ ഭരണാധികാരത്തിൽനിന്ന് രാജിവയ്ക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഇപ്പോൾ തനിക്ക് പ്രവാസമാണെന്നും വേറെയാരെയെങ്കിലും നിശ്ചയിക്കണമെന്നും പറഞ്ഞു. പക്ഷേ, ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചില്ല. നിവേദനത്തിൽ വന്നിരിക്കുന്നു, അപ്പോൾ അദ്ദേഹം ദുആ ചെയ്തു: 'അല്ലാഹുവേ നീ എന്നെ ആ പട്ടണത്തിലേക്കു മടക്കി അയക്കരുതേ.' പിന്നീട് അദ്ദേഹം യാത്രാമൃഗത്തിൽ നിന്ന് വീഴുകയും ഹിജ്റി 17-ൽ നിര്യാതനാകുകയും ചെയ്തു. ഹദ്റത്ത് ഉത്ബ(റ)മക്കയിൽനിന്ന് ബസ്റയിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് ഈ സംഭവമുണ്ടായത്. 'മഅദിൻ ബനീ സുലയിം' എന്നു ആളുകൾ വിളിക്കുന്ന സ്ഥലത്ത് എത്തിയിരുന്നു. മറ്റൊരു വാക്യമനുസരിച്ച് ഹിജ്റ 17-ൽ റബദ എന്ന സ്ഥലത്താണ് അദ്ദേഹം വഫാത്തായത്. മറ്റൊരു അഭിപ്രായവുമുണ്ട്. അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. ഹിജ്റ 17-ൽ 57-ാം വയസ്സിൽ അദ്ദേഹം ബസ്റയിൽ വഫാത്തായെന്നും പറയപ്പെടുന്നു.അദ്ദേഹത്തിന് വയറിന്റെ അസുഖമായിരുന്നു. ചിലർ അദ്ദേഹം വഫാത്തായത് ഹിജ്റ 15 ലാണെന്നും പറയുന്നു. ഹദ്റത്ത് ഉത്ബയുടെ വഫാത്തിനു ശേഷം അദ്ദേഹത്തിന്റെ അടിമ സുവയ്ദ് അദ്ദേഹത്തിന്റെ സാധനങ്ങളും സ്വത്തും ഹദ്റത്ത് ഉമറിന്റെ അടുക്കൽ കൊണ്ടു വന്നു. ഹദ്റത്ത് ഉത്ബ 57 വയസ്സുവരെ ജീവിച്ചു. പൊക്കമുള്ളയാളും സുന്ദരനുമായിരുന്നു അദ്ദേഹം. (ഉസുദുൽഗാബഫീ മഅ്രിഫത്തിസ്സഹാബ വാള്യം 3 പേജ് 559 –560, ഉത്ബ ബിൻ ഗസ്‌വാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(കിതാബുൽ ജമൽ, ഭാഗം 13, നസബ് ബനീ മാസൻ ബിൻ മൻസ്വൂർ, പേജ് 298, വ ഹാശിയ, ദാറുൽ ഫിക്ർ ബേറൂത്ത് 1996)(അത്ത്വബക്കാത്തുൽകുബ്റാ വാള്യം3, പേജ് 73, ഉത്ബ ബിൻ ഗസ്‌വാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഖാലിദ് ബിൻ ഉമയ്ർ അദവി വിവരിക്കുന്നു. ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാൻ(റ) ഞങ്ങളെ സംബോധന ചെയ്തു: അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്തതിനുശേഷം പറഞ്ഞു:'അമ്മാ ബഅ്ദ് താൻ അവസാനിക്കാൻ പോകുന്നുവെന്ന് ലോകം വിളംബരം ചെയ്തു. അത് വേഗം പിന്തിരിഞ്ഞു.' അതായത് ലോകം ഇപ്പോൾ ഖിയാമത്തിലേക്ക് കുതിക്കുകയാണ്. അതിൽ ഒന്നുംതന്നെ അവശേഷിച്ചില്ല. ഗ്ലാസിൽ ബാക്കിയായ കുടിച്ച വെള്ളമല്ലാതെ! നിങ്ങൾ ഇവിടെ നിന്ന് അസ്തമിക്കാത്ത ഒരു ലോകത്തേക്ക് മാറാൻ പോകുന്നവരാണ്. അതായത് ഈ ജീവിതം താൽക്കാലികമാണ്. അതുകൊണ്ട് നിങ്ങളുടെ കൈയിൽ ഉള്ളതിനെക്കാൾ ഉത്തമമായതിലേക്ക് മാറുക. എന്തുകൊണ്ടെന്നാൽ നരകത്തിന്റെ കരയിൽനിന്ന് ഒരു കല്ല് എറിയപ്പെടുമെന്ന് നമ്മോടു പറയപ്പെട്ടിരിക്കുന്നു. പിന്നീട് അത് 70 വർഷംവരെ അതിൽ വീണുകൊണ്ടു പോകും. എന്നാലും അതിന്റെ താഴ്ഭാഗംവരെ എത്തുകയില്ല. അല്ലാഹുവാണ! ആ നരകം തീർച്ചയായും നിറയ്ക്കപ്പെടുന്നതായിരിക്കും. അതായത് പാപികൾ അത്തരം നരകത്തിൽ എറിയപ്പെടുന്നതായിരിക്കും. അതുകൊണ്ട് ഈ ജീവിതത്തിൽനിന്ന് പ്രയോജനമെടുക്കാനുള്ള അവസരമാണ്. നന്മ ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുക. അദ്ദേഹത്തിന്റെ ഉദ്ദേശ്യം ഇതായിരുന്നു. പിന്നീട് പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടുകയാണോ? സ്വർഗത്തിലെ രണ്ടു കവാടങ്ങളിൽ, ഒരു കവാടം മറ്റേതിൽനിന്ന് 40 വർഷത്തെ ദൂരത്തായിരിക്കും. തീർച്ചയായും അതിൽ ഒരു ദിവസം വരും ജനങ്ങളുടെ ആധിക്യംകൊണ്ട് അത് നിറയുന്നതായിരിക്കും. ഞാൻ തന്നെയും കണ്ടു, ഞാൻ നബി(സ)തിരുമേനിയോടൊപ്പം ഏഴിൽ ഒരുവനായിരുന്നു. വൃക്ഷത്തിന്റെ ഇലയല്ലാതെ ഞങ്ങൾക്കൊന്നും തിന്നാനുണ്ടായിരുന്നില്ല. അതായത് വളരെ മോശമായ അവസ്ഥ ഞങ്ങൾക്കു വന്നിരുന്നു. മരങ്ങളുടെ ഇലകളായിരുന്നു ഞങ്ങൾ തിന്നാറുണ്ടായിരുന്നത്. എത്രത്തോളമെന്നാൽ ഞങ്ങളുടെ ചുണ്ടുകൾക്ക് മുറിവേറ്റു.'പിന്നീട് അവിടന്ന് പറയുന്നു: അദ്ദേഹം സ്വന്തം അനുഭവം പറയുകയാണ്, എനിക്ക് ഒരു പുതപ്പു കിട്ടി. അതുകീറി എനിക്കും സഅ്ദിനും വേണ്ടി രണ്ടു കഷണമാക്കി. ഈ അവസ്ഥയായിരുന്നു ഞങ്ങളുടേത്. പൂർണമായും പുതയ്ക്കുന്നതിന് പുതപ്പും ഉണ്ടായിരുന്നില്ല. പകുതികൊണ്ട് എന്റെ ശരീരം പൊതിയുന്നതിന് കാക്കുപ്പായം ഉണ്ടാക്കി; പകുതികൊണ്ട് സഅ്ദും. അദ്ദേഹം പറഞ്ഞു: പക്ഷേ, ഇന്ന് നേരം വെളുക്കുമ്പോൾ നമ്മളിലൊരുവൻ ഏതെങ്കിലും നഗരത്തിന്റെ അമീറായിത്തീരുന്നു. ഞാൻ എന്നെ വലിയവനായി കാണുന്നതിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു. അല്ലാഹുവിന്റെ പക്കൽ വളരെ

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ***
***ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

ചെറിയവനാണ്.' അതുകൊണ്ട് അദ്ദേഹം പറഞ്ഞു: എന്റെ വിനയത്തിന്റെ അവസ്ഥ എന്താണെന്നാൽ, ഞാൻ എന്നെ വളരെ നിസാരനായി മനസ്സിലാക്കുന്നു. അവസ്ഥകൾ ഇപ്പോൾ മാറി. ഐശ്വര്യമുണ്ടായി. അതിനാൽ ഇപ്പോൾ നിങ്ങൾ വളരെയധികം ചിന്തിക്കേണ്ടതാണ്.

പിന്നീട് പറഞ്ഞു, ഭൂതകാലത്ത് ഒരു നുബുവ്വത്തും കഴിഞ്ഞു കടന്നിട്ടില്ല, അതിന്റെ സ്വാധീനം മാഞ്ഞുപോകാതെ. ഏതുവരെയെന്നാൽ അതിന്റെ പര്യവസാനം രാജാധിപത്യമല്ലാതെ. നിങ്ങൾ ഭരണാധികാരികളുടെ യഥാർഥ അവസ്ഥ അറിയണം. നിങ്ങൾക്ക് ഞങ്ങളുടെ കാലശേഷം അനുഭവമുണ്ടാകുന്നതായിരിക്കും.'(സ്വഹീഹ് മുസ്ലിം, കിതബുസ്സുഹ്ദ് വർരിഖാഇഖ് ബാബ് അദ്ദുൻയാ സിജ്നുൻല്ലിൽമുഅ്മിനി വ ജന്നത്തുൻല്ലിൽകാഫിരി)

അവിടന്ന് പറഞ്ഞു: മുസ്ലിമീങ്ങളിലും അത്തരം അവസ്ഥ വന്നുചേരുന്നതായിരിക്കും; ഭൗതികത ഉണ്ടാകുന്നതായിരിക്കും. ആ നേരത്ത് ഞാൻ പറയുന്നത് ശരിയാണോ എന്ന് നിങ്ങൾ നോക്കിക്കോണം. പക്ഷേ, നിങ്ങൾ എപ്പോഴും അല്ലാഹുവിലേക്ക് ശ്രദ്ധവെച്ചു പുലർത്തുന്നവരാകണം. ദീനിലേക്ക് ശ്രദ്ധവെക്കണം. ആത്മീയതയിലേക്ക് ശ്രദ്ധവെക്കണം. അതിലൂടെ സ്വർഗത്തിലേക്കു പോകാനുള്ള സാഹചര്യം ഉണ്ടാകുമായിരിക്കാം.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ). ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)വിന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഹസ്റജിന്റെ ശാഖ ബനൂ സായിദയുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉബാദ ബിൻ ദുലയിം എന്നും മാതാവിന്റെ പേര് അംറ എന്നുമായിരുന്നു. അവർ മസ്ഊദ് ബിൻ ഖയ്സിന്റെ മൂന്നാമത്തെ മകളായിരുന്നു. അദ്ദേഹത്തിന്റെ മാതാവിനും നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഹദ്റത്ത് സയ്ദ് അശ്ഹലിയുടെ മാതൃസഹോദരി പുത്രനായിരുന്നു. അദ്ദേഹം ബദ്രീങ്ങളിൽപ്പെട്ടയാളായിരുന്നു. ഹദ്റത്ത് സഅ്ദ് രണ്ടു വിവാഹം കഴിച്ചിരുന്നു; ഗസിയാ ബിൻത് സഅ്ദിൽനിന്ന് സയീദ്, മുഹമ്മദ്, അബ്ദുർറഹ്മാൻ എന്നിവർ ജനിച്ചു. രണ്ടാമത്തേത് ഫുകയ്ഹ ബിൻത് ഉയ്ദ്. അവരിൽനിന്ന് ഖയ്സ്, ഉമാമ, സദൂസ് എന്നിവർ ജനിച്ചു. (അത്ത്വബക്കാത്തുൽകുബ്റാ വാള്യം 3, പേജ് 460-461, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മൻദൂസ് ബിൻത് ഉബാദ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടെ സഹോദരിയായിരുന്നു. അവർ നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്ത് ഇസ്ലാം സ്വീകരിച്ചു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടെ മറ്റൊരു സഹോദരിയുമുണ്ടായിരുന്നു. അവരുടെ പേര് ലയ്ലാ ബിൻ ഉബാദ എന്നായിരുന്നു. അവരും നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്ത് ഇസ്ലാം സ്വീകരിച്ചു. (അത്ത്വബക്കാത്തുൽകുബ്റാ വാള്യം 8, പേജ് 277, വമിൻ ബനീ സായിദ ബിൻ കഅ്ബ് ബിൻ അൽഖസ്റജ്, മൻദൂസ് ബിൻത് ഉബാദ, ലയ്ലാ ബിൻത് ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ സംജ്ഞാനാമം അബൂഥാബിത് എന്നായിരുന്നു. ചിലർ അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഖയ്സെന്നും വിവരിച്ചിട്ടുണ്ട്. ആദ്യം പറഞ്ഞതാണ് ശരിയായി തോന്നുന്നത്. അതായത് അബൂഥാബിത്. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂ സായിദായുടെ പ്രതിനിധിയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ നേതാവും ധർമ്മിഷ്ഠനുമായിരുന്നു. എല്ലാ യുദ്ധങ്ങളിലും അൻസ്വാറിന്റെ പതാക അദ്ദേഹത്തിന്റെ കൈയിലായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ അൻസ്വാറിൽ പ്രതാപമുള്ളയാളും നായകത്വമുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വം അദ്ദേഹത്തിന്റെ ജനത അംഗീകരിച്ചിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2 പേജ് 441, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

ജാഹിലിയ്യാ കാലത്ത് സഅ്ദ് ബിൻ ഉബായ്ക്ക് അറബി എഴുത്തറിയാമായിരുന്നു. ആ കാലത്ത് എഴുത്തറിയുന്നവർ വളരെ കുറവായിരുന്നു. നീന്തലിലും അമ്പെയ്ത്തിലും പ്രഗത്ഭനായിരുന്നു. ഇക്കാര്യങ്ങളിൽ പ്രാഗത്ഭ്യമുള്ളവർ സമ്പൂർണർ(കാമിൽ) എന്നാണ് പറയപ്പെട്ടിരുന്നത്. ജാഹിലിയ്യ കാലഘട്ടത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും അദ്ദേഹത്തിനുമുമ്പേ അദ്ദേഹത്തിന്റെ പൂർവികന്മാരും തങ്ങളുടെ കോട്ടയിൽനിന്ന് വിളംബരം ചെയ്യിക്കാറുണ്ടായിരുന്നു; മാംസവും കൊഴുപ്പും ഇഷ്ടപ്പെടുന്നവർ ദുലയിം ബിൻ ഹാരിഥയുടെ കോട്ടയിൽ വരിക എന്ന്. ഹിശാം ബിൻ ഉർവ തന്റെ പിതാവിൽ നിന്ന് നിവേദനം: ഞാൻ സഅ്ദ് ബിൻ ഉബാദയെ കാണുന്നത് അദ്ദേഹം തന്റെ കോട്ടയുടെ മുകളിൽ നിന്ന് വിളിക്കുമ്പോഴായിരുന്നു; നിങ്ങളിൽ മാംസവും കൊഴുപ്പും കഴിക്കാനാഗ്രഹിക്കുന്നവർ സഅദുബ്നു ഉബാദയുടെ അടുക്കൽ വരിക. അതായത് മൃഗങ്ങളുടെ മാംസം മുറിപ്പിച്ച് വിതരണം ചെയ്തിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മകനെയും അതുപോലെ ക്ഷണിക്കുന്നത് കണ്ടിട്ടുണ്ട്. പറയുന്നു, ഞാൻ മദീനയിലേക്കുള്ള വഴിയെ നടക്കുകയായിരുന്നു. അന്ന് ഞാൻ യുവാവായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ എന്റെ അടുത്തൂടെ കടന്നുപോകുകയായിരുന്നു. ഹിശാം ബിൻ ഉർവ തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്തു. പറയുന്നു: അക്കാലത്ത് ഞാൻ യുവാവായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ എന്റെ അടുത്തൂടെ കടന്നുപോയി. അദ്ദേഹം മദീനയിൽനിന്ന് നജ്ദിലേക്കുള്ള വഴിയിൽ നാലിനും എട്ടിനും മൈൽ ഇടയിൽ സ്ഥിതിചെയ്യുന്ന ആലിയഹ് എന്ന തന്റെ സ്ഥലത്തേക്ക് പോകുകയായിരുന്നു. അദ്ദേഹം പറഞ്ഞു:ഏ ചെറുപ്പക്കാരാ ഇവിടെ വരിക. അബ്ദുല്ലാഹ് ബിൻ ഉമർ അദ്ദേഹത്തിന്റെ പിതാവിനെ വിളിപ്പിച്ചു. കോട്ട അടുത്തുതന്നെയായിരുന്നു. ഞാൻ കണ്ടു, പറഞ്ഞില്ല. താങ്കൾ സത്യമാണ് പറഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. (അത്ത്വബക്കാത്തുൽകുബ്റാ വാള്യം 3, പേജ് 460-461, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990) (ഉംദത്തുൽഖാരി വാള്യം 16, പേജ് 279, കിതാബു ഫളാഇലുസ്സ്വഹാബ, ദാറു അഹ് യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 2003)

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ കൈ എത്രമാത്രം തുറന്നതായിരുന്നുവെന്നും എങ്ങനെയാണ് അദ്ദേഹം വിതരണം നടത്തിയിരുന്നതെന്നും മനസിലാകുന്നു. പിന്നീട് ആ പ്രവൃത്തി തുടർന്നുപോയില്ല. അതുകൊണ്ടാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ അദ്ദേഹത്തോടു ചോദിച്ചത്.

ഹദ്റത്ത് നാഫിഅ് വിവരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ, ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ കോട്ടയുടെ അടുത്തൂടെ പോയി. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു, നാഫിയേ! ഇത് അദ്ദേഹത്തിന്റെ പൂർവികന്മാരുടെ വീടാണ്. വർഷത്തിൽ ഒരു ദിവസം വിളിച്ചു പറയുന്ന ആൾ ഇങ്ങനെ വിളിച്ചുപറയും, കൊഴുപ്പും ഇറച്ചിയും തിന്നാൻ ഇഷ്ടപ്പെടുന്നവർ ദുലയിമിന്റെ വീട്ടിൽ വരിക. പിന്നീട് ദുലയിം വഫാത്തായി. പിന്നീട് ഉബാദ അങ്ങനെ വിളംബരം ചെയ്യാൻ തുടങ്ങി. ഉബാദ വഫാത്തായപ്പോൾ ഹദ്റത്ത് സഅ്ദ് അങ്ങനെ വിളംബരം ചെയ്തുവന്നു. പിന്നീട് ഞാൻ ഖയ്സ് ബിൻ സഅ്ദ് അങ്ങനെ ചെയ്തിരുന്നതായി കണ്ടു. ഖയ്സ് അതിരുകടന്ന് ധർമം ചെയ്യുന്ന ആളുകളിൽപ്പെട്ടയാളാണ്.(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാള്യം 2, പേജ് 595, സഅ്ദ് ബിൻ ഉബാദ(റ), ദാറുൽ ജീൽ ബേറൂത്ത് 1992)

ഈ നിവേദനത്തിൽ നിന്ന് അദ്ദേഹത്തിന്റെ സന്താനങ്ങൾവരെ ഈ പരമ്പര തുടർന്നുവന്നുവെന്ന് കൂടുതൽ വ്യക്തമായി. അതിനുശേഷം ആ അവസ്ഥ നിലനിന്നില്ല. ഹദ്റത്ത് സഅദ് ബിൻ ഉബാദ രണ്ടാം അഖബ ബയ്അത്തിലാണ് ഇസ്ലാം സ്വീകരിച്ചത്.(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 375, ദാറുൽ ഇശാഅത്ത് കറാച്ചി 2004)

സീറത്തു ഖാതമുന്നബിയ്യീനിൽ ഇതു സംബന്ധമായി ഇപ്രകാരം വിവരിക്കുന്നു: നബവി 13 ദുൽഹജ്ജ് മാസത്തിൽ ഹജ്ജിന്റെ അവസരത്തിൽ ഔസിലെയും ഖസ്റജിലെയും ഒരുപാടാളുകൾ മക്കയിൽ വന്നു. അതിൽ എഴുപത് ആളുകൾ മുസ്ലിമീങ്ങളോ മുസ്ലിമാകാൻ ആഗ്രഹിക്കുന്നവരോ ആയിരുന്നു. നബി(സ)തിരുമേനിയെ കാണുന്നതിനാണ് മക്കയിൽ വന്നത്. മുസ്അബ് ബിൻ ഉമയ്റും അവരോടൊപ്പമുണ്ടായിരുന്നു. മുസ്അബിന്റെ മാതാവ് ജീവിച്ചിരിപ്പുണ്ടായിരുന്നു. അവർ അന്യാരാധകയായിരുന്നുവെങ്കിലും മകനെ അത്യധികം സ്നേഹിച്ചിരുന്നു. അദ്ദേഹം വരുന്നുവെന്ന് അവർ അറിഞ്ഞപ്പോൾ ആദ്യം തന്നെ വന്ന് കാണാൻ അവർ ആരോടോ പറഞ്ഞുവിട്ടു; പിന്നീട് എവിടെയെങ്കിലും പോയാൽ മതിയെന്നും! മുസ്അബ് ബിൻ ഉമയർ മറുപടി നല്കിയത് അതായത് തന്റെ മാതാവിനോടു പറഞ്ഞു, ഞാൻ ഇതുവരെ നബി(സ)തിരുമേനിയെ കണ്ടിട്ടില്ല, അദ്ദേഹത്തെ കണ്ടതിനുശേഷം അവിടെ വരുന്നതാണ്. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്ത് വന്നു. നബി(സ) തിരുമേനിയെ കണ്ടതിനുശേഷം നിർബന്ധാവസ്ഥ പറഞ്ഞ് തന്റെ മാതാവിന്റെ അടുത്തു പോയി. ആദ്യംവന്ന് തന്നെ കണ്ടില്ല എന്നതുകൊണ്ട് മാതാവ് വളരെ ദ്വേഷത്തിലായിരുന്നു. അദ്ദേഹത്തെ കണ്ട് ഒരുപാട് കരഞ്ഞു. പരാതിപ്പെട്ടു. മുസ്അബ് ബിൻ ഉമയർ പറഞ്ഞു: ഉമ്മാ! ഞാൻ നിങ്ങളോടു വളരെ നല്ലൊരു കാര്യം പറയുകയാണ്. അത് നിങ്ങൾക്ക് വളരെ ഗുണം ചെയ്യുന്നതാണ്. മുഴുവൻ കലഹവും അവസാനിക്കുന്നതായിരിക്കും. അതെന്താണ് അവർ ചോദിച്ചു. മുസ്അബ് ബിൻ ഉമയർ പറഞ്ഞു: വളരെ പതുക്കെ മറുപടി നല്കി, ഈ ബിംബാരാധന ഒഴിവാക്കി മുസ്ലിമാകുക. നബി(സ)തിരുമേനിയിൽ വിശ്വസിക്കുക. അവർ കട്ടർ ബിംബാരാധകയായിരുന്നു. കേട്ടുടനെ ബഹളം വെക്കാൻ തുടങ്ങി. നക്ഷത്രങ്ങളെ കൊണ്ടു സത്യം! ഞാൻ നിന്റെ ദീനിൽ പ്രവേശിക്കുകയില്ല. മുസ്അബിനെ പിടിച്ച് തടവിലാക്കാൻ ബന്ധുക്കളോടു ആംഗ്യം കാണിച്ചു. എന്നാൽ, അദ്ദേഹം വളരെ സമർഥനായിരുന്നു, വേഗം ഓടി പുറത്തു ചാടി.

രണ്ടാം അഖബ ബയ്അത്തിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു, നബി(സ)തിരുമേനിക്ക് മുസ്അബി മുഖേന അൻസ്വാറിന്റെ വരവിനെക്കുറിച്ച് അറിവു ലഭിച്ചിരുന്നു. അവരിൽ പലരും നബി(സ)തിരുമേനിയുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തിക്കഴിഞ്ഞവരായിരുന്നു. എന്നാൽ, ഈ അവസരത്തിൽ ഒരുമിച്ച് വ്യത്യസ്തമായൊരു കൂടിക്കാഴ്ച ആവശ്യമായിരുന്നു. അങ്ങനെ ഹജ്ജ് കർമങ്ങൾ പൂർത്തിയായതിനുശേഷം ദുൽഹജ്ജ് മാസത്തിന്റെ മധ്യത്തിൽ ഒരു തിയതി നിശ്ചയിക്കപ്പെട്ടു. നിശ്ചിതദിവസം പാതിരാത്രിയോടടുത്ത സമയത്ത് എല്ലാവരും കഴിഞ്ഞ വർഷം സമ്മേളിച്ച താഴ്‌വാരത്ത് വന്ന് നബി(സ)തിരുമേനിയുമായി കാണുക; അങ്ങനെ സമാധാനത്തോടും ഒരുമിച്ചിരുന്നും സംസാരിക്കുന്നതിനുവേണ്ടി.

നബി(സ)തിരുമേനി കൂട്ടമായി വരരുതെന്ന് അൻസ്വാറിനോടു താക്കീതുചെയ്തു പറഞ്ഞു.

പ്രത്യുത ഓരോരുത്തരായി ഈരണ്ടു പേര്‍ ചേര്‍ന്ന് നിശ്ചിതസമയത്ത് താഴ്‌വരയിലെത്തുക. ഉറങ്ങുന്നവരെ ഉണര്‍ത്തരുത്. സ്ഥലത്തില്ലാത്തവരെ കാത്തു നില്ക്കുകയുമരുത്. സ്ഥലത്തുള്ളവര്‍ മാത്രം വരിക. അങ്ങനെ നിശ്ചിതദിവസം വന്നെത്തിയപ്പോള്‍ നബി(സ)തിരുമേനി രാത്രിയില്‍ വീട്ടില്‍ നിന്ന് തനിച്ച് പുറത്തിറങ്ങി. വഴിയില്‍ വെച്ച് പിതൃസഹോദരനായ അബ്ബാസിനെയും കൂടെ കൂട്ടി. അദ്ദേഹം അപ്പോള്‍ ബഹുദൈവ വിശ്വാസിയായിരുന്നു. എങ്കിലും നബി(സ)തിരുമേനിയോട് സ്നേഹമായിരുന്നു. ഹാശിം കുടുംബത്തിന്റെ നേതാവായിരുന്നു. തുടര്‍ന്ന് രണ്ടു പേരും കൂടി താഴ്‌വാരത്തിലെത്തി. അന്‍സ്വാറും ഓരോരുത്തരായും ഈരണ്ടു പേരായും അവിടെ എത്തിച്ചേര്‍ന്നു. ഇവര്‍ 70 പേരുണ്ടായിരുന്നു. ഔസ്ഗോത്രവും ഖസ്റജ് ഗോത്രവുമായി ബന്ധം വെക്കുന്നവരായിരുന്നു. ഏറ്റവുമാദ്യം അബ്ബാസ് അതായത് പിതൃസഹോദരന്‍ സംസാരിക്കാന്‍ തുടങ്ങി. അല്ലയോ ഖസ്റജിന്റെ സമൂഹമേ! മുഹമ്മദ്(സ) തന്റെ കുടുംബത്തില്‍ ആദരണീയനും പ്രിയപ്പെട്ടവനുമാണ്. ഇന്നുവരെ ആ കുടുംബം അദ്ദേഹത്തിന്റെ ജാമ്യക്കാരായി നിന്നു. എല്ലാ ആപല്‍ഘട്ടങ്ങളിലും അദ്ദേഹത്തിനായി ഞാന്‍ നെഞ്ചു വിരിച്ചു നിന്നു. എന്നാല്‍, ഇപ്പോള്‍ മുഹമ്മദ് തന്റെ സ്വദേശം വിട്ട് നിങ്ങളുടെയടുക്കല്‍ വരുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാല്‍ നിങ്ങള്‍ അദ്ദേഹത്തെ നിങ്ങളോടൊപ്പം കൊണ്ടുപോകുവാന്‍ ആഗ്രഹിക്കുന്നുവെങ്കില്‍ നിങ്ങള്‍ അദ്ദേഹത്തെ എല്ലാതരത്തിലും സംരക്ഷിക്കേണ്ടി വരും. ഏതു ശത്രുവിന്റെ മുന്നിലും നെഞ്ചു വിരിച്ചു നില്‍ക്കേണ്ടിവരും. അതിനു നിങ്ങള്‍ തയ്യാറാണെങ്കില്‍ വളരെ നല്ലത്. അല്ലാത്തപക്ഷം വ്യക്തമായി മറുപടി നല്‍കുക. കാര്യങ്ങള്‍ വ്യക്തമായി പറയുക എന്നത് ഉത്തമമാകുന്നു. അല്‍ബറാഅ് ബിന്‍ മഅ്റൂര്‍, അദ്ദേഹം അന്‍സ്വാര്‍ ഗോത്രത്തിലെ പ്രായം കൂടിയതും സ്വാധീനവുമുള്ള മാന്യനായ ഒരു വ്യക്തിയുമായിരുന്നു. അദ്ദേഹം പറഞ്ഞു: അബ്ബാസേ! താങ്കളുടെ വാക്കുകള്‍ ഞങ്ങള്‍ കേട്ടു. എന്നാല്‍, നബിതിരുമേനിയും തങ്ങളുടെ തിരുനാവുകൊണ്ട് എന്തെങ്കിലും അല്പം സംസാരിക്കണമെന്ന് ഞങ്ങള്‍ ആഗ്രഹിക്കുന്നു. ഞങ്ങളിലര്‍പ്പിക്കാന്‍ പോകുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ച് വിവരിക്കണമെന്നാണ് ഞങ്ങള്‍ ആഗ്രഹിക്കുന്നത്. അപ്പോള്‍ നബി(സ)തിരുമേനി വിശുദ്ധഖുര്‍ആനില്‍ നിന്ന് ചില ആയത്തുകള്‍ തിലാവത്തു ചെയ്തതിനു ശേഷം ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് ലഘു പ്രഭാഷണം നടത്തി. അല്ലാഹുവിനോടും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളെക്കുറിച്ച് വിവരിച്ചു കൊണ്ട് പറഞ്ഞു: 'ഞാന്‍ എനിക്കായി ഇത്രമാത്രമാണ് പറയാന്‍ ആഗ്രഹിക്കുന്നത്. അതായത് ഏതുപോലെ നിങ്ങള്‍ നിങ്ങളുടെ ഉറ്റവരെയും ബന്ധുക്കളെയും സംരക്ഷിക്കുന്നുവോ ആവശ്യഘട്ടങ്ങളില്‍ എന്നോടും അങ്ങനെ പെരുമാറുക.' നബി(സ)തിരുമേനിയുടെ പ്രഭാഷണം തീര്‍ന്നപ്പോള്‍ അല്‍ബറാഅ് ബിന്‍ മഅ്റൂര്‍ അറേബ്യന്‍ രീതിയനുസരിച്ച് അവിടത്തെ കരങ്ങള്‍ സ്വന്തം കൈകളിലെടുത്തുകൊണ്ട് പറഞ്ഞു: 'യാ റസൂലല്ലാഹ്! താങ്കളെ സത്യതയോടെ നിയോഗിച്ചയച്ച അല്ലാഹുവിന്റെ പേരില്‍ സത്യം ചെയ്തുകൊണ്ട് ഞങ്ങള്‍ പറയുകയാണ്, ഞങ്ങള്‍ സ്വന്തം ജീവനെപ്പോലെ താങ്കളെ സംരക്ഷിക്കുന്നതാണ്. വാളിന്റെ തണലിനു കീഴെയാണ് ഞങ്ങള്‍ വളര്‍ന്നത്.' അദ്ദേഹം തന്റെ വാക്കുകള്‍ അവസാനിപ്പിക്കുന്നതിനു മുമ്പേ അബുല്‍ഹയ്ഥം ബിന്‍ തിഹ്യാന്‍ അദ്ദേഹത്തിന്റെ വാക്കുകള്‍ ഭേദിച്ചുകൊണ്ട് പറഞ്ഞു; യാ റസൂലല്ലാഹ്! യഥ്‌രിബിലെ യഹൂദികളുമായി ഞങ്ങള്‍ക്ക് ദീര്‍ഘകാലത്തെ ബന്ധമാണുള്ളത്. താങ്കളെ പിന്തുണയ്ക്കുകയാണെങ്കില്‍ ആ ബന്ധം മുറിഞ്ഞു പോകുന്നതാണ്. അല്ലാഹു താങ്കള്‍ക്ക് വിജയം നല്‍കിക്കഴിഞ്ഞാല്‍ താങ്കള്‍ ഞങ്ങളെ ഉപേക്ഷിച്ച് സ്വദേശത്തേക്ക് തിരിച്ചു പോകരുത്. അങ്ങനെ ഞങ്ങള്‍ അവിടെയും ഇവിടെയും അല്ലാത്ത അവസ്ഥ ഉണ്ടാകരുത്.' നബിതിരുമേനി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇല്ല അങ്ങനെ ഒരിക്കലുമുണ്ടാകില്ല. നിങ്ങളുടെ രക്തം എന്റെ രക്തമാണ്. നിങ്ങളുടെ സുഹൃത്തുക്കള്‍ എന്റെയും സുഹൃത്തുക്കളായിരിക്കും. നിങ്ങളുടെ ശത്രുക്കള്‍ എന്റെയും ശത്രുക്കളായിരിക്കും.' അപ്പോള്‍ അബ്ബാസ് ബിന്‍ ഉബാദ അന്‍സ്വാരി തന്റെ കൂടെയുള്ളവരിലേക്ക് കണ്ണോടിച്ചു കൊണ്ടു പറഞ്ഞു: 'സുഹൃത്തുക്കളേ! ഈ പരസ്പരമുള്ള പ്രതിജ്ഞയുടെ അര്‍ഥമെന്താണെ ന്ന് നിങ്ങള്‍ക്കറിയുമോ? അതിനര്‍ഥം നിങ്ങളിനി കറുത്തവനും വെളുത്തവനുമായ ഓരോരുത്തരോടും പോരാടാന്‍ തയ്യാറായിക്കൊള്ളുക എന്നാണ്.' (അതായത് പല സമൂഹത്തില്‍പ്പെട്ട ആളുകളുമായും പോരാടേണ്ടി വരും). അവര്‍ പറഞ്ഞു: 'അതെ. അല്ലാഹുവിന്റെ റസൂലേ! ഞങ്ങള്‍ക്കതറിയാം. പക്ഷേ, അതിനു പകരമായി ഞങ്ങള്‍ക്കെന്തു ലഭിക്കും?' അവിടന്ന് പറഞ്ഞു: 'നിങ്ങള്‍ക്ക് അല്ലാഹുവിന്റെ പാരിതോഷികങ്ങളില്‍ വച്ചേറ്റവും മികച്ച പാരിതോഷികമായ സ്വര്‍ഗം ലഭിക്കുന്നതാണ്.' എല്ലാവരും ഒറ്റ സ്വരത്തില്‍ പറഞ്ഞു: 'ഞങ്ങള്‍ക്കീ കച്ചവടം സമ്മതമാണ്. അല്ലാഹുവിന്റെ റസൂലേ അങ്ങയുടെ കരങ്ങള്‍ മുമ്പോട്ട് നീട്ടിയാലും.' അവിടന്ന് കൈകള്‍ മുന്നോട്ടുനീട്ടി. ആ എഴുപത് ത്യാഗവര്യന്‍മാരായ സംഘം ഒരു പ്രതിരോധ ഉടമ്പടിക്കായി തങ്ങളെ നബി(സ)തിരുമേനിയുടെ കരങ്ങളില്‍ വില്‍ക്കുകയായിരുന്നു. ഈ ബയ്അത്തിന്റെ പേര്‍ രണ്ടാം അഖബ ബയ്അത്തെ എന്നാണ്.

ഈ ബയ്അത്ത് നടന്നുകഴിഞ്ഞപ്പോള്‍ തിരുമേനി പറഞ്ഞു: 'മൂസാ(അ) തന്റെ സമുദായത്തില്‍ നിന്ന് തന്റെ പ്രതിനിധികളായി പന്ത്രണ്ടു പേരെ നിശ്ചയിച്ചിരുന്നു. അവര്‍ മൂസായുടെ ഭാഗത്തുനിന്നുള്ള അവരുടെ മേല്‍നോട്ടക്കാരും സംരക്ഷകരുമായിരുന്നു. ഞാനും നിങ്ങളില്‍ നിന്ന് പന്ത്രണ്ട് പ്രതിനിധികളെ നിശ്ചയിക്കാന്‍ ആഗ്രഹിക്കുകയാണ്. അവര്‍ നിങ്ങളുടെ മേല്‍നോട്ടം വഹിക്കുന്നവരും സംരക്ഷകരുമായിരിക്കും. മാത്രമല്ല എനിക്കവര്‍ ഈസാ(അ)യുടെ ഹവാരികളെപ്പോലെയായിരിക്കും. എന്റെ മുന്നില്‍ അവര്‍ തങ്ങളുടെ സമൂഹത്തെ സംബന്ധിച്ച് ഉത്തരം പറയേണ്ടവരായിരിക്കും. അതുകൊണ്ട് നിങ്ങളെല്ലാവരും ചേര്‍ന്ന് അവരുടെ പേരുകള്‍ എന്റെ മുന്നില്‍ അവതരിപ്പിക്കുക. അങ്ങനെ പന്ത്രണ്ട് ആളുകളുടെ പേരുകള്‍ നിര്‍ദേശിക്കപ്പെട്ടു. അത് അവിടന്ന് അംഗീകരിക്കുകയും ചെയ്തു. അവരെ ഓരോരോ ഗോത്രത്തിന്റെയും മേല്‍നോട്ടക്കാരായി നിയമിക്കുകയും അവരവരുടെ കടമകള്‍ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. ചില ഗോത്രങ്ങള്‍ക്കുവേണ്ടി ഈരണ്ട് പ്രതിനിധികളെ നിശ്ചയിച്ചു. ഈ പന്ത്രണ്ടു പ്രതിനിധികളെയും നിയമിച്ചുകഴിഞ്ഞപ്പോള്‍ നബിതിരുമേനിയുടെ പിതൃസഹോദരനായിരുന്ന അബ്ബാസ് ബിന്‍ അബ്ദുല്‍മുത്തലിബ് അന്‍സ്വാരിനോടു പറഞ്ഞു: 'ഇത് വളരെ സൂക്ഷിച്ചും സമര്‍ഥമായും കൈകാര്യം ചെയ്യേണ്ടതാണ്. കാരണം ഖുറയ്ശികളുടെ ചാരന്മാര്‍ നാനാഭാഗത്തും കണ്ണും നട്ടിരിക്കുകയാണ്. ഈ സംസാരിക്കുന്നതും ഏറ്റുപറയുന്നതുമായ വാര്‍ത്ത ചോര്‍ന്നുപോകുകയും ബുദ്ധിമുട്ടുണ്ടാകുകയുമരുത്.'

ഈ താക്കീത് ചെയ്തുകൊണ്ടിരിക്കുമ്പോള്‍ താഴ്‌വരയുടെ മുകളില്‍നിന്ന് രാത്രിയുടെ അന്ധകാരത്തില്‍ ഏതോ ശയ്ത്താന്റെ ശബ്ദം കേട്ടു. അതായത് ആരോ ഒളിച്ചിരുന്ന് ചാരപ്പണി നടത്തുകയായിരുന്നു. ഖുറയ്ശികളേ! നിങ്ങള്‍ക്കെന്തെങ്കിലും വിവരമുണ്ടോ? ഇവിടെ (നഊദുബില്ലാഹ്)മുഹമ്മദും അയാളോടൊപ്പമുള്ള മതത്യാഗികളും നിങ്ങള്‍ക്കെതിരില്‍ എന്തെല്ലാം ഉടമ്പടികളാണ് ചെയ്യുന്നത്? ആ ശബ്ദം എല്ലാവരേയും ജാഗരൂകരാക്കി. എന്നാല്‍, നബി(സ)തിരുമേനി തികച്ചും സമാധാനത്തിലിരുന്നു. അവിടന്ന് പറഞ്ഞു, നിങ്ങളെങ്ങനെയാണോ ഓരോരുത്തരും ഈരണ്ടുപേരുമായ വന്നത് അതുപോലെ നിങ്ങളുടെ താമസസ്ഥലത്തേക്ക് മടങ്ങിപ്പോകുക. ഹദ്റത്ത് അബ്ബാസ് ബിന്‍ നള്‌ല അന്‍സ്വാരി പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങള്‍ക്ക് ആരേയും ഭയമില്ല. കല്പന തന്നാല്‍ ഞങ്ങള്‍ ഇന്ന് രാവിലെതന്നെ ഖുറയ്ശികളുടെമേല്‍ ആക്രമണം നടത്തി അവരെ അവരുടെ അക്രമങ്ങളുടെ സ്വാദ് രുചിപ്പിക്കുന്നതാണ്. അവിടന്ന് പറഞ്ഞു: പാടില്ല. എനിക്കിതുവരെ അതിന് അനുവാദം നല്കപ്പെട്ടിട്ടില്ല. നിങ്ങള്‍ ഇത്രമാത്രം ചെയ്യുക ഇപ്പോള്‍ നിങ്ങളുടെ കൂടാരങ്ങളിലേക്ക് നിശബ്ദരായി മടങ്ങിപ്പോകുക. അപ്പോള്‍ എല്ലാവരും ഓരോരുത്തരായും ഈരണ്ടുപേരായും താഴ്‌വരയില്‍നിന്ന് പുറപ്പെട്ടുപോയി.

നബി(സ)തിരുമേനിയും തന്റെ പിതൃവ്യനായ അബ്ബാസിനോടൊപ്പം മക്കയിലേക്ക് തിരിച്ചുവന്നു. ഖുറയ്ശികളുടെ ചെവികളില്‍ മൂളിച്ച പതിഞ്ഞുകഴിഞ്ഞിരുന്നു; ഇങ്ങനെ രഹസ്യയോഗം നടന്നിരിക്കുന്നുവെന്ന്. അവര്‍ നേരം വെളുത്തുടനെ യഥ്‌രിബുകാരുടെ താവളത്തില്‍പോയി. അവരോടു പറഞ്ഞു: നിങ്ങളോടു ഞങ്ങള്‍ക്കുള്ളത് പഴയകാലബന്ധങ്ങളാണ്. ആ ബന്ധങ്ങള്‍ താറുമാറാക്കാന്‍ ഞങ്ങള്‍ ഒരിക്കലും ആഗ്രഹിക്കുന്നില്ല. എന്നാല്‍, കഴിഞ്ഞ രാത്രിയില്‍ മുഹമ്മദിനോടൊപ്പം നിങ്ങളുടെ എന്തോ പ്രതിജ്ഞയോ ഉടമ്പടിയോ നടന്നു. ഇത് എന്താണ് കാര്യം? ഔസില്‍നിന്നും ഖസ്റജില്‍നിന്നുമുള്ള ബിംബാരാധകര്‍ക്ക് ഇതിനെക്കുറിച്ച് വിവരമൊന്നും ഇല്ലായിരുന്നു. അവര്‍ ശരിക്കും അത്ഭുതപ്പെട്ടു. അത്തരം ഒരു സംഭവവും നടന്നിട്ടില്ലെന്ന് പറഞ്ഞു. അവര്‍ വ്യക്തമായും നിഷേധിച്ചു. പിന്നീട് മദീനയിലെ മുനാഫിഖുകളുടെ നേതാവായ അബ്ദുല്ലാഹ് ബിന്‍ ഉബയ്യ് ബിന്‍ സുലൂലും ആ സംഘത്തിലുണ്ടായിരുന്നു. അയാള്‍ പറഞ്ഞു: അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ല. യഥ്‌രിബുകാര്‍ ഞാനറിയാതെ എന്തെങ്കിലും സുപ്രധാന കാര്യം അങ്ങനെ എടുക്കാന്‍ സാധ്യതയുണ്ടോ? അങ്ങനെ ഖുറയ്ശികളുടെ സംശയം അകന്നു. അവര്‍ മടങ്ങിപ്പോയി. അതിന് അല്പം കഴിഞ്ഞ് അന്‍സ്വാറും യഥ്‌രിബിലേക്ക് മടങ്ങിപ്പോയി. പക്ഷേ, അവര്‍ മടങ്ങിപ്പോയതിനുശേഷം ഖുറയ്ശികള്‍ക്ക് എങ്ങനെയോ അങ്ങനെ നടന്നുവെന്ന് മനസിലായി; യഥാര്‍ഥത്തില്‍ മുഹമ്മദുമായി എന്തോ ഉടമ്പടി നടന്നിട്ടുണ്ടെന്ന്! അങ്ങനെ അവരില്‍ ചിലര്‍ യഥ്‌രിബുകാരുടെ പിന്നാലെ പോയി. യാത്രാസംഘം പോയി കഴിഞ്ഞിരുന്നു. എന്നാല്‍, ഏതോ കാരണത്താല്‍ സഅ്ദ് ബിന്‍ ഉബാദ പിന്നിലായിപ്പോയി. അദ്ദേഹത്തെ ഇവര്‍ പിടിച്ചുകൊണ്ടുവന്നു. മക്കയിലെ കല്‍പ്രദേശത്ത് കൊണ്ടുവന്ന് നല്ലവണ്ണം മര്‍ദിച്ചു. തലമുടി പിടിച്ചു വലിച്ചിഴച്ചു. അവസാനം ജുബയ്ര്‍ ബിന്‍ മുത്‌യിമിനും ഹാരിഥ് ബിന്‍ ഹര്‍ബിനും-സഅ്ദിനെ അറിയുന്നവരായിരുന്നു അവര്‍-അറിയിപ്പു കിട്ടി. അവര്‍ അദ്ദേഹത്തെ അക്രമികളായ ഖുറയ്ശികളുടെ കൈയില്‍നിന്ന് വിടുവിച്ചു.(സീറത്ത് ഖാത്തമുന്നബിയ്യീന്‍, ഹദ്റത്ത് സാഹിബ് സാദ മിര്‍സാ ബശീര്‍ അഹ്മദ് സാഹിബ്(റ)എം.എ. പേജ് 227-229. 232-233)

ഹദ്റത്ത് സഅ്ദ് ബിന്‍ ഉബാദയുമായി ബന്ധപ്പെട്ട് ഇനിയും അല്പം പരാമര്‍ശിക്കുവാനുണ്ട്. വരും ഖുത്ബയില്‍ അത് വിവരിക്കുന്നതാണ്. ഇന്‍ശാ അല്ലാഹ്.

# ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ് (അ) വാഗ്ദത്ത മഹ്ദീ മസീഹ്

(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, നവംബർ 2019.
വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്)

വിശുദ്ധപ്രവാചകൻ(സ)നോടുള്ള അനുസരണം ആശ്രയിച്ചിരിക്കുന്നത് വിശുദ്ധഖുർആൻ അറിയുമ്പോഴാണ്. ആ ഗ്രന്ഥത്തെ അനുധാവനം ചെയ്യുന്നതുവഴി മോക്ഷത്തിന്റെ അടയാളങ്ങൾ ഈ ലോകത്തുവെച്ചുതന്നെ പ്രകടമാകുന്നു. പ്രത്യക്ഷവും ഗുപ്തവുമായ വഴികളിലൂടെ ന്യൂനതയുള്ള ആത്മാക്കളെ സമ്പൂർണമാക്കുകയും സംശയങ്ങളിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥം വിശുദ്ധഖുർആൻ മാത്രമാണ്. പ്രത്യക്ഷമായ വഴിയെന്തെന്നാൽ, അതിന്റെ പ്രസ്താവനകളുടെ സത്യതയും നല്ല ആശയങ്ങളും എത്രത്തോളം സുഗ്രഹമാണെന്നാൽ, ബുദ്ധിപരമായ വാദങ്ങൾ മുഖേന ദൈവത്തിലെത്തുന്നതിൽനിന്നും മനുഷ്യരെ തടയുന്ന എല്ലാ സംശയങ്ങളിൽനിന്നും വിമുക്തമാക്കുന്നു. അത്തരം സംശയങ്ങളിൽ കുടുങ്ങി നൂറുക്കണക്കായ വ്യാജകക്ഷികൾ ഉയർന്നുവരികയാണ്. നൂറുക്കണക്കായ വ്യാജസിദ്ധാന്തങ്ങൾ മാർഗഭ്രംശം വന്നവരുടെ ഹൃദയങ്ങളിൽ സ്ഥലം പിടിക്കുകയാണ്. ആധുനിക കാലത്തെ അന്ധകാരം അകറ്റുവാൻ ആവശ്യമായ സത്യത്തിന്റെയും സമഗ്രമായ അധ്യാപനത്തിന്റെയും വെളിച്ചം സൂര്യനെപ്പോലെ തിളങ്ങുകയാണ്. ആത്മാവിന്റെ എല്ലാ രോഗങ്ങൾക്കുമുള്ള ശമനം അതിലുണ്ട്. യഥാർഥമായ ഉൾക്കാഴ്ചയുടെ വിശദീകരണം അതിലുണ്ട്. ഭാവിയിൽ ഏതെങ്കിലും സമയത്ത് അവ വെളിപ്പെട്ടേക്കാം. ദൈവിക ജ്ഞാനത്തിന്റെ ഒരു പോയന്റും അതിൽനിന്ന് വിട്ടുപോയിട്ടില്ല.

ഗുപ്തമായ വഴിയെന്തെന്നാൽ അതിനെ സത്യമായി പിന്തുടരുന്ന മനുഷ്യൻ എല്ലാ ആന്തരിക തിന്മകളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട് ഉന്നതനായ നാഥനുമായി ബന്ധം സ്ഥാപിക്കുന്നു. ദൈവിക സ്വീകാര്യതയുടെ പ്രകാശങ്ങൾ അയാളിൽ ഇറങ്ങാൻ തുടങ്ങുന്നു. ദൈവികാനുഗ്രഹങ്ങളാൽ അയാൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഗതിമുട്ടിയ ഘട്ടങ്ങളിൽ അയാൾ പ്രാർഥിക്കുമ്പോൾ സർവ്വശക്തനായ ദൈവം അവന്റെ സമഗ്രമായ കാരുണ്യവും സഹാനുഭൂതിയും മുഖേന അയാളോടു പ്രതികരിക്കുന്നു. ചിലപ്പോൾ ഇങ്ങനെയും സംഭവിക്കുന്നു. ഒരു വ്യക്തി വിഷമങ്ങളാലും ദുഃഖങ്ങളാലും വലയം ചെയ്യപ്പെട്ട് നിരന്തരം ദുആ ചെയ്യുമ്പോൾ കരുണാവാരിധിയായ ദൈവത്തിൽനിന്ന് സ്നേഹപൂർണമായ പ്രതികരണമുണ്ടാകുന്നു. ഓരോ സമയത്തും വാചാലവും മാധുര്യമുള്ളതും അനുഗൃഹീതവുമായ വാക്കുകളാൽ ദൈവികവെളിപാട് മഴപോലെ വർഷിക്കുന്നു. തന്റെ ഹൃദയം ദൈവസ്നേഹത്താൽ നിറഞ്ഞതായി അയാൾ കണ്ടെത്തുന്നു.

സുതാര്യമായ ഒരു കുപ്പിയിൽ നിറഞ്ഞ സുഗന്ധദ്രവ്യം പോലെയായിരിക്കുമത്. അദ്ദേഹത്തിന് പരിശുദ്ധമായ സ്നേഹത്തിന്റേയും ഔത്സുക്യത്തിന്റേയും പ്രകാശം നൽകപ്പെടുന്നു. അവഞാനെന്ന ഭാവത്തിന്റെ ശക്തമായ ശൃംഖലകൾ ഈ പുകനിറഞ്ഞ അവസ്ഥയിൽനിന്ന് പിടിച്ചുവലിക്കുകയും അദ്ദേഹത്തിന് ഒരു പുതുജീവൻ നല്കുകയും ചെയ്യുന്നു. അവന്റെ പ്രിയങ്കരനിൽനിന്ന് ആശ്വാസദായകമായ മന്ദമാരുതൻ വീശുന്നു. തന്റെ മരണത്തിനു മുമ്പേതന്നെ ദൈവികാനുഗ്രഹങ്ങൾക്ക് സാക്ഷിയാകുന്നു. അവയ്ക്ക് മറ്റു ചിലർ സാക്ഷിയാവുന്നത് പരലോകത്തുവെച്ചാണ്.

ഈ എല്ലാ അനുഗ്രഹങ്ങളും ഏകാന്ത ജീവിതത്തിൽ ചെയ്യുന്ന വ്യായാമങ്ങളേയും ശിക്ഷണങ്ങളേയും ആശ്രയിക്കുന്നില്ല. അവ വിശുദ്ധഖുർആനെ അനുധാവനം ചെയ്യുന്നതു മുഖേനയാണ്. ഓരോ സത്യാന്വേഷിക്കും അവ നേടാൻ സാധിക്കും. അവരുടെ നേട്ടങ്ങൾക്ക് നബി(സ)തിരുമേനിയോടുള്ള സമഗ്രമായ സ്നേഹം ഒരുപാധിയാണ്.

അല്ലാഹുവിന്റെ ദൂതൻ(സ)യോടുള്ള സ്നേഹത്തിന്റെ ഫലമായി ഒരു വ്യക്തി തന്റെ കഴിവിനനുസരിച്ച് ഈ പ്രകാശങ്ങളിൽ ഭാഗഭാക്കാകുന്നു. ഈ പ്രകാശങ്ങൾ വിശുദ്ധപ്രവാചകനിൽ(സ) പരിപൂർത്തി നേടുന്നു. അപ്രകാരം ഒരു സത്യാന്വേഷിക്ക് ഉൾക്കാഴ്ച ലഭിച്ചിട്ടുള്ള ഒരു വ്യക്തി മുഖേന ഈ വിശ്വാസം കൈക്കൊള്ളുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. ദൈവികവചനങ്ങളെ അനുധാവനം ചെയ്യുകയും വിശുദ്ധപ്രവാചകൻ(സ)നോടുള്ള സ്നേഹം വികസിപ്പിക്കുകയും ചെയ്തുകൊണ്ട് നാം ചെയ്ത സത്യപ്രസ്താവനകൾക്ക് സ്വന്തം കണ്ണുകൾകൊണ്ട് സാക്ഷിയാകാവുന്നതാണ്. ഈ ഉദ്ദേശ്യാർഥം ആത്മാർഥമായ ഹൃദയത്തോടുകൂടി നമ്മിലേക്ക് തിരിയുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിലും കാരുണ്യത്തിലും ഭരമേല്പിച്ചുകൊണ്ട് ആ വ്യക്തിക്ക് വഴി കാണിച്ചുകൊടുക്കാൻ നാം തയ്യാറാണ്. എന്നാൽ, ദൈവാനുഗ്രഹവും വ്യക്തിപരമായി ഗ്രഹിക്കാനുള്ള കഴിവും ആവശ്യമാണ്. യഥാർഥ മോക്ഷം നല്ല ആരോഗ്യം പോലെയാണെന്ന കാര്യം ഓർമിക്കുക. നല്ല ആരോഗ്യമുള്ള അവസ്ഥ ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷമാവണം. ആരോഗ്യത്തെ ബാധിക്കുന്ന ഒരു ക്രമക്കേടും ഉണ്ടായിരിക്കരുത്. അതുപോലെ യഥാർഥ മോക്ഷം അതു നേടിയതിന്റെ അടയാളങ്ങൾ കാണിക്കുന്നു. നിലനില്ക്കുന്നുവെന്ന് തെളിയിക്കപ്പെടാൻ അതിന്റെ ഫലവും അങ്ങനെയുള്ള നിലനില്പിന്റെ അവസ്ഥകളും പ്രദർശിപ്പിക്കണം. എന്തെന്നാൽ ഈ ഫലങ്ങളും അവസ്ഥകളും ഇല്ലാതെ അതിന്റെ അസ്തിത്വം സ്ഥാപിക്കാൻ സാധിക്കുകയില്ല. നാം പലപ്രാവശ്യം ചൂണ്ടിക്കാണിച്ചതുപോലെ മോക്ഷത്തിന്റെ സ്ഥാപനത്തിന് ഉപാധികളെന്തെന്നാൽ ദൈവത്തിലേക്ക് മടങ്ങൽ, ദൈവസ്നേഹത്തിന് മേൽക്കോയ്മ എന്നിവ സമഗ്രമായ ഘട്ടത്തിലെത്തണം. ആ വ്യക്തിയുടെ ശ്രദ്ധയും പ്രാർഥനകളും കൂട്ടുചേരലും മുഖേന ഈ ഗുണങ്ങൾ മറ്റു വ്യക്തികളും അവരുടെ ഉൾക്കൊള്ളാനുള്ള കഴിവിനനുസരിച്ച് ഉൽപാദിപ്പിക്കപ്പെടണം. തന്റെ സ്വന്തം വ്യക്തിപരമായ അവസ്ഥയിൽ ആ വ്യക്തിയുടെ ഉൾക്കാഴ്ച എത്രത്തോളം പ്രകാശിതമാവണമെന്നാൽ ഒരു സത്യാന്വേഷകന്റെ ദൃഷ്ടിയിൽ ആ വ്യക്തിയുടെ അനുഗ്രഹങ്ങൾ സ്വയം വ്യക്തമാകും. ആ വ്യക്തിക്ക് എല്ലാതരത്തിലുള്ള പ്രത്യേകതകളും ഉണ്ടാവുകയും ദൈവഭാഷണം മുഖേന ബഹുമാനിക്കപ്പെടുകയും ചെയ്യണം. ദൈവസാമീപ്യം സിദ്ധിച്ചവരുടെ അടയാളങ്ങളാണിവ. ആരുംതന്നെ ജ്യോതിഷക്കാരുടെയും ഭവിഷ്യദ്വാദികളുടെയും പ്രവചനങ്ങളിൽ വഞ്ചിതരാവരുത്. ഈ ആളുകൾക്ക് ദൈവിക മനുഷ്യരെപോലെ പ്രകാശങ്ങളും അനുഗ്രഹങ്ങളുമായി ബന്ധമില്ലാത്തവരാണെന്ന കാര്യം ഓർമിക്കണം. മനുഷ്യോപകരണങ്ങൾക്ക് ശക്തമായ പ്രവചനങ്ങളുമായും ഔദാര്യപൂർണ വാഗ്ദാനമായും ഒരുവിധ ബന്ധവും ഇല്ലെന്നു നാം മുമ്പേ എഴുതിയിട്ടുണ്ട്. അവ പരമസത്യവും വിജയത്തിന്റെയും സഹായത്തിന്റെയും ബഹുമതിയുടെ അന്തസ്സിന്റെ സുവിശേഷണങ്ങൾ നല്കുന്നവയാണ്. ദൈവത്തിന്റെ ആളുകൾക്ക് സർവ്വശക്തനായ ദൈവം എങ്ങനെയുള്ള പ്രകൃതിയാണ് നല്കപ്പെട്ടിട്ടുള്ളതെന്നാൽ, അവരുടെ നോട്ടവും കൂട്ടും ശ്രദ്ധയും പ്രാർഥനകളും പരമോന്നതമായ ശമനം നല്കുന്ന ഗുണങ്ങളടങ്ങിയതാണ്. എന്നാൽ, അതിനവകാശിയാകുന്ന ആൾക്ക് ആവശ്യമായ കഴിവുകളുണ്ടായിരിക്കണം. അങ്ങനെയുള്ള ആളുകൾ അവരവരുടെ പ്രവചനങ്ങൾ വഴി മാത്രമല്ല തിരിച്ചറിയപ്പെടുന്നത്. അവരുടെ ഗ്രാഹ്യശക്തിയുടെ നിധികൊണ്ടും അവരുടെ അസാധാരണമായ സമർപണം(തവക്കുൽ)കൊണ്ടും അവരുടെ സമഗ്രമായ ആത്മാർഥത മുഖേനയും അവരുടെ സ്ഥിരചിത്തത, അവരുടെ ദൈവസ്നേഹം, അവരുടെ ഉത്സാഹം, അവരുടെ അങ്ങേയറ്റത്തെ വിനയഭാവം, അവരുടെ ആത്മാക്കളുടെ പരിശുദ്ധി, ഐഹികലോകത്തോടുള്ള സ്നേഹത്തിന്റെ തിരസ്കരണം, അവരിൽ ഇറങ്ങുന്ന എണ്ണമറ്റ അനുഗ്രഹങ്ങൾ അവ മഴപോലെ അവരുടെമേൽ വർഷിക്കുന്നു. അവർക്ക് ലഭിക്കുന്ന ദൈവിക പിന്തുണ അവരുടെ തുല്യതയില്ലാത്ത സ്ഥൈര്യം ഉന്നതമായ അവരുടെ കൂറ്, തുല്യതയില്ലാത്ത സാത്വികത, പരിശുദ്ധി, അവരുടെ മഹത്തായ തീരുമാനം അവരുടെ മനസ്സിന്റെ വിശാലത എന്നിവകൊണ്ട് അവർ തിരിച്ചറിയപ്പെടുന്നു.

അവരുടെ യഥാർഥ ഉദ്ദേശ്യം പ്രവചനങ്ങളല്ല. അവരുടെ പ്രവചനങ്ങളുടെ ഉദ്ദേശ്യവും അവരിലും അവരുമായി ബന്ധപ്പെട്ടവരിലും ഇറങ്ങാൻ പോകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് മുൻകൂട്ടി പറഞ്ഞുകൊണ്ട് അവർ ദൈവത്തിന്റെ പ്രത്യേക അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാണെന്ന കാര്യം ജനങ്ങളുടെ ശ്രദ്ധയിൽ പെടുത്താനാണ്. ദൈവത്തിൽനിന്ന് തങ്ങൾക്ക് ലഭിക്കുന്ന ആശയവിനിമയം അവരുടെ സത്യത്തിനുള്ള നിർണായകമായ തെളിവും തങ്ങൾ ദൈവത്തിൽനിന്നു ള്ളവരാണെന്നതിനുള്ള സാക്ഷ്യവുമാകുന്നു. ദൈവത്തിൽനിന്ന് വിശുദ്ധാനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്ന ഇവർ എങ്ങനെയുള്ളവരാണെന്നാൽ, ശാശ്വതമായ യുക്തിബോധത്തിന്റേതായ ദൈവികശക്തിയുടെ നിയമം തീരുമാനിച്ചിരിക്കുന്നത് അവരുടെ സിദ്ധാന്തങ്ങളും സത്യവും പരിശുദ്ധവും ആണെന്നും അവ ശരിയായ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്നും അവർക്ക് ദൈവവുമായി ശക്തമായ ഒരു ബന്ധം ഉണ്ടെന്നുമാണ്. ഈ ലോകത്തുനിന്നും അതിലടങ്ങിയ കാര്യങ്ങളിൽനിന്നും പരിപൂർണമായി അവർ വിരക്തിയുള്ളവരാണെന്നുമാണ്. അവരുടെ പ്രകൃതി ദൈവികപ്രകാശത്തിലേക്കും സത്യവിശ്വാസത്തിലേക്കും ചായുന്നു. അവരുടെ ഉന്നത ഗുണങ്ങളുള്ള അസ്തിത്വത്തെ– അതിലെല്ലാം അനുഗ്രഹങ്ങളും അടങ്ങിയിരിക്കുന്നു– ദൗർഭാഗ്യവാന്മാരായ ജ്യേതിഷ്കാരോടും ഭവിഷദ്വാദികളോടും താരതമ്യപ്പെടുത്തുന്നത് പമ്പ

ര വിഡ്ഢിത്തമായിരിക്കും. എന്തെന്നാൽ ഇക്കൂട്ടർക്കു ദൈവവുമായി ഒരുവിധ ബന്ധവുമില്ല. നേരെ മറിച്ച് അവർ സൂര്യനെപ്പോലെയും ചന്ദ്രനെപ്പോലെയും ആകാശീയമായ പ്രകാശങ്ങളാകുന്നു. ദൈവികയുക്തിയുടെ അനന്തമായ പ്രകാശമാണ് അവരെ സൃഷ്ടിച്ചത്. അവർ ലോകത്തു വന്നുകൊണ്ട് അതിനെ പ്രകാശമയമാക്കുന്നു. നമ്മൾ ഒരു കാര്യം ഓർക്കേണ്ടതെന്തെന്നാൽ ശാരീരികമായ ചില രോഗങ്ങൾക്ക് അല്ലാഹു മരുന്നുകൾ സൃഷ്ടിച്ച പ്രകാരം ഈ ലോകത്ത് വളരെ മികവുറ്റ മറുമരുന്നുകളും സൃഷ്ടിച്ചിട്ടുണ്ട്. വിവിധതരം വേദനകൾക്കും അസുഖങ്ങൾക്കുമാണത്. തുടക്കത്തിൽത്തന്നെ ഈ മരുന്നുകളിൽ ചില സവിശേഷതകളും നിക്ഷേപിച്ചിട്ടുണ്ട്. രോഗിയായ ഒരു വ്യക്തി അയാളുടെ രോഗം മരുന്നേശാത്ത വിധമുള്ള അവസ്ഥയിലാണെങ്കിൽ ഈ മരുന്നുകൾ ശരിയായ വിധം ഉപയോഗിച്ചാൽ ശിഫയാക്കുന്നവനായ ദൈവം ഒരളവുവരെ അയാൾക്ക് ആരോഗ്യവും ശക്തിയും നല്കുന്നു. അത് ആ രോഗിയുടെ കഴിവിനും ഉൾക്കൊള്ളാനുള്ള ശക്തിക്കും അനുസരിച്ചായിരിക്കും. അല്ലെങ്കിൽ അയാൾക്ക് പൂർണമായ ശമനം നൽകുന്നു. അതുപോലെ സർവ്വശക്തനായ അല്ലാഹു അനന്തകാലം മുതലേ സ്വീകൃതരായ ആളുകളുടെ പരിശുദ്ധാത്മാക്കളിൽ സവിശേഷതകൾ നിക്ഷേപിച്ചിരിക്കുന്നു. അവരുടെ ശ്രദ്ധ, പ്രാർഥനകൾ, കൂട്ടായ്മ, ഉന്നതമായ തീരുമാനം എന്നിവ ആത്മീയരോഗങ്ങൾക്കുള്ള ശമനമാകുന്നു. അവരുടെ ആത്മാക്കൾ വിവിധ തരത്തിലുള്ള അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നു. ദർശനം, ദൈവഭാഷണം എന്നിവ മുഖേന ആ അനുഗ്രഹം മനുഷ്യകുലത്തിന്റെ മാർഗദർശനത്തിൽ മഹത്തായ ഫലമുളവാക്കുന്നു. ചുരുക്കത്തിൽ ഈ ദൈവികമനുഷ്യർ ദൈവസൃഷ്ടികൾക്ക് കാരുണ്യമാകുന്നു. കാര്യകാരണ ബന്ധത്തിന്റെ ഈ ലോകത്ത് പ്രകൃതിയുടെ ദൈവിക നിയമപ്രകാരം ദാഹിച്ച ഒരു വ്യക്തി ദാഹം ശമിപ്പിക്കാൻ വെള്ളം കുടിക്കുന്നു. വിശന്ന ഒരാൾ വിശപ്പടക്കാൻ ഭക്ഷണം കഴിക്കുന്നു. അതേപ്രകാരം ദൈവികനിയമപ്രകാരം പ്രവാചകന്മാരും അവരുടെ പരിപൂർണ അനുയായികളും ആത്മീയരോഗങ്ങൾ സുഖപ്പെടുത്താനുള്ള വഴിയാകുന്നു. അവരുമായി കൂട്ടുചേർന്നാൽ ഹൃദയങ്ങൾക്ക് സംതൃപ്തി ലഭിക്കുന്നു. മാനുഷികമായ ന്യൂനതകൾ കുറയുന്നു. ഞാനെന്ന ഭാവത്തിന്റെ അന്ധകാരം തുരത്തപ്പെടുന്നു. ദൈവസ്നേഹത്തിന്റെ ഉത്സാഹം തിളച്ചുപൊന്തുന്നു. ആകാശീയമായ അനുഗ്രഹങ്ങൾ പ്രകടമാകുന്നു. അവയില്ലാതെ ഇതൊന്നും നേടാൻ സാധ്യമല്ല. ഇതവരുടെ പ്രത്യേക അടയാളങ്ങളാണ്. അതുമുഖേന അവർ തിരിച്ചറിയപ്പെടുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ ചിന്തിക്കുക. അശ്രദ്ധരാവരുത്.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസാഇൻ, വാല്യം 1, പേജ് 345-356) ഉപഅടിക്കുറിപ്പ്-2)

## വിശുദ്ധഖുർആന്റെ അതുല്യത സൂറഃഫാത്തിഹ കൊണ്ട് തെളിയിക്കപ്പെടുന്നു

പൊതുവായ നന്മക്കുവേണ്ടി, ഒരു ലിഖിതം അല്ലെങ്കിൽ പ്രസംഗം അതുല്യവും ദൈവത്തിൽനിന്നുള്ളതാണെന്നതിനും അർഹമാക്കുന്ന ഒരു ഗുണം നാം പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നു. പിന്നെ നാം വിശുദ്ധഖുർആനിൽനിന്ന് ഒരധ്യായം തിരഞ്ഞെടുക്കുന്നു. നിയമത്തിൽ പ്രതിപാദിച്ച അതുല്യതയുടെ എല്ലാ ഗുണങ്ങളും പൂർണതയും സമഗ്രതയും അതിനുണ്ടെന്ന് നാം തെളിയിക്കുന്നതാണ്. എന്നാൽ, ഈ അതുല്യതയുടെ ഗുണങ്ങൾ ഇനിയും ആരെങ്കിലും സ്വീകരിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ അതിലും മികച്ച ഒരു ലിഖിതമോ പ്രസംഗമോ നല്കേണ്ട ഭാരം അവരിലാണ്. ഒരു ലിഖിതമോ പ്രസംഗമോ പൂർണമായും ദൈവത്തിൽനിന്ന് വന്ന അല്ലെങ്കിൽ ദൈവകരങ്ങളാൽ സൃഷ്ടിക്കപ്പെട്ടതുമായ ഒന്നിനോടു സാമ്യതയുണ്ടെങ്കിൽ അതായത് ദൈവത്താൽ രൂപപ്പെടുത്തപ്പെട്ട എന്തെങ്കിലും ലിഖിതമോ പ്രസംഗമോ ആയി ബാഹ്യമായും ആന്തരികമായും സുഗ്രാഹ്യമാണെങ്കിൽ അങ്ങനെയുള്ള ലിഖിതം അല്ലെങ്കിൽ പ്രസംഗം മനുഷ്യന്റെ കഴിവുകൾക്ക് തുല്യമാക്കാൻ കഴിയില്ലാത്ത ഒരു പദത്തിലായിരിക്കും. അതിനാൽ ഒരു കാര്യം സമ്മതിക്കപ്പെട്ടവിധം തുല്യവും ദൈവത്തിൽനിന്നുള്ളതുമാണെങ്കിൽ പിന്നെ മറ്റെന്തെങ്കിലും അതുല്യതയുടെ ഗുണങ്ങളെ പൂർണമായും പങ്കുവെക്കുന്നതാണെങ്കിൽ അത് സ്വയംതന്നെ അതുല്യമായിരിക്കും. ഉദാഹരണമായി, പത്തുവാര നീളമുള്ള ഏതെങ്കിലും ഒരു സാധനത്തോടു പൂർണമായി യോജിക്കുന്ന മറ്റൊരു സാധനത്തിന്റെ നീളവും പത്തുവാര തന്നെയായിരിക്കും.

## റോസാപുഷ്പം ദൈവസൃഷ്ടിപ്പിന്റെ അത്ഭുതം

ഇനി ദൈവത്തിന്റെ സൃഷ്ടിപ്പിൽനിന്ന് ഒരു മൃദുലമായ സൃഷ്ടിയെ തിരഞ്ഞെടുക്കാം. അതായത് റോസാപുഷ്പം. നാം അതിന്റെ ബാഹ്യവും ആന്തരികവുമായ അത്ഭുതങ്ങൾ പ്രതിപാദിക്കാം. അതുകാരണമായി അതിന് തുല്യമായ ഒന്ന് മനുഷ്യനാൽ സൃഷ്ടിക്കപ്പെടാൻ സാധ്യമല്ലെന്ന കാര്യം സമ്മതിക്കപ്പെട്ടതാണ്. പിന്നെ നാം സൂറഃ ഫാത്തിഹായുടെ മികവുകളും അത്ഭുതങ്ങളും റോസാപുഷ്പത്തിന്റെ അത്ഭുതങ്ങളേക്കാൾ മികവുറ്റതാണെന്ന് തെളിയിക്കാം. ഞാൻ ഈ ഉദാഹരണം തിരഞ്ഞെടുക്കാൻ കാരണമെന്തെന്നാൽ, ഒരവസരത്തിൽ ഞാൻ ഒരു ദർശനത്തിൽ എന്റെ കൈയിൽ സൂറഃ ഫാത്തിഹ ഒരു ഇലയിൽ കണ്ടുവെന്നതാണ്. അതെത്ര മനോഹരവും ആകർഷകവുമായിരുന്നുവെന്നാൽ അത് ആ ലേഖനം രചിക്കപ്പെട്ട കടലാസുനിറയെ മൃദുലമായ റോസാപൂക്കളാൽ നിറഞ്ഞിരുന്നു. അതെണ്ണിക്കണക്കാക്കാൻ വയ്യ. ഞാൻ സൂറഃഫാത്തിഹയുടെ ഏതെങ്കിലും വചനം ഓതിയപ്പോൾ റോസാപൂക്കൾ അനവധി മുകളിലേക്ക് ഒരു ആകർഷണീയമായ ശബ്ദത്തോടെ പറന്നു. ആ റോസാപൂക്കൾ വലുതും മൃദുലവും സുന്ദരവും പുതുമയുള്ളതുമായിരുന്നു. അവ ഉയർന്നുപോകുമ്പോൾ ഹൃദയവും തലച്ചോറും സുഗന്ധപൂരിതമായി. അപ്രതിരോധ്യമായി ലോകത്തിലും അതിലുള്ള വസ്തുക്കളിൽ നിന്നും അകറ്റിക്കൊണ്ടുപോയി. റോസാപ്പൂക്കളുടെ അതുല്യമായ പരമാനന്ദം കാരണമായിരുന്നു ഇത്. ഈ ദർശനത്തിൽനിന്ന് റോസാപൂവിനു സൂറഃഫാതിഹയുമായി ആത്മീയബന്ധമുണ്ടെന്നു എനിക്കു മനസ്സിലായി. അതുകൊണ്ടാണ് ഞാൻ ഈ ഉദാഹരണം തിരഞ്ഞെടുത്തത്. ഒന്നാമതായി ബാഹ്യവും ആന്തരികവുമായ അത്ഭുതങ്ങളുടെ ഉദാഹരണം പ്രതിപാദിക്കാം. പിന്നെ സൂറഃഫാത്തിഹയെ ബാഹ്യവും ആന്തരികവുമായ അത്ഭുതങ്ങളുമായി അതിനെ തുലനം ചെയ്യാം. അതുമുഖേന നീതിബോധമുള്ള ഒരു വായനക്കാരന് റോസാപൂവിൽ കണ്ടെത്തുന്ന ബാഹ്യവും ആന്തരികവുമായ അത്ഭുതങ്ങൾ ആസ്വദിക്കുവാൻ സാധിക്കും. അതുകാരണമായി സമാനമായ ഒന്ന് സൃഷ്ടിക്കുക അസാധ്യമായിരിക്കും. ആ അത്ഭുതങ്ങൾ സൂറഃഫാത്തിഹയിൽ ഉന്നതമായ തോതിൽ കണ്ടെത്തും. അപ്രകാരം ദർശനത്തിൽ എനിക്ക് നല്കപ്പെട്ട ലക്ഷണം ഞാൻ പൂർത്തീകരിക്കും. ഒരു റോസാപൂവ് ദൈവത്തിന്റെ മറ്റു സൃഷ്ടികളെപോലെതന്നെ സംശയത്തിനിടവരുത്താത്ത വിധം മനുഷ്യനുതുല്യമായ ഒന്നു സൃഷ്ടിക്കാൻ കഴിയാത്തവിധമുള്ള ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണെന്നു സമ്മതിക്കപ്പെടും. ഈ വിശേഷങ്ങൾ രണ്ടുവിധത്തിലുണ്ട്. ഒന്ന് അതിന്റെ ആകണത്തിൽ പ്രകടമാകുന്നവ. അതിന്റെ നിറം ആകർഷണീയവും അതിന്റെ മണം ഹൃദയത്തെ സംതൃപ്തമാക്കുന്നതുമാണ്. അതിന്റെ ദളങ്ങൾ മൃദുലവും പുതുമയുള്ളതും വൃത്തിയുള്ളതുമാണ്. രണ്ടാമതായി അതിന് ആന്തരികമായി ചില ഗുണങ്ങളുണ്ട്. അത് ദൈവം നിക്ഷിപ്തമാക്കിയതാണ്. അതിൽ അന്തർലീനമായ ഗുണങ്ങൾ ഹൃദയത്തെ സംതൃപ്തമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അതിന്റെ കഴിവുകളേയും ചേതനകളേയും ഉയർത്തിപ്പിടിക്കുന്നു. വിരേചനൗഷധമായി പ്രവർത്തിക്കുന്ന ആമാശയത്തെ ശക്തിപ്പെടുത്തുന്നു. അതുപോലെ കരളും കിഡ്നികളും, ഞരമ്പുകളും, ഗർഭപാത്രവും ശ്വാസകോശവും ശക്തിപ്പെടുത്തുന്നു. അബോധാവസ്ഥയിലും ഹൃദയത്തിന്റെ ദുർബലാവസ്ഥയിലും സഹായകമാവുന്നു. മറ്റനവധി ശാരീരിക രോഗങ്ങൾ ഭേദപ്പെടാനും സഹായകമാകുന്നു. ഈ രണ്ടുവിധത്തിലുള്ള ഗുണങ്ങൾ കാരണമായി, വിശ്വസിക്കപ്പെടുന്നത് റോസ് എത്രമാത്രം പരിപൂർണമാണെന്നാൽ, ഒരു മനുഷ്യന് നിറത്തിൽ ആകർഷണീയവും സുഗന്ധമുള്ളതും, മൃദുലവും പുതുമയുള്ളതും വ്യക്തമായും റോസാപൂവിനെപോലെ ഒന്ന് നിർമിക്കാൻ സാധ്യമല്ല. മാത്രമല്ല റോസാപൂവിലെ മേൽവിവരിച്ച ഗുണങ്ങൾ മറ്റൊന്നിലും കാണാവതല്ല. എന്തുകൊണ്ടാണ് മനുഷ്യന്റെ കഴിവുകൾക്ക് അതിനു തുല്യമായ ഒന്ന് സൃഷ്ടിക്കാൻ സാധ്യമല്ല എന്നു വിശ്വസിക്കപ്പെടുന്നത് എന്നു ചോദിക്കപ്പെട്ടാൽ, എന്തുകൊണ്ട് മനുഷ്യന് ഈ ബാഹ്യവും ആന്തരികവുമായ ഗുണങ്ങളുടെ ഒരു കൃത്രിമപ്പൂവ് ഉണ്ടാക്കാൻ സാധിക്കില്ല എന്നു ചോദിക്കപ്പെട്ടാൽ അതിനുള്ള ഉത്തരം ഇതു പ്രായോഗികമായി തെളിയിക്കപ്പെടുന്നതാണ് എന്നും ഒരു തത്ത്വജ്ഞാനിക്കോ ഭിഷഗ്വരനോ ഇത്തരം ഔഷധകൂട്ടുണ്ടാക്കാനും ആകാരത്തിലും ഗുണത്തിലും റോസാപ്പൂവിനെപോലെ ഒന്നുല്പാദിപ്പിക്കാൻ കഴിയില്ലെന്നുമാണ്.

തുടരും

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 23-30 January 2020 Issue-4-5

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

സ്ഥമാക്കിയിട്ടുള്ള വരുമാനം നമ്മൾ ഒരിക്കലും അന്യരാജ്യത്ത് കൊണ്ടുപോയിട്ടില്ല. മറിച്ച് നമ്മൾ അതാതു രാജ്യത്തുതന്നെ ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുമുഖേന ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനമുണ്ടാകണം. ഇവിടെ ഗ്വാട്ടിമാലയിലും തികച്ചും അങ്ങനെ തന്നെയായിരിക്കും. ഇൻശാഅല്ലാഹ്. ഇത് ഈ ജനതയെ സേവിക്കുന്നതിന്റെ അവസാനമല്ല. പ്രത്യുത തുടക്കമാണ്. തീർച്ചയായും എന്റെ ദുആ ഉണ്ട്. ഞാൻ പ്രതീക്ഷിക്കുന്നത് ഈ ആശുപത്രി മനുഷ്യന്റെ ക്ഷേമത്തിനും ഗുണത്തിനും വേണ്ടിയുള്ള ധാരാളം പദ്ധതികളിൽ ആദ്യത്തെ പദ്ധതിയായി സ്ഥാപിതമാകും; അത് നമ്മൾ ലോകത്തിന്റെ ഈ ഭാഗത്ത് ആരംഭിക്കുന്നതായിരിക്കും.'

ഹുദൂർ പറഞ്ഞു: 'എന്റെ ദുആയാണ് നമ്മൾ എപ്പോഴും നിർബന്ധകടമയും ഉത്തരവാദിത്വവുമായ മാനവസേവ നിറവേറ്റുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. അല്ലാഹു ഈ ആശുപത്രിയെ എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. അതിന് കൂടുതൽ കൂടുതൽ അഭിവൃദ്ധി നല്കുമാറാകട്ടെ. ഈ ആശുപത്രി മാനവസേവയുടെ തിളക്കമാർന്നൊരു മാതൃകയായിതീരട്ടെ. ഈ ആശുപത്രി രോഗികൾക്ക് സാധ്യമാകുന്നത്ര ചികിത്സ ലഭ്യമാക്കുന്നതാകട്ടെ. ഇവിടെ ജോലി ചെയ്യുന്ന ഡോക്ടർമാർ, ജോലിക്കാർ, ദരിദ്രരും നിരാലംബരുമായവർക്ക് സൗഖ്യം പകരാൻ കഠിനാധ്വാനം ചെയ്യുക. അല്ലാഹു ഡോക്ടർമാരുടെയും മറ്റു മെഡിക്കൽ സ്റ്റാഫുകളുടേയും പരിശ്രമങ്ങളിൽ അനുഗ്രഹം ചൊരിയട്ടെ. തന്റെ കൃപകൊണ്ട് അവരുടെ കൈയിൽ രോഗികൾക്ക് ശമനം വെക്കുമാറാകട്ടെ. ഞാൻ ദുആ ചെയ്യുന്നു. ഈ ആശുപത്രിയുടെ നടത്തിപ്പുകാർ, ചികിത്സിക്കാൻ കഴിവില്ലാത്ത ദരിദ്രരായ ആളുകൾക്ക് ചെലവ് കുറഞ്ഞ നിലയിലും സാധിക്കുന്നിടത്തോളം സൗജന്യ ചികിത്സ ലഭ്യമാക്കാൻ കഴിയട്ടെ. ഈ ആശുപത്രിക്ക് 'നാസിർ ഹോസ്പിറ്റൽ' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. 'നാസിർ' എന്നതിന്റെ ഉദ്ദേശ്യംതന്നെ മറ്റുള്ളവർക്ക് താങ്ങ് നല്കുന്നവൻ എന്നാണ്. മറ്റുള്ളവരെ സഹായിക്കുക എന്നാണ്. ഈ ആശുപത്രി എപ്പോഴും എല്ലാ തരത്തിലും അതിന്റെ പേര് അന്വർഥമാക്കുന്നതാകട്ടെ എന്നു ഞാൻ ദുആ ചെയ്യുന്നു. ഇതൊരു എങ്ങനെയുള്ള സ്ഥാപനമാകണമെന്നാൽ നല്ല നിലവാരം പുലർത്തുന്നതും, എല്ലാത്തിനെക്കാളുപരി സമൂഹത്തിലെ അശരണരായ ആളുകളെ സഹായിക്കുന്നതിൽ ദൃഢനിശ്ചയമുള്ള സ്ഥാപനമെന്ന് അറിയപ്പെടുകയും ചെയ്യുമാറാകട്ടെ.'

ഹുദൂർ പറഞ്ഞു: 'അവസാനം ഞാൻ ദുആ ചെയ്യുകയാണ്. എല്ലാ ആളുകളും വർഗ, വർണ, മതത്തിന്നതീതമായി മനുഷ്യകുലത്തിന്റെ സേവനത്തിന് ഒരുമിക്കുക. സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി സഹായിക്കുന്നവരും സ്നേഹവികാരത്തോടെ പ്രവർത്തിക്കുന്നവരും ആകട്ടെ.

ഇക്കാലത്ത് ലോകം ഒരു ആഗോള ഗ്രാമമായിത്തീർന്നിരിക്കുകയാണ്. സകല ജനതയും പരസ്പരം കൂടിച്ചേർന്നിരിക്കുന്നു. എല്ലാതരത്തിലുള്ള മാർഗങ്ങളും എപ്പോഴും ലഭ്യമാണ്. ഇപ്പോൾ മുമ്പേയുള്ളതിനെക്കാളുപരി എല്ലാ ജനതകളിലും എല്ലാ മതത്തിലും പരസ്പരം സാഹോദര്യവും സ്നേഹവും വളർത്തുകയെന്നത് മനുഷ്യകുലത്തിന്റെ നിർബന്ധ കടമയാണ്. പക്ഷേ, നമ്മൾ നമ്മുടെ സ്നേഹത്തിന്റേയും പ്രീതിയുടേയും നിലവാരം ഉയർത്തുന്നതിനുപകരം അതിന് വിപരീതം പ്രവർത്തിക്കുന്നത് ഖേദകരമാണ്. സ്വാർഥത, അസൂയ, ഈഗോ തുടങ്ങിയവയുടെ അന്തരീക്ഷം സമൂഹത്തെ മുഴുവൻ അതിജയിക്കുന്നു. ഞാൻ ദുആ ചെയ്യുകയാണ്, മനുഷ്യൻ അത്യാഗ്രഹവും സ്വാർഥതയും ഉപേക്ഷിക്കുമാറാകട്ടെ. അതിനുപകരം മനുഷ്യകുലത്തിന്റെ സംരക്ഷണപ്രാധാന്യവും ദൈവസൃഷ്ടികളോടുള്ള പ്രീതിയുടേയും സ്നേഹത്തിന്റേയും സഹതാപത്തിന്റേയും പ്രാധാന്യവും അറിയുന്നവരാകട്ടെ. ഞാൻ വീണ്ടും ദുആ ചെയ്യുകയാണ്. നമ്മൾ നമ്മുടെ ഭാവി സുരക്ഷിതമാക്കിവെക്കുന്നതിന് മാനവസേവനത്തിന്റെ വികാരം എപ്പോഴും സമൂഹത്തിൽ വേരുപിടിച്ച് നില്ക്കുമാറാകട്ടെ. നമ്മുടെ പിന്നിൽ നമ്മുടെ കുട്ടികൾക്കും വരും തലമുറയ്ക്കും താമസിക്കുന്നതിനുവേണ്ടി ഒരു നല്ല ലോകം വിട്ടുപോകാൻ അനുഗ്രഹമുണ്ടാകട്ടെ. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

(തുടരും)

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാലക്കാട്-തൃശൂർ ജില്ലാ സമ്മേളനം

**റിപ്പോർട്ട്: മൗലവി കെ അബ്ദുസ്സലാം തിരുവഴാംകുന്ന്**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പാലക്കാട്-തൃശൂർ ജില്ലാ സമ്മേളനം 2020 ജനുവരി 11 ശനിയാഴ്ച ആലത്തൂർ 'അലിയ മഹൽ' ഓഡിറ്റോറിയത്തിൽ വിജയകരമായി നടന്നു. രാവിലെ 9.30 ന് നാഇബ് നാളിർ ഇസ്‌ലാഹ് വ ഇർശാദ് മൗലാനാ എം നാസിർ അഹ്മദ് സാഹിബ് ഇസ്‌ലാമിന്റെ പതാക ഉയർത്തിയതോടെ സമ്മേളന പരിപാടിക്ക് തുടക്കം കുറിച്ചു. ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) കാഴ്ച വച്ച ജീവിതമാതൃകയിലൂടേയും പ്രാർഥനകളിലൂടേയും മാത്രമേ അസമാധാനനിർഭരമായ ലോകത്തെ സമാധാനത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുകയുള്ളുവെന്ന് അദ്ദേഹം തന്റെ ഉൽഘാടന ഭാഷണത്തിൽ പറഞ്ഞു. മൗലവി അബ് ദുർറഹീം സാഹിബ് മുറിയക്കണ്ണിയുടെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ച സമ്മേളനത്തിൽ പാലക്കാട് ജില്ല അമീർ എച്ച് സുലയ്മാൻ സാഹിബ് അധ്യക്ഷനായി. മൗലവി ഹംസ റിശാൽ സാഹിബ് പദ്യമാലപിച്ചു.

അടുത്ത സെഷനിൽ ഇസ്‌ലാഹ് വ ഇർശാദ് ജില്ല സെക്രട്ടറി എം. അബദുൽ ബശീർ സാഹിബായിരുന്നു അധ്യക്ഷൻ. 'ദുആ സ്വീകാര്യതയുടെ ഈമാൻ ദൃഢഗാഢമാകുന്ന സംഭവങ്ങൾ' 'അഞ്ചുനേര നമസ്കാരം' എന്നീ വിഷയങ്ങളിൽ മൗലവി കെ. അബ്ദുസ്സലാം സാഹിബും മൗലവി കെ മുഹമ്മദ് സലീം സാഹിബും പ്രസംഗിച്ചു.

ഇടവേളയ്ക്കുശേഷം നടന്ന സെഷനിൽ ജില്ല സെക്രട്ടറി കെ ഉണ്ണീൻ സാഹിബ് അധ്യക്ഷനായി. ചേലക്കര ജമാഅത്തംഗം ശരീഫ് അഹ്മദ് സാഹിബ് പദ്യമാലപിച്ചു. 'സാമ്പത്തിക ത്യാഗം' എന്ന വിഷയത്തെ അധികരിച്ച് മൗലവി മുഹമ്മദ് റാഫി സാഹിബ് പ്രഭാഷണം നടത്തി.

ഉച്ച കഴിഞ്ഞു നടന്ന സെഷനിൽ ജില്ലാ അമീർ എം.താജുദ്ദീൻ സാഹിബ് അധ്യക്ഷനായി. മൗലവി ഗുലാം അഹ്മദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിയ്ക്ക് തുടക്കം കുറിച്ചു. 'ഖിലാഫത്തിനോടുള്ള പ്രതിബദ്ധത' എന്ന വിഷയത്തെ അധികരിച്ച് മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. ജില്ലാ അമീർ സുലയ്മാൻ സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും അദ്ദേഹം നന്ദി പറഞ്ഞു. ജീവിതം വഖ്ഫുചെയ്ത് ജമാഅത്തിനുവേണ്ടി നിരവധി ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിക്കുകയും ഇസ്‌ലാമിന് സേവനംചെയ്ത് വിരമിക്കുകയും ചെയ്ത മുറിയക്കണ്ണി പി.മുഹമ്മദ് യൂസുഫ് സാഹിബിനേയും ചേലക്കര മൗലവി മുഹമ്മദുണ്ണി മുസ്‌ലിയാർ സാഹിബിനേയും സമ്മേളനത്തിൽ ആദരിച്ചു. ദുആയോടെ ആ സെഷൻ സമാപിച്ചു.

## വനിതാസമ്മേളനവും പൊതുസമ്മേളനവും

വൈകുന്നേരം 4.15ന് സമ്മേളന ഹാളിൽ ലജ്ന ഇമാഇല്ലാഹ് വനിതാ സമ്മേളനം നടന്നു. കണ്ണൂർ -കാസർഗോഡ് ലജ്ന ഇമാഇല്ലാഹ് ജില്ലാ സ്വദ്ർ ജുവയ്രിയ്യ ഗൗഹർ സാഹിബ സമ്മേളനം ഉൽഘാടനം ചെയതു. 'കുടുംബ ജീവിതത്തിൽ സ്ത്രീകളുടെ കടമകൾ' എന്ന വിഷയത്തിലൂന്നി സി. ഫാത്വിമ സാഹിബ കാവശ്ശേരി പ്രസംഗിച്ചു. മുതിർന്ന ലജ്ന ഇമാഇല്ലാഹ് അംഗങ്ങളെ ആദരിച്ചു. ടി. സോഫിയ സാഹിബ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ബി.എം.റംല സാഹിബ പദ്യമാലപിച്ചു. പാലക്കാട്-തൃശൂർ ജില്ലാ സ്വദ്ർ രഹ്ന കമാൽ സാഹിബ അധ്യക്ഷയായി.

## നബിചരിത്രപൊതുസമ്മേളനം

വൈകുന്നേരം 4.30 മുതൽ ആലത്തൂരിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ പൊതു സമ്മേളനം നടന്നു.

മൗലവി കെ. അബ്ദുൽ ബാസിത് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ പരിപാടികൾ ആരംഭിച്ചു. മൗലാനാ സുൽത്വാൻ നസീർ സാഹിബ് എറണാകുളം മുഖ്യപ്രഭാഷകനായിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ), നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് രചിച്ച അറബി ഖസീദ (അർച്ചനാഗീതം) ബഹുമാന്യനായ മുഹമ്മദുണ്ണി മുസ്‌ലിയാർ ചേലക്കര ശ്രുതിമനോഹരവും കർണാനന്ദകരവുമായ നിലയിൽ ആലപിച്ചു. 6 മണിക്ക് സമ്മേളനം സമാപിച്ചു.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin